T07 91:33

# Indian Registration Act, 1908

[16 of 1908]

MALAYALAM

Price: Rs. 1-5-0.

Gazette No. 17, dated 24th April 1956.
PART I. Section i.

# 1908-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററ്.

(1908-ലെ 16-ാം ആക്ററ്)


ഉള്ളടക്കം.

ഭാഗം 1.

പ്രാരംഭം.

വകുപ്പുകൾ.

1. ചുരുക്കപ്പേരും വ്യാപ്തിയും തുടക്കവും.
2. നിർവ്വചനങ്ങൾ.

ഭാഗം 2.

രജിസ്ട്രേഷൻ എസ്റ്റാബ്ലിഷ്മെൻറിനെപ്പററി.

3. ഇൻസ്പെക്ററർ ജനറൽ ആഫ് രജിസ്ട്രേഷൻ.
4. [റദ്ദാക്കപ്പെട്ടു.]
5. ഡിസ്ട്രിക്ററുകളും സബ്ബ് ഡിസ്ട്രിക്ററുകളും.
6. രജിസ്ട്രാർമാരും സബ്ബ് രജിസ്ട്രാർമാരും.
7. രജിസ്ട്രാരുടെയും സബ്ബ് രജിസ്ട്രാരുടെയും ആഫീസുകൾ
8. രജിസ്റ്റർ കച്ചേരികളിലെ ഇൻസ്പെക്ററർ.
9. [റദ്ദാക്കപ്പെട്ടു.]
10. രജിസ്ട്രാരുടെ അസാന്നിദ്ധ്യമോ ആ ഉദ്യോഗത്തിലെ ഒഴിവോ.
11. തൻെറ ഡിസ്ട്രിക്ററിൽ ഡ്യൂട്ടിയിലിരിക്കയാൽ രജിസ്ട്രാർ ഹാജരാകാതിരിക്കുന്നതു്.
12. സബ്ബ്രജിസ്ട്രാരുടെ അസാന്നിദ്ധ്യമോ ആ ഉദ്യോഗത്തിലെ ഒഴിവോ.
13. ചില നിയമനങ്ങളെപ്പററിയുള്ള റിപ്പോർട്ടു്.
14. രജിസ്റ്റർ കച്ചേരികളിലെ എസ്റ്റാബ്ലിഷ്മെൻറു്.
15. രജിസ്റ്ററിംഗ് ആഫീസറന്മാരുടെ മുദ്ര.
16. രജിസ്റ്റർ പുസ്തകങ്ങളും തീഭയമില്ലാത്ത പെട്ടികളും.

ഭാഗം 3.

രജിസ്റ്ററാക്കാവുന്ന ആധാരങ്ങളെപ്പററി.

17. രജിസ്റ്റർ ചെയ്യേതീരൂ എന്നുള്ള ആധാരങ്ങൾ.
18. മനസ്സുണ്ടെങ്കിൽ രജിസ്റ്ററാക്കാവുന്ന ആധാരങ്ങൾ.
19. രജിസ്റ്ററിംഗ് ആഫീസർക്കു് മനസ്സിലാകാത്ത ഭാഷയിലുള്ള ആധാരങ്ങൾ.
20. ഇടയ്ക്കെഴുതിചേർത്തിരിക്കുകയോ, എഴുതാതെ സ്ഥലം വിട്ടിരിക്കുകയോ, അക്ഷരങ്ങൾ മാച്ചിരിക്കുകയോ, തിരുത്തിയിരിക്കുകയോ ചെയ്തിട്ടുള്ള ആധാരങ്ങൾ.
21. വസ്തുവിവരവും, പടങ്ങളും അഥവാ പ്ലാനുകളും.
22. സർക്കാർ പടങ്ങളോ, സർവ്വേയോ അനുസരിച്ചുവേണം വീടുകളുടേയും സ്ഥലങ്ങളുടേയും വിവരം നൽകേണ്ടതെന്നു

## ഭാഗം 4.

### ഹാജരാക്കേണ്ടുന്ന സമയത്തെപ്പററി.

വകുപ്പുകൾ.

23. ആധാരങ്ങൾ ഹാജരാക്കേണ്ടുന്ന സമയം.
23 (ഏ) ചില ആധാരങ്ങൾ വീണ്ടും രജിസ്റ്ററാക്കുന്നതു
24. പലയാളുകൾ പല സമയത്തു് ഒപ്പിടുന്ന ആധാരങ്ങൾ.
25. ഹാജരാക്കുന്നതിൽ വരുന്ന താമസം അനിവാര്യമായിരുന്നാലുള്ള വ്യവസ്ഥ.
26. [ഇൻഡ്യ]യ്ക്കു് വെളിയിൽ ഒപ്പിടപ്പെട്ട ആധാരങ്ങൾ.
27. മരണശാസനം എപ്പോഴെങ്കിലും ഹാജരാക്കുകയോ അനാമത്തു വയ്ക്കുകയോ ചെയ്യാമെന്നു്.

## ഭാഗം 5.

### രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്ഥലത്തെപ്പററി.

28. ഭൂമി സംബന്ധിച്ച ആധാരങ്ങൾ രജിസ്റ്റർചെയ്യുന്നതിനുള്ള സ്ഥലം.
29. മററാധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്ഥലം.
30. ചില സന്ദർഭങ്ങളിൽ രജിസ്ട്രേഷൻ, രജിസ്ട്രാർ നടത്തണമെന്നു്.
31. വാസസ്ഥലങ്ങളിൽവച്ചു് രജിസ്റ്ററാക്കിക്കൊടുക്കുകയോ, അനാമത്തു വയ്ക്കാനായി സ്വീകരിക്കുകയോ ചെയ്ക.

## ഭാഗം 6.

### ആധാരങ്ങൾ രജിസ്റ്റർ ചെയ്യാനായി ഹാജരാക്കുന്നതിനെപ്പററി.

32. ആധാരങ്ങൾ രജിസ്റ്റർ ചെയ്യാൻ ഹാജരാക്കേണ്ട ആളുകൾ.
33. 32-ാംവകുപ്പിലെ കാര്യങ്ങൾക്കു് മുക്ത്യാർ നാമം അംഗീകരിക്കാമെന്നു്.
34. രജിസ്ട്രേഷനു മുമ്പു് രജിസ്റ്ററിംഗ്ആഫീസർ നടത്തേണ്ട വിചാരണ.
35. ഒപ്പിട്ടു കൊടുത്തതായി സമ്മതിക്കുമ്പോഴും, കൊടുത്തില്ലെന്നു് നിഷേധിക്കുമ്പോഴും യഥാക്രമമുള്ള നടപടി.

## ഭാഗം 7.

### ഒപ്പിട്ടവരേയും സാക്ഷികളേയും വരുത്തുന്നതിനെപ്പററി.

36. ഒപ്പിട്ടുകൊടുത്ത ആളെയോ, സാക്ഷിയെയോ വരുത്തുവാൻ ആഗ്രഹിക്കുമ്പോഴുള്ള നടപടി.
37. സമൻസു് അയച്ചു് നടത്തിക്കേണ്ടതു് ആഫീസറോ കോടതിയോ ആയിരിക്കണമെന്നു്.
38. രജിസ്റ്റർകച്ചേരിയിൽ ഹാജരാകുന്നതിൽനിന്നു് ഒഴിവാക്കപ്പെട്ടവർ.
39. സമൻസു്, കമ്മീഷൻ ഇവയും, സാക്ഷികളേയും സംബന്ധിച്ച നിയമം.

## ഭാഗം 8.

### മരണശാസനം ഹാജരാക്കുന്നതിനേയും ഒത്തെടുക്കുവാനുള്ള അധികാരപത്രങ്ങളേയും പററി.


വകുപ്പുകഠം.

40. മരണശാസനം ഹാജരാക്കാൻ അവകാശപ്പെട്ടവരും ഒത്തെടുക്കാനുള്ള അധികാരപത്രങ്ങളും.
41. മരണശാസനങ്ങളുടേയും ഒത്തെടുക്കുവാനുള്ള അധികാരപത്രങ്ങളുടേയും രജിസ്ട്രേഷൻ.


## ഭാഗം 9.

### മരണശാസനങ്ങഠം അനാമത്തു വയ്ക്കുന്നതിനെപ്പററി.


42. മരണശാസനങ്ങളുടെ അനാമത്തു വയ്പ്.
43. മരണശാസനങ്ങഠം അനാമത്തു വയ്ക്കുന്നതു സംബന്ധിച്ച നടപടി.
44. 42-ംവകുപ്പനുസരിച്ച് അനാമത്തു വച്ച, മുദ്രവച്ച കവർ തിരിയെ എടുക്കുന്നതു്.
45. അനാമത്തു വച്ച ആഠം മരിച്ചാലുള്ള നടപടി.
46. ചില നിയമങ്ങളുടെ ഒഴിവാക്കലും കോടതികളുടെ അധികാരങ്ങളും.


## ഭാഗം 10.

### രജിസ്റ്റർ ചെയ്യുന്നതിൻെറയും ചെയ്യാതിരിക്കുന്നതിൻെറയും നിയമങ്ങളെപ്പററി.


47. രജിസ്റ്റർ ചെയ്ത ആധാരം ഫലിക്കാൻ തുടങ്ങുന്ന സമയം.
48. വസ്തുക്കളെ സംബന്ധിച്ചുള്ള രജിസ്റ്റർചെയ്ത ആധാരങ്ങഠം വാക്കാലുള്ള ഉടമ്പടികഠംക്കെതിരായി ഫലപ്പെടുന്നതു് എപ്പോഴെന്നു്.
49. രജിസ്റ്റർ ചെയ്യേണ്ട ആധാരങ്ങഠം രജിസ്റ്റർ ചെയ്യാതിരുന്നാലുള്ള ഫലം.
50. ഭൂമി സംബന്ധിച്ചതും രജിസ്റ്റർ ചെയ്തതുമായ ചില ആധാരങ്ങഠം രജിസ്റ്റർ ചെയ്യപ്പെടാത്ത ആധാരങ്ങഠംക്കെതിരായി ഊൎജ്ജിതമായി വരുന്നതാണെന്നു്.


## ഭാഗം 11.

### രജിസ്റ്ററിംഗ് ആഫീസറന്മാരുടെ ചുമതലകളേയും അധികാരങ്ങളേയും പററി.


(എ) രജിസ്റ്റർ പുസ്തകങ്ങളേയും സൂചകപത്രങ്ങളേയും കുറിച്ചു്.

51. എല്ലാ കച്ചേരികളിലും വയ്ക്കേണ്ട രജിസ്റ്റർ പുസ്തകങ്ങഠം.
52. ആധാരം ഹാജരാക്കുമ്പോഠം രജിസ്റ്ററിംഗ് ആഫീസർ നിർവ്വഹിക്കേണ്ട ചുമതലകഠം.
53. പതിക്കുന്നതിനൊക്കെയും വഴിക്കുവഴി നമ്പരിടണമെന്നു്.
54. അപ്പപ്പോഴുള്ള സൂചകപത്രങ്ങളും അവയിൽ ചേർക്കാനുള്ള കാര്യങ്ങളും.
55. രജിസ്റ്ററിംഗ് ആഫീസർ തയാറാക്കേണ്ടുന്ന സൂചകപത്രങ്ങളും അവയുടെ ഉള്ളടക്കവും.

വകുപ്പുകൾ.

56. [റദ്ദാക്കപ്പെട്ടു.]

57. രജിസ്റ്ററിംഗ് ആഫീസറന്മാർ ചില പുസ്തകങ്ങളും സൂചകപത്രങ്ങളും നോക്കുവാൻ സമ്മതിക്കണമെന്നും, അവയിൽ ചേർത്തിട്ടുള്ളതിന്റെ ഒപ്പിട്ട പകർപ്പുകൾ കൊടുക്കണമെന്നും.

(ബി) രജിസ്റ്റർ ചെയ്യാനായി കൈക്കൊണ്ടതിന്റെ ശേഷമുള്ള നടപടിയെക്കുറിച്ച്.

58. രജിസ്റ്റർ ചെയ്യാനായി സ്വീകരിക്കപ്പെട്ട ആധാരങ്ങളിൽ പുറത്തെഴുതേണ്ടും വിവരങ്ങൾ.

59. പുറത്തെഴുത്തുകൾ രജിസ്റ്ററിംഗ് ആഫീസർ തീയതി വച്ച് ഒപ്പിടണമെന്ന്.

60. രജിസ്ട്രേഷൻ സർട്ടിഫിക്കററ്.

61. പുറത്തെഴുത്തുകളും സർട്ടിഫിക്കററും പകർത്തിയെടുക്കേണ്ടതും ആധാരം തിരിയെ നൽകേണ്ടതുമാണെന്ന്.

62. രജിസ്റ്ററിംഗ് ആഫീസർക്ക് അറിയാൻ പാടില്ലാത്ത ഭാഷയിലുള്ള ആധാരം ഹാജരാക്കുമ്പോഴുള്ള നടപടി.

63. സത്യവാചകം ചൊല്ലിക്കുവാനും, പ്രസ്താവനകളുടെ സാരം രേഖപ്പെടുത്തുവാനുമുള്ള അധികാരം.

(സി) സബ്ബ് രജിസ്ട്രാരുടെ പ്രത്യേക ചുമതലകൾ.

64. ആധാരം പല സബ്ബ് ഡിസ്ട്രിക്റ്ററുകളിലായി കിടപ്പുള്ള ഭൂമിയെ സംബന്ധിച്ചാണെങ്കിലുള്ള നടപടി.

65. ആധാരം പല ഡിസ്ട്രിക്റ്ററുകളിലായി കിടപ്പുള്ള ഭൂമിയെ സംബന്ധിച്ചാണെങ്കിലുള്ള നടപടി.

(ഡി) രജിസ്ട്രാരുടെ പ്രത്യേക ചുമതലകൾ.

66. ഭൂമിയെ സംബന്ധിക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ കഴിഞ്ഞുള്ള നടപടി.

67. 30-ാം വകുപ്പ് (2)-ാം ഉപവകുപ്പ് അനുസരിച്ച് രജിസ്റ്റർ ചെയ്തതിനു ശേഷമുള്ള നടപടി.

(ഇ) രജിസ്ട്രാറന്മാരുടേയും, ഇൻസ്പെക്ററർ ജനറലിന്റെയും നിയന്ത്രണാധികാരങ്ങളെപ്പററി.

68 സബ്ബ് രജിസ്ട്രാരന്മാരെ മേൽവിചാരം ചെയ്യാനും നിയന്ത്രിക്കുവാനും രജിസ്ട്രാർക്കുള്ള അധികാരം.

69. രജിസ്റ്റർ കച്ചേരികളുടെ മേൽനോട്ടം വഹിക്കുവാനും ചട്ടങ്ങൾ ഉണ്ടാക്കുവാനും ഇൻസ്പെക്ററർ ജനറലിനുള്ള അധികാരം.

70. പിഴ ഇളവുചെയ്‌വാൻ ഇൻസ്പെക്ററർ ജനറലിനുള്ള അധികാരം.

## ഭാഗം 12.

### രജിസ്റ്റർ ചെയ്യുവാൻ വിസമ്മതിക്കുന്നതിനെപ്പററി.

വകുപ്പുകൾ.

71. രജിസ്റ്റർ ചെയ്യുകയില്ലെന്ന് പറയുന്നതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തണമെന്ന്.
72. ഒപ്പിട്ടുകൊടുക്കാൻ നിഷേധിച്ചു എന്നതല്ലാതെ മറെറന്തെങ്കിലും കാരണത്തിന്മേൽ രജിസ്റ്റർ ചെയ്യുവാൻ വിസമ്മതിക്കുന്ന സബ്ബ് രജിസ്ട്രാരുടെ ഉത്തരവിന്മേൽ രജിസ്ട്രാർക്ക് കൊടുക്കപ്പെടുന്ന അപ്പീൽ.
73. ഒപ്പിട്ടുകൊടുക്കാൻ നിഷേധിച്ചു എന്ന കാരണത്തിന്മേൽ രജിസ്റ്റർ ചെയ്യുന്നതിന് സബ്ബ് രജിസ്ട്രാർ വിസമ്മതിക്കുന്നു എങ്കിൽ രജിസ്ട്രാർക്ക് കൊടുക്കപ്പെടുന്ന അപേക്ഷ.
74. ആ അപേക്ഷയിന്മേൽ രജിസ്ട്രാരുടെ നടപടി.
75. രജിസ്റ്റർ ചെയ്യുവാൻ രജിസ്ട്രാർ നൽകുന്ന ഉത്തരവും അതിന്മേലുള്ള നടപടിയും.
76. നിഷേധിച്ചുകൊണ്ട് രജിസ്ട്രാർ നൽകുന്ന ഉത്തരവ്.
77. നിഷേധിച്ചുകൊണ്ട് രജിസ്ട്രാർ ഉത്തരവുനൽകിയാലുള്ള വ്യവഹാരം.

## ഭാഗം 13.

### രജിസ്റ്റർ ചെയ്യാനും തിരഞ്ഞെടുക്കാനും പകർപ്പെടുക്കാനും ഉള്ള ഫീസിനെപ്പററി.

78. ഫീസ് സംസ്ഥാനഗവണ്മെൻറ് നിശ്ചയിക്കണമെന്ന്.
79. ഫീസു വിവരത്തിന്റെ പ്രസിദ്ധീകരണം.
80. ഹാജരാക്കുമ്പോൾ ഫീസ് അടയ്ക്കണമെന്ന്.

## ഭാഗം 14.

### ശിക്ഷകളെപ്പററി.

81. ഉപദ്രവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി തെററായി ആധാരങ്ങളിൽ പുറത്തെഴുത്തു നടത്തുകയോ, ആധാരങ്ങൾ പകർത്തിയെഴുതുകയോ, പരിഭാഷപ്പെടുത്തുകയോ, രജിസ്റ്റർ ചെയ്യുകയോ ചെയ്യുന്നതിനുള്ള ശിക്ഷ.
82. അവാസ്തവപ്രസ്താവനകൾ പുറപ്പെടുവിക്കുന്നതിനും, കള്ളമായ പകർപ്പുകൾ അഥവാ തർജ്ജമകൾ നൽകുന്നതിനും, ആൾമാറാട്ടത്തിനും, കുററം ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശിക്ഷ.
83. രജിസ്റ്ററിംഗ് ആഫീസർക്ക് പ്രോസിക്യൂഷൻ ആരംഭിക്കാമെന്ന്.
84. രജിസ്റ്ററിംഗ് ആഫീസറന്മാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കണമെന്ന്.

## ഭാഗം 15.

### പലവക

വകുപ്പുകൾ.

85. അവകാശപ്പെടാത്ത ആധാരങ്ങൾ നശിപ്പിക്കുന്നതു്.

86. തന്റെ ഉദ്യോഗിക നിലയിൽ ഉത്തമവിശ്വാസത്തോടെ ചെയ്തിട്ടുള്ളതോ, നിശ്ചയിച്ചിട്ടുള്ളതോ ആയ യാതൊന്നിനും രജിസ്റ്ററിംഗ് ആഫീസർ ഉത്തരവാദിയല്ലെന്നു്.

87. അപ്രകാരം ചെയ്യപ്പെട്ട യാതൊന്നുംതന്നെ നിയമനത്തിലോ, നടപടിയിലോ ഉള്ള ന്യൂനതയാൽ അസാധുവാക്കപ്പെടുന്നതല്ലെന്നു്.

88. ഗവണ്മെന്റുദ്യോഗസ്ഥന്മാരോ ചില പൊതുകാര്യഭാരവാഹികളോ ഒപ്പിട്ടുകൊടുക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ.

89. ചില ഉത്തരവുകളും, സാക്ഷ്യപത്രങ്ങളും, കരണങ്ങളും ഇവയുടെ പകർപ്പുകളും രജിസ്റ്ററിങ്ങ് ആഫീസറന്മാർക്ക് അയച്ച് ഫയൽ ചെയ്യുന്നതെന്നു്.

### ആക്ടിൽ നിന്നുള്ള ഒഴിവാക്കൽ.

90. ഗവണ്മെന്റിനാലോ അവർക്കു വേണ്ടിയോ ഒപ്പിട്ടുകൊടുക്കപ്പെടുന്ന ചില ആധാരങ്ങളുടെ ഒഴിവാക്കൽ.

91. അപ്രകാരമുള്ള ആധാരങ്ങളുടെ പരിശോധനയും പകർപ്പുകളും.

92. [റദ്ദാക്കപ്പെട്ടു.]

### റദ്ദാക്കലുകൾ.

93. [റദ്ദാക്കപ്പെട്ടു.]

ഷെഡ്യൂൾ—[റദ്ദാക്കപ്പെട്ടു.]

# 1908-ലെ [ഇൻഡ്യൻ] രജിസ്ട്രേഷൻ ആക്ട്,

## (1908-ലെ 16-ാം ആക്ട്) 1

## [1948 ഡിസംബർ 18]

ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച നിയമങ്ങൾ ഏകീകരിക്കുന്നതിനുള്ള ആക്ട്.

ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ചുള്ള നിയമങ്ങൾ ഏകീകരിക്കുന്നതു യുക്തമായിരിക്കയാൽ, ഇതിനാൽ താഴെ പറയും പ്രകാരം നിയമപ്പെടുത്തുന്നു:—

### ഭാഗം I.

### പ്രാരംഭം

1. ചുരുക്കപ്പേരും വ്യാപ്തിയും തുടക്കവും. (1) ഈ ആക്ടിന്, 1908-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ട് എന്ന പേർ പറയാം.

(2) [ജമ്മു-കാഷ്മീർ സംസ്ഥാനം ഒഴികെയുള്ള ഇൻഡ്യ മുഴവനും ഇതു വ്യാപിക്കുന്നതാണ്:

എന്നാൽ സംസ്ഥാനഗവണ്മെൻറിന് ഏതെങ്കിലും ഡിസ്ട്രിക്ടുകളോ, രാജ്യത്തെ ഏതെങ്കിലും പ്രദേശങ്ങളോ ഇതിൻെറ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.] 2

(3) ഇതു 1909 ജനവരി ആദ്യദിവസം നടപ്പിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ. ഈ ആക്ടിൽ, വിഷയത്തിനൊ സന്ദർഭത്തിനൊ വിപരീതമായി യാതൊന്നും ഇല്ലാത്തപക്ഷം,—

---

1 ഇതു 1917-ലെ (5)-ാം ആക്ടും, 1927-ലെ 10-ാം ആക്ടും, 1938-ലെ 1-ാം ആക്ടും മുഖേന ഭാഗികമായി റദ്ദാക്കപ്പെട്ടു. 1914-ലെ 4-ാം ആക്ടും, 1917-ലെ 15-ാം ആക്ടും, 1920-ലെ 38-ാം ആക്ടും, 1926-ലെ 13-ാം ആക്ടും, 1927-ലെ 2-ാം ആക്ടും, 1929-ലെ 15-ം, 21-ം ആക്ടുകളും, 1940-ലെ 32-ം 33-ം ആക്ടുകളും, 1948-ലെ 39-ാം ആക്ടും, 1937-ലെയും, 1948-ലെയും, 1950-ലെയും എ. ഒ. യും, 1951-ലെ 3-ാമത്തു് പാർട്ടു് ബി സ്റ്റേററ്സ് (നിയമം) ആക്ടും മുഖേന ഭേദഗതി ചെയ്തിട്ടുണ്ട്.

ഈ ആക്ട് പാർട്ടു് ബി സ്റ്റേററുകളിൽ, 1951 ഏപ്രിൽ 1-ാംനു മുതൽ നടപ്പിലാക്കി (ഇൻഡ്യാ ഗവണ്മെൻറ്, ലാ മിനിസ്ട്രി വക 1951-മാർച്ച് 7-ാംനു യിലെ എഫ് 11-3/51 എൽ. നമ്പർ പരസ്യം).

2 1951-ലെ 3-ാമത്തു് പാർട്ടു് ബി സ്റ്റേററസ് (നിയമം) ആക്ടിനാൽ ചേർക്കപ്പെട്ടതു്.

(1) 'വിവരം' എന്ന വാക്കിന്, വിവരിക്കപ്പെട്ടിരിക്കുന്ന ആളിന്റെ താമസസ്ഥലം എന്നും, ജോലിയും വ്യാപാരനിലയും, സ്ഥാനപ്പേരും (വല്ലതും ഉണ്ടെങ്കിൽ) എന്നും, അർത്ഥമാകുന്നതും, [1][ഒരു ഇൻഡ്യാക്കാരൻ] ആണെന്നു വരികിൽ അയാൾക്കുള്ള (ഉള്ളപക്ഷം) ജാതിയും, അയാളുടെ അച്ഛന്റെ പേരും, അല്ലെങ്കിൽ അയാൾ സാധാരണമായി അയാളുടെ അമ്മയുടെ മകനായിട്ടാണ് വിവരിക്കപ്പെടുന്നതെങ്കിൽ അമ്മയുടെ പേരും എന്ന് അർത്ഥമാകുന്നതുമാണ്.

(2) 'പുസ്തകം' എന്നതിൽ ഒരു പുസ്തകത്തിന്റെ ഒരു ഭാഗവും, ഒരു പുസ്തകമോ പുസ്തകത്തിന്റെ ഭാഗമോ ആക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചേർത്തുവച്ചിട്ടുള്ള എത്രയെങ്കിലും എണ്ണം കടലാസുകളും ഉൾപ്പെടുന്നതാണ്.

(3) 'ഡിസ്ട്രിക്റ്റ്' എന്നും 'സബ്ഡിസ്ട്രിക്റ്റ്' എന്നും ഉള്ളതിന്, ഈ ആക്റ്റിൻപ്രകാരം സംഘടിതമായ ഡിസ്ട്രിക്റ്റ് എന്നും, സബ്ഡിസ്ട്രിക്റ്റ് എന്നും യഥാക്രമം അർത്ഥമാകുന്നതാണ്.

(4) 'ഡിസ്ട്രിക്റ്റ് കോടതി' എന്നതിൽ സാധാരണ ആദ്യ സിവിൽ വിചാരണാധികാരമുള്ള ഹൈക്കോടതി ഉൾപ്പെടുന്നതാണ്.

(5) 'പുറത്തെഴുത്ത്' എന്നും 'പുറത്തെഴുതി' എന്നും ഉള്ള വാക്കുകളിൽ, ഈ ആക്റ്റിൻപ്രകാരം രജിസ്റ്റർ ചെയ്യാൻ ഹാജരാക്കപ്പെടുന്ന വല്ല ആധാരത്തിലെയും അനുബന്ധ രേഖയിലോ, ആധാരത്തോടു ചേർത്തിരിക്കുന്ന മേൽമൂടിക്കടലാസുകളിലോ രജിസ്റ്ററിംഗ് ആഫീസർ എഴുതുന്ന കുറിപ്പ് ഉൾപ്പെടുന്നതും, ഈ വാക്കുകൾ ആ കുറിപ്പിനെ സംബന്ധിക്കുന്നതുമാകുന്നു.

(6) 'സ്ഥാവരവസ്തു' എന്നതിൽ ഭൂമിയും, കെട്ടിടങ്ങളും, പാരമ്പര്യമായുള്ള അലവൻസുകളും, വഴികൾക്കോ, വെളിച്ചത്തിനോ, കടവുകൾക്കോ, മീൻ പിടിക്കലിനോ, ഭൂമിയിൽനിന്നുണ്ടാകുന്ന മററു വല്ല അനുഭവത്തിനോ ഉള്ള അവകാശങ്ങളും, ഭൂമിയോടു ചേർന്നവയോ ഭൂമിയോടു ചേർന്ന വല്ലതിനോടും സ്ഥിരമായി ഉറപ്പിക്കപ്പെട്ടവയോ ആയ സാധനങ്ങളും ഉൾപ്പെടുന്നതാകുന്നു; എന്നാൽ നിൽക്കുന്ന തടിയോ, വളരുന്ന വിളകളോ, പുല്ലോ ഉൾപ്പെടുന്നതല്ല.

[(6 എ) 'ഇൻഡ്യ' എന്നാൽ ജമ്മു—കാഷ്മീർ സംസ്ഥാനം ഒഴികെയുള്ള ഇൻഡ്യാ രാജ്യം എന്നർത്ഥമാകുന്നു]. *

(7) 'പാട്ടച്ചീട്ട്' എന്നതിൽ, ഒരു എതിർച്ചീട്ടും, സമ്മത ഉടമ്പടി പത്രവും, കൃഷിചെയ്യാനോ, അനുഭവിക്കാനോ സ്വീകരിക്കപ്പെട്ട കൈച്ചീട്ടും, പാട്ടഉടമ്പടിയും ഉൾപ്പെടുന്നതാണ്.

(8) 'മൈനർ' എന്നാൽ, താൻ ഏതു പ്രത്യേക നിയമത്തിന് വിധേയനായിരിക്കുന്നുവോ ആ നിയമപ്രകാരം പ്രായപൂർത്തിയായിട്ടില്ലാത്ത ആൾ എന്നർത്ഥമാകുന്നു.

---

1 "ഇൻഡ്യാ ദേശക്കാരൻ" എന്ന വാക്കിനു പകരം 1950—ലെ എ. ഒ. പ്രകാരം ചേർക്കപ്പെട്ടത്.

* 1951—ലെ 3-ാമത് പാർട്ട് ബി സ്റ്റേററ്സ് (നിയമം) ആക്റ്റ് മുഖേന ചേർക്കപ്പെട്ടത്.

(9) 'ജംഗമവസ്തു' എന്നതിൽ, നിൽക്കുന്ന തടിയും വളരുന്ന വിളകളും, പുല്ലും, വൃക്ഷങ്ങളുടെ ഫലം, നീരു് ഇവയും, സ്ഥാവരവസ്തു ഒഴിച്ചുള്ള മററെല്ലാവിധ മുതലും ഉൾപ്പെടുന്നു.

(10) 'പ്രതിനിധി' എന്നതിൽ, മൈനറുടെ രക്ഷിതാവും ചിത്തഭ്രമമോ ബുദ്ധിശൂന്യതയോ ഉള്ള ആളെ സംബന്ധിച്ച കമ്മിററിയും അഥവാ മററ നിയമാനുസൃത കൂററുകാരും ഉൾപ്പെടുന്നതാണു്.

(11) *[.............................]

## ഭാഗം 2.

### രജിസ്ട്രേഷൻ എസ്റ്റാബ്ലിഷ്മെൻറിനെപ്പററി.

3. ഇൻസ്പെക്ടർ ജനറൽ ആഫ് രജിസ്ട്രേഷൻ (1) [സംസ്ഥാന ഗവണ്മെൻറു്] ആ ഗവണ്മെൻറിൻെറ അധീനത്തിലുള്ള പ്രദേശങ്ങൾക്കു വേണ്ടി ഇൻസ്പെക്ടർജനറൽ ആഫ് രജിസ്ട്രേഷനായി ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതാണു്:

എന്നാൽ ആ നിയമനം നടത്തുന്നതിനു പകരം, ഇൻസ്പെക്ടർ ജനറലിനു് നൽകപ്പെട്ടിട്ടുള്ളതും അദ്ദേഹത്തിൽ ചുമത്തപ്പെട്ടിട്ടുള്ളതുമായി ഇതിനുശേഷം പറയപ്പെടുന്ന അധികാരങ്ങളും ചുമതലകളും മുഴുവനുമോ ഏതെങ്കിലുമോ, [സംസ്ഥാന ഗവണ്മെൻറു്] ഇക്കാര്യത്തിനായി ഉത്തരവാകുന്ന ഉദ്യോഗസ്ഥൻ അഥവാ ഉദ്യോഗസ്ഥന്മാർ, ആ ഗവണ്മെൻറു് ഉത്തരവാകുന്ന പ്രകാരമുള്ള തദ്ദേശപരിധികൾക്കുള്ളിൽ, വിനിയോഗിക്കുകയും നടത്തുകയും ചെയ്യേണ്ടതാണെന്നു് [സംസ്ഥാനഗവണ്മെൻറിനു്] നിർദ്ദേശിക്കാവുന്നതാണ്.

(2) ഏതു് ഇൻസ്പെക്ടർ ജനറലിനും [ഗവണ്മെൻറിൻെറ കീഴിൽ] മറെറതൊരുദ്യോഗവും ഒരേ സമയം തന്നെ വഹിക്കാവുന്നതാണു്.

4. [സിൻഡിലെ ബ്രാഞ്ചു് ഇൻസ്പെക്ടർ ജനറൽ] 1937-ലെ എ. ഒ. മുഖേന നീക്കം ചെയ്യുതു്.

5. ഡിസ്ട്രിക്ടുകളും സബ്ബ്ഡിസ്ട്രിക്ടുകളും. (1) ഈ ആക്ടിലെ കാര്യങ്ങൾക്കു്, [സംസ്ഥാനഗവണ്മെൻറു്] ഡിസ്ട്രിക്ടുകളും സബ്ബ്ഡിസ്ട്രിക്ടുകളും ഉണ്ടാക്കേണ്ടതും, അപ്രകാരമുള്ള ഡിസ്ട്രിക്ടുകളുടെയും സബ്ഡിസ്ട്രിക്ടുകളുടെയും അതിർത്തികൾ നിർണ്ണയിക്കേണ്ടതും, അവക്കു് അതു ഭേദപ്പെടുത്താവുന്നതുമാകുന്നു.

(2) ഈ വകുപ്പു പ്രകാരം രൂപപ്പെടുത്തുന്ന ഡിസ്ട്രിക്ടുകളും സബ്ഡിസ്ട്രിക്ടുകളും, അവയുടെ അതിരുകളും, ആ അതിരുകളുടെ എല്ലാ ഭേദഗതികളും [ഔദ്യോഗിക ഗസററിൽ] പ്രസിദ്ധപ്പെടുത്തേണ്ടതാകുന്നു.

(3) അപ്രകാരമുള്ള ഓരോ ഭേദഗതിയും, ആ പരസ്യം പ്രസിദ്ധപ്പെടുത്തിയതിനുശേഷം, അതിൽ പറഞ്ഞിരിക്കുന്ന തീയതിക്കു് നടപ്പിലാകുന്നതാണു്.

---

* 1950-ലെ എ. ഒ. പ്രകാരം ചേർത്തു. 1951-ലെ 3-ാമതു പാർട്ടു ബി സ്റ്റേററ്സ് (നിയമം) ആക്ടുപ്രകാരം നീക്കം ചെയ്തു.

6. രജിസ്ട്രാർമാരും സബ്‌രജിസ്ട്രാർമാരും. മേൽപ്പറയപ്പെട്ട പ്രകാരമുണ്ടാക്കിയിട്ടുള്ള വിവിധ ഡിസ്ട്രിക്റ്റുകളിൽ രജിസ്ട്രാർമാരായും വിവിധ സബ്‌ഡിസ്ട്രിക്റ്റുകളിൽ സബ്‌രജിസ്ട്രാർമാരായും പ്രവർത്തിക്കുവാൻ [സംസ്ഥാനഗവണ്മെന്റിന്] യുക്തംപോലെയുള്ളവരെ, അവർ സർക്കാരുദ്യോഗസ്ഥന്മാരായാലും അല്ലെങ്കിലും, നിയമിക്കാവുന്നതാണ്.

[ .... .... .... .... ] *

7. രജിസ്ട്രാരുടെയും സബ്‌രജിസ്ട്രാരുടെയും ആഫീസുകൾ.

(1) ഓരോ ഡിസ്ട്രിക്റ്റിലും രജിസ്റ്റർകച്ചേരി എന്ന പേരിൽ ഒരു ആഫീസും, ഓരോ സബ്‌ഡിസ്ട്രിക്റ്റിലും സബ്‌രജിസ്റ്റർകച്ചേരി എന്നോ ജായിന്റ് സബ്‌രജിസ്ട്രാർമാരുടെ കച്ചേരികൾ എന്നോ പറയപ്പെടുന്ന ആഫീസും അല്ലെങ്കിൽ ആഫീസുകളും [സംസ്ഥാന ഗവണ്മെന്റ്] സ്ഥാപിക്കേണ്ടതാണ്.

(2) ഏതെങ്കിലും രജിസ്റ്റർ കച്ചേരിയോടുകൂടി അവിടത്തെ രജിസ്ട്രാരുടെ കീഴിലുള്ള ഏതെങ്കിലും സബ്‌രജിസ്റ്റർകച്ചേരി [സംസ്ഥാന ഗവണ്മെന്റിന്] ചേർക്കാവുന്നതും, അപ്രകാരം ചേർക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആഫീസിലെ സബ്‌രജിസ്ട്രാരെ, അയാളുടെ സ്വന്തം അധികാരങ്ങൾക്കും ചുമതലകൾക്കും പുറമെ, അയാൾ ഏതു രജിസ്ട്രാരുടെ കീഴിലാണോ ആ രജിസ്ട്രാരുടെ അധികാരങ്ങളും ചുമതലകളും മുഴുവനുമോ ഏതെങ്കിലുമോകൂടി വിനിയോഗിക്കുന്നതിനും നടത്തുന്നതിനും അധികാരപ്പെടുത്താവുന്നതുമാണ്.

എന്നാൽ അപ്രകാരമുള്ള യാതൊരു അധികാരപ്പെടുത്തലും സബ്‌രജിസ്ട്രാർ ഈ ആക്റ്റിൻപ്രകാരം പാസാക്കിയ ഉത്തരവിനെതിരായി അപ്പീൽ കേൾക്കുന്നതിന് അയാളെ ശക്തപ്പെടുത്തുന്നതല്ല.

8. രജിസ്റ്റർകച്ചേരികളിലെ ഇൻസ്പെക്റ്റർ. (1) രജിസ്റ്റർ കച്ചേരികളിലെ ഇൻസ്പെക്റ്റരന്മാർ എന്നു പറയപ്പെടുന്ന ഉദ്യോഗസ്ഥന്മാരെക്കൂടി [സംസ്ഥാനഗവണ്മെന്റിന്] നിയമിക്കാവുന്നതും, ആ ഉദ്യോഗസ്ഥന്മാരുടെ ചുമതലകൾ നിർണ്ണയിക്കാവുന്നതും ആകുന്നു.

(2) അപ്രകാരമുള്ള ഓരോ ഇൻസ്പെക്റ്ററും, ഇൻസ്പെക്റ്റർ ജനറലിന്റെ കീഴിലായിരിക്കുന്നതാണ്.

9. [പട്ടാളപാളയങ്ങൾ സബ്‌ഡിസ്ട്രിക്റ്റുകളോ, ഡിസ്ട്രിക്റ്റുകളോ ആയി പ്രഖ്യാപിക്കാവുന്നതാണ്] 1927-ലെ റദ്ദാക്കലും ഭേദപ്പെടുത്തലും ആക്റ്റ് (1927-ലെ 10), 3-ാംവകുപ്പും, 2-ാംഷെഡ്യൂളും പ്രകാരം റദ്ദാക്കപ്പെട്ടു.

10. രജിസ്ട്രാരുടെ അസാന്നിദ്ധ്യമോ, ആ ഉദ്യോഗത്തിലെ ഒഴിവോ.

(1) ഒരു പ്രസിഡൻസി ടൗൺ ഉൾപ്പെട്ട ഡിസ്ട്രിക്റ്റിലെ രജിസ്ട്രാർ അല്ലാത്ത ഏതെങ്കിലും രജിസ്ട്രാർ, തന്റെ ഡിസ്ട്രിക്റ്റിൽ ഡ്യൂട്ടിയിലല്ലാത്ത വിധം ഹാജരില്ലാതിരിക്കുമ്പോൾ ആകട്ടെ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉദ്യോഗം താൽക്കാലികമായി ഒഴിവായിരിക്കുമ്പോൾ ആകട്ടെ, ഇക്കാര്യത്തിനായി ഇൻസ്പെക്ടർ ജനറൽ നിയമിക്കുന്ന ഏതെങ്കിലുമാളോ,

* 1914-ലെ 4-ാംആക്റ്റ് മുഖേന ഒരു ക്ലിപ്തനിബന്ധന ചേർക്കയും, 1937-ലെ എ. ഒ. പ്രകാരം അതു നീക്കംചെയ്കയും ചെയ്തു.

അപ്രകാരം നിയമിക്കപ്പെടാതിരുന്നാൽ, ഏതൊരു ഡിസ്ട്രിക്ട് കോടതി ജഡ്ജിയുടെ അധികാരപരിധിയിൽപ്പെട്ട തദ്ദേശാതിർത്തികൾക്കുള്ളിലാണോ ആ രജിസ്റ്റർകച്ചേരി സ്ഥിതി ചെയ്യുന്നത് ആ ജഡ്ജിയോ അപ്രകാരമുള്ള അസാന്നിദ്ധ്യത്തിലോ, [സംസ്ഥാനഗവണ്മെൻറ്] ആ ഒഴിവ് പൂരിപ്പിക്കുന്നതുവരെയോ രജിസ്ട്രാരായിരിക്കുന്നതാണ്.

(2) ഒരു പ്രസിഡൻസി ടൗൺ ഉൾപ്പെട്ട ഡിസ്ട്രിക്റ്റിലെ രജിസ്ട്രാർ തന്റെ ഡിസ്ട്രിക്റ്റിൽ ഡ്യൂട്ടിയിലല്ലാത്തവിധം ഹാജരില്ലാതിരിക്കുമ്പോൾ ആകട്ടെ, അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഉദ്യോഗം താൽക്കാലികമായി ഒഴിവായിരിക്കുമ്പോൾ ആകട്ടെ, ഇക്കാര്യത്തിനായി ഇൻസ്പെക്റ്റർ ജനറൽ നിയമിക്കുന്ന ഏതെങ്കിലുമാൾ, അപ്രകാരമുള്ള അസാന്നിദ്ധ്യത്തിലോ, [സംസ്ഥാന ഗവണ്മെൻറ്] ആ ഒഴിവ് പൂരിപ്പിക്കുന്നതുവരെയോ, രജിസ്ട്രാരായിരിക്കുന്നതാണ്.

11. തന്റെ ഡിസ്ട്രിക്റ്റിൽ ഡ്യൂട്ടിയിലിരിക്കയിൽ രജിസ്ട്രാർ ഹാജരാകാതിരിക്കുന്നത്. ഏതെങ്കിലും രജിസ്ട്രാർ തന്റെ ഡിസ്ട്രിക്റ്റിൽ ഡ്യൂട്ടിയിലായിട്ട് സ്വന്തം ആഫീസിൽ ഹാജരില്ലാതിരിക്കുമ്പോൾ, അപ്രകാരം ഹാജരില്ലാതിരിക്കുന്ന കാലത്ത്, 68-ാം, 72-ാം വകുപ്പുകളിൽ പറഞ്ഞിരിക്കുന്നവയൊഴികെയുള്ള രജിസ്ട്രാരുടെ എല്ലാ ജോലികളും നടത്തുന്നതിനുവേണ്ടി, അദ്ദേഹത്തിന് തന്റെ ഡിസ്ട്രിക്റ്റിലുള്ള ഏതെങ്കിലും സബ്‌രജിസ്ട്രാറെയോ, മറ്റേതെങ്കിലും ആളെയോ നിയമിക്കാവുന്നതാണ്.

12. സബ്‌രജിസ്ട്രാരുടെ, അസാന്നിദ്ധ്യമോ, ആ ഉദ്യോഗത്തിലെ ഒഴിവോ. ഏതെങ്കിലും സബ്‌രജിസ്ട്രാർ ഹാജരില്ലാതിരിക്കുമ്പോൾ ആകട്ടെ, അദ്ദേഹത്തിന്റെ ഉദ്യോഗം താൽക്കാലികമായ ഒഴിവായിരിക്കുമ്പോഴാകട്ടെ, ഇക്കാര്യത്തിനായി ഡിസ്ട്രിക്റ്റ് രജിസ്ട്രാർ നിയമിക്കുന്ന ഏതെങ്കിലും ആൾ അപ്രകാരമുള്ള അസാന്നിദ്ധ്യത്തിലോ, [ആ ഒഴിവ് പൂരിപ്പിക്കപ്പെടുന്നതു † 1 വരെയോ] സബ്‌രജിസ്ട്രാരായിരിക്കുന്നതാണ്.

13. ചില നിയമനങ്ങളെപ്പറ്റിയുള്ള റിപ്പോർട്ട്. (1) [........]† 2 10-ാംവകുപ്പോ, 11-ാംവകുപ്പോ, 12-ാംവകുപ്പോ പ്രകാരം നടത്തുന്ന എല്ലാ നിയമനങ്ങളും ഇൻസ്പെക്ടർ ജനറൽ [സംസ്ഥാന ഗവണ്മെൻറിലേയ്ക്കു] റിപ്പോർട്ടു ചെയ്യേണ്ടതാണ്.

(2) ആ റിപ്പോർട്ട് [സംസ്ഥാനഗവണ്മെൻറ്] നിർദ്ദേശിക്കുന്നതുപോലെ പ്രത്യേകമായോ പൊതുവായോ ഉള്ളതായിരിക്കണം. [...............] † 3.

---

† (1) "തദ്ദേശഗവണ്മെൻറ് ആ ഒഴിവ് പൂരിപ്പിക്കുന്നതു" എന്ന വാക്കുകൾക്ക പകരം 1914-ലെ 4-ാം ആക്റ്റ പ്രകാരം ചേർക്കപ്പെട്ടതു.

† (2) "6-ാംവകുപ്പു പ്രകാരം ഇൻസ്പെക്ടർ ജനറൽ നടത്തുന്ന എല്ലാ നിയമനങ്ങളും" എന്ന വാക്കുകൾ 1914-ലെ 4-ാം ആക്റ്റപ്രകാരം ചേർക്കപ്പെടുകയും, 1937-ലെ ഏ. ഒ. പ്രകാരം നീക്കപ്പെടുകയും ചെയ്തു.

† (3) ഇതു 1937-ലെ ഏ. ഒ. പ്രകാരം റദ്ദാക്കപ്പെട്ടു.

14. രജിസ്റ്റർകച്ചേരികളിലെ എസ്റ്റാബ്ലിഷ്മെൻറ്. (1) [.....................] †[1].

(2) ഈ ആക്റ്റിൻപ്രകാരമുള്ള എല്ലാ ആഫീസുകൾക്കും ഉചിതമായ എസ്റ്റാബ്ലിഷ്മെൻറ് [സംസ്ഥാനഗവണ്മെൻറിനു] അനുവദിക്കാവുന്നതാണ്.

15. രജിസ്റ്ററിംഗ് ആഫീസരന്മാരുടെ മുദ്ര:—എല്ലാ രജിസ്ത്രാർമാരും, സബ്‌രജിസ്ത്രാർമാരും, ഇംഗ്ലീഷിലും, [സംസ്ഥാനഗവണ്മെൻറ്] നിർദ്ദേശിക്കുന്ന മററു ഭാഷയിലും താഴെ കാണുന്ന വാക്കുകൾ കൊത്തിയിട്ടുള്ള മുദ്ര ഉപയോഗിക്കേണ്ടതാകുന്നു:—"......................രജിസ്ത്രാരുടെ (അല്ലെങ്കിൽ സബ്ബ്‌രജിസ്ത്രാരുടെ) മുദ്ര".

16. രജിസ്റ്റർപുസ്തകങ്ങളും തീഭയമില്ലാത്ത പെട്ടികളും:—(1) ഈ ആക്റ്റിൻെറ കാര്യങ്ങൾക്കാവശ്യമായ പുസ്തകങ്ങൾ ഓരോ രജിസ്റ്ററിംഗ് ആഫീസരുടെ ആഫീസിലേക്കും, [സംസ്ഥാനഗവണ്മെൻറ്] നൽകേണ്ടതാണ്.

(2) അപ്രകാരം നൽകപ്പെടുന്ന പുസ്തകങ്ങളിൽ [സംസ്ഥാനഗവണ്മെൻറിൻെറ] അനുവാദപ്രകാരം ഇൻസ്പെക്ടർജനറൽ അപ്പപ്പോൾ നിശ്ചയിക്കുന്ന ഫാറങ്ങൾ അടങ്ങിയിരിക്കുന്നതും, ആ പുസ്തകങ്ങളിലെ പേജുകളിൽ തുടർച്ചയായി നമ്പർ അച്ചടിച്ചിരിക്കേണ്ടതും, ഓരോ പുസ്തകത്തിലുമുള്ള പേജുകളുടെ എണ്ണം ആ പുസ്തകം നൽകുന്ന ഉദ്യോഗസ്ഥൻ അതിൻെറ ടൈററിൽപേജിൽ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാകുന്നു.

(3) [സംസ്ഥാനഗവണ്മെൻറ്] ഓരോ രജിസ്ത്രാരുടേയും ആഫീസിനു തീഭയം ഇല്ലാത്ത ഒരു പെട്ടി നൽകുന്നതും, ഓരോ ഡിസ്ത്രിക്റ്റിലും ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ചുള്ള റിക്കാർഡുകൾ ഭദ്രമായി വയ്ക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ആ ഡിസ്ത്രിക്റ്റിൽ ചെയ്തിരിക്കേണ്ടതുമാകുന്നു.

## ഭാഗം 3.

### രജിസ്റ്ററാക്കാവുന്ന ആധാരങ്ങളെപ്പററി.

17. രജിസ്റ്റർ ചെയ്യേതീരു എന്നുള്ള ആധാരങ്ങൾ:—(1) താഴെ പറയുന്ന ആധാരങ്ങൾ സംബന്ധിക്കുന്ന വസ്തു, 1864-ലെ 16-ാം ആക്റ്റോ, 1866-ലെ ഇൻഡ്യൻ രജിസ്ത്രേഷൻ ആക്റ്റോ, 1871-ലെ ഇൻഡ്യൻ രജിസ്ത്രേഷൻ ആക്റ്റോ, 1877-ലെ ഇൻഡ്യൻ രജിസ്ത്രേഷൻ ആക്റ്റോ നടപ്പിൽ വന്നതോ, ഈ ആക്റ്റ് നടപ്പിൽവരുന്നതോ ആയ ഡിസ്ത്രിക്റ്റിൽ സ്ഥിതിചെയ്യുന്നപക്ഷവും, അവ ഒപ്പിട്ടു കൊടുക്കപ്പെട്ടതു ആക്റ്റ് നടപ്പായിവന്നതോ വരുന്നതോ ആയ തീയതിക്കോ തീയതിക്കു ശേഷമോ ആയിരിക്കുന്നപക്ഷവും, ആ ആധാരങ്ങൾ രജിസ്റ്ററാക്കേണ്ടതാകുന്നു. അവ ഏതെല്ലാം എന്നാൽ:—

(എ) സ്ഥാവരവസ്തു ദാനം കൊടുക്കുന്നതിനുള്ള കരണങ്ങൾ,

† (1) ഇതു് 1937-ലെ ഏ. ഒ. പ്രകാരം റദ്ദാക്കപ്പെട്ടു.

(ബി) സ്ഥാവരവസ്തുവിനോ, സ്ഥാവരവസ്തുവിലോ നൂറു രൂപയോ അതിൽ കൂടുതലോ വിലയുള്ളതും, സ്ഥിരമോ അനിശ്ചിതമോ ആയതുമായ വല്ല അവകാശമോ, ഉടമയോ, തേച്ച്യയോ വർത്തമാനകാലത്തോ ഭാവികാലത്തോ ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നതായി ഉദ്ദേശിക്കുന്നതോ, ഫലിക്കുന്നതോ ആയുള്ളവയും, മരണശാസനങ്ങളല്ലാത്തവയുമായ മററു കരണങ്ങൾ,

(സി) അപ്രകാരമുള്ള വല്ല അവകാശമോ, ഉടമയോ, തേച്ച്യയോ ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നവകയ്ക്ക് വല്ല പ്രതിഫലവും വാങ്ങിയതായോ, അടച്ചതായോ സമ്മതിക്കുന്നവയും, മരണശാസനങ്ങൾ അല്ലാത്തവയുമായ കരണങ്ങൾ.

(ഡി) ഓരോരോ സംവത്സരത്തേയ്ക്കോ, ഒരു സംവത്സരത്തിൽ കവിഞ്ഞ വല്ല കാലത്തേയ്ക്കോ ഉള്ളതോ, പ്രതിവർഷമുള്ള പാട്ടം റിസർവ്വ ചെയ്തിട്ടുള്ളതോ ആയ സ്ഥാവരവസ്തുവിൻെറ പാട്ടച്ചീട്ടുകൾ.

[(ഇ) സ്ഥാവരവസ്തുവിനോ സ്ഥാവരവസ്തുവിലോ നൂറു രൂപയോ അതിൽ കൂടുതലോ വിലയുള്ളതും, സ്ഥിരമോ അനിശ്ചിതമോ ആയതുമായ വല്ല അവകാശമോ, ഉടമയോ, തേച്ച്യയോ വർത്തമാനകാലത്തോ ഭാവികാലത്തോ ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നതായി ഉദ്ദേശിക്കുന്നതോ, ഫലിക്കുന്നതോ ആയി ഏതെങ്കിലും ഡിക്രിയോ, കോടതിയുത്തരവോ, അവാർഡോ ഉള്ളപ്പോൾ, ആ ഡിക്രിയെയോ, കോടതിയുത്തരവിനെയോ, അവാർഡിനെയോ മാററുകയോ ഏല്പിച്ചുകൊടുക്കുകയോ ചെയ്യുന്നവയും, മരണശാസനങ്ങളല്ലാത്തവയുമായ കരണങ്ങൾ.] *1

എന്നാൽ ഏതു പാട്ടച്ചീട്ടുകൾപ്രകാരം അനുവദിക്കപ്പെട്ട കാലാവധി അഞ്ചുവർഷത്തിൽ കവിയാതെയിരിക്കുകയും, ഏതുപ്രകാരം റിസർവ്വ ചെയ്യപ്പെട്ടിട്ടുള്ള വാർഷികപാട്ടം അൻപതു രൂപയിൽ കവിയാതെയിരിക്കയും ചെയ്യുന്നുവോ, അപ്രകാരമുള്ള പാട്ടച്ചീട്ടുകൾ ഏതെങ്കിലും ഡിസ്ട്രിക്ററിലോ, ഡിസ്ട്രിക്ററിൻെറ വിഭാഗത്തിലോ വച്ച് ഒപ്പിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ, ആ പാട്ടച്ചീട്ടുകളെ [സംസ്ഥാനഗവണ്മെൻറിന്] [ഔദ്യോഗികഗസററിൽ] *2 പരസ്യംചെയ്തിട്ടുള്ള ഉത്തരവുമുഖേന, ഈ ഉപവകുപ്പിൻെറ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് (ബി)-യും (സി)-യും ഖണ്ഡങ്ങളിലുള്ള യാതൊന്നുംതന്നെ—

(i) വല്ല സമാധാനപത്രത്തിനാകട്ടെ;

(ii) ജായിൻറസ്റ്റോക്കുകമ്പനിവക ആസ്തികൾ മുഴുവനുമോ ഏതാനുമോ സ്ഥാവരവസ്തുവായിരുന്നാൽതന്നെയും, ആ കമ്പനിയിലെ ഓഹരികൾസംബന്ധിച്ചുള്ള ഏതെങ്കിലും കരണത്തിനാകട്ടെ;

---

*1. 1929-ലെ 21-ാം ആക്ററ്, 10-ാം വകുപ്പിനാൽ ചേർക്കപ്പെട്ടത്.

*2 " തദ്ദേശഔദ്യോഗികഗസററിൽ " എന്ന വാക്കുകൾക്കു പകരം 1937 എ. ഒ. പ്രകാരം ചേർക്കപ്പെട്ടതു്.

(iii) അപ്രകാരമുള്ള ഏതെങ്കിലും കമ്പനിയിൽനിന്ന്, കൊടുക്കുന്നതും, ആ കമ്പനി അതിന്റെ സ്ഥാവരവസ്തു മുഴുവനുമോ ഏതാനുമോ അല്ലെങ്കിൽ അതിലുള്ള ഏതെങ്കിലും അവകാശമോ കടപ്പത്രക്കൈവശക്കാരുടെ ഗുണത്തിനായി ട്രസ്റ്റിന്മേൽ ട്രസ്റ്റികൾക്കായിട്ട് ഒററി കൊടുക്കുകയോ, കൈമാറുകയോ, മററുപ്രകാരം മാററുകയോ ചെയ്യുന്ന, രജിസ്റ്റർ ചെയ്ത കരണപ്രകാരമുള്ള ജാമ്യത്തിന്റെ കൈവശക്കാരന് അവകാശമുള്ളിടത്തോളമല്ലാതെ, സ്ഥാവരവസ്തുവിനോ സ്ഥാവരവസ്തുവിലോ വല്ല അവകാശമോ, ഉടമയോ, തീർച്ചയോ, ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നതല്ലാത്തതുമായ ഏതെങ്കിലും കടപ്പത്രത്തെയാകട്ടെ;

(iv) അപ്രകാരമുള്ള വല്ല കമ്പനിയും നൽകുന്ന ഏതെങ്കിലും കടപ്പത്രത്തിന്മേലുമുള്ള പുറത്തെഴുത്തിനെയാകട്ടെ, ആ കടപ്പത്രത്തിന്റെ കൈമാററത്തെയാകട്ടെ;

(v) സ്ഥാവരവസ്തുവിനോ സ്ഥാവരവസ്തുവിലോ നൂറു രൂപയോ അധിൽ കൂടുതലോ വിലയുള്ള വല്ല അവകാശമോ, ഉടമയോ, തീർച്ചയോ, സ്വയം ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നില്ലെങ്കിലും, ഒപ്പിട്ടുകൊടുത്താൽ അപ്രകാരമുള്ള വല്ല അവകാശമോ, ഉടമയോ, തീർച്ചയോ ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്ന മറെറാരാധാരം ലഭിക്കുന്നതിനുള്ള അവകാശത്തെ മാത്രം ഉണ്ടാക്കുന്ന വല്ല ആധാരത്തിനാകട്ടെ;

(vi) [ഒരു ഒത്തുതീർപ്പിന്മേലുണ്ടാക്കിയതാണെന്നു വ്യക്തമാക്കിയിട്ടുള്ളതും, കേസ്സിനോ നടപടിക്കോ കാരണമായ സ്ഥാവരവസ്തു അല്ലാത്ത വസ്തു ഉൾക്കൊള്ളുന്നതും ആയ ഡിക്രിയോ ഉത്തരവോ ഒഴികെയുള്ള]* കോടതിയുടെ ഏതെങ്കിലും ഡിക്രിയേയോ, ഉത്തരവിനെയോ ആകട്ടെ;

(vii) [ഗവണ്മെന്റ്] നൽകുന്ന സ്ഥാവരവസ്തുവിന്റെ ഏതെങ്കിലും ദാനത്തെയാകട്ടെ;

(viii) ഒരു റവന്യൂ ഉദ്യോഗസ്ഥൻ നടത്തുന്ന ഭാഗത്തിന്റെ ഏതെങ്കിലും കരണത്തെയാകട്ടെ;

(ix) കടം അനുവദിക്കുന്ന ഏതെങ്കിലും ഉത്തരവിനെയോ 1871-ലെ ഭൂപരിഷ്ക്കരണ ആക്ററോ, 1883-ലെ, ഭൂപരിഷ്ക്കരണ വായ്പകൾ ആക്ററോ പ്രകാരം അനുവദിച്ചിട്ടുള്ള, ചാർജ്ജുമായും സംബന്ധിച്ച ഏതെങ്കിലും കരണത്തെയോ ആകട്ടെ;

(x) 1884-ലെ കർഷകവായ്പ ആക്ററ പ്രകാരം വായ്പ അനുവദിക്കുന്ന ഏതെങ്കിലും ഉത്തരവിനെയോ, ആ ആക്ററിൻപ്രകാരം കൊടുത്തിട്ടുള്ള വായ്പ തിരിയെ കൊടുക്കുന്നതിന് ഉറപ്പുകൊടുക്കുന്നതിനുള്ള കരണത്തെയോ ആകട്ടെ;

---

* "ഏതെങ്കിലും അവാർഡിനെയും" എന്ന വാക്കുകൾക്കു പകരം 1929-ലെ 21-ാം ആക്ററ് മുഖേന ചേർക്കപ്പെട്ടു.

* 1 [(xഎ) ഏതെങ്കിലും വസ്തു ധർമ്മസ്ഥാപനങ്ങളുടെ ഖജാൻജിയെ ഏൽപ്പിക്കുകയോ, അപ്രകാരമുള്ള ഏതെങ്കിലും ഖജാൻജിയിൽ നിന്നു് ഏതെങ്കിലും വസ്തു എടുക്കുകയോ ചെയ്യുന്നതിനു്, 1890-ലെ ധർമ്മസ്ഥാപനങ്ങൾ ആക്റ്റ് (1890-ലെ 6-ാം ആക്റ്റ്) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവിനെയാകട്ടെ; അല്ലെങ്കിൽ]

(xi) ഒററിപ്പണം മുഴുവനുമോ, ഏതെങ്കിലും ഭാഗമോ കൊടുത്തു തീർത്തു എന്നു സമ്മതിച്ച് ഒററിയാധാരത്തിൽ എഴുതിക്കൊടുക്കുന്ന ഏതെങ്കിലും പുറത്തെഴുത്തിനെയോ; ഒററിപ്രകാരം കൊടുക്കേണ്ട പണം കൊടുത്തതായിട്ടുള്ള രസീതു് ആ ഒററി അവസാനിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതല്ലാത്തപക്ഷം, അപ്രകാരം കൊടുത്തതിലേയ്ക്കുള്ള മറേറതെങ്കിലും രസീതിനെയോ ആകട്ടെ;

(xii) ഒരു സിവിൽ ഉദ്യോഗസ്ഥനോ റവന്യൂ ഉദ്യോഗസ്ഥനോ പരസ്യലേലപ്രകാരം വിലയ്ക്കു കൊടുത്തിട്ടുള്ള ഏതെങ്കിലും വസ്തു വാങ്ങിച്ച ആളിനു് കൊടുത്തിട്ടുള്ള വല്ല വില്പനസർട്ടിഫിക്കററിനെയാകട്ടെ, സംബന്ധിക്കുന്നതല്ല.

[വിശദീകരണം:—സ്ഥാവരവസ്തു വിൽക്കുന്നതിനായിട്ടുള്ള കരാറ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ പ്രവർത്തിക്കുന്നതോ ആയ ആധാരം വല്ല നിരതദ്രവ്യമോ, വിലപ്പണം മുഴുവനുമോ ഏതെങ്കിലും ഭാഗമോ കൊടുത്തതായുള്ള വിവരം ആ ആധാരത്തിൽ അടങ്ങിയിരിക്കുന്നു എന്നുള്ള ഒററക്കാരണത്താൽ മാത്രം, രജിസ്റ്റർ ചെയ്യേണ്ടതാണെന്നു് ആവശ്യപ്പെടുന്നതായോ എപ്പോഴെങ്കിലും ആവശ്യപ്പെട്ടിട്ടുള്ളതായോ വിചാരിക്കേണ്ടതില്ല.]* 2

(3) ഒരു പുത്രനെ ദത്തെടുക്കുന്നതു സംബന്ധിച്ച് 1872 ജനവരി ആദ്യ ദിവസത്തിനുശേഷം ഒപ്പിടപ്പെട്ടിട്ടുള്ളതും, ഒരു മരണപത്രപ്രകാരം സമ്മതിച്ചിട്ടില്ലാത്തതുമായ അധികാരപത്രങ്ങളും രജിസ്റ്റർ ചെയ്യേണ്ടതാണു്.

18. മനസ്സുണ്ടെങ്കിൽ രജിസ്റ്ററാക്കാവുന്ന ആധാരങ്ങൾ:— താഴെപ്പറയുന്നവയിൽ ഏതെങ്കിലും ആധാരങ്ങൾ ഈ ആക്റ്റിൻപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണു്.

(എ) സ്ഥാവരവസ്തുവിനോ സ്ഥാവരവസ്തുവിലോ നൂറു രൂപയിൽ കുറച്ചു വിലയുള്ളതും, സ്ഥിരമോ അനിശ്ചിതമോ ആയതുമായ വല്ല അവകാശമോ, ഉടമയോ, ചേർച്ചയോ വർത്തമാനകാലത്തോ, ഭാവികാലത്തോ ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നതായി ഉദ്ദേശിക്കുന്നതോ, ഫലിക്കുന്നതോ ആയ (ദാനമോ മരണശാസനമോ അല്ലാത്ത) കരണങ്ങൾ;

---

* 1 1948-ലെ 39-ാം ആക്റ്റുപ്രകാരം ചേർത്തു്.

* 2 1927-ലെ 2-ാം ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർക്കപ്പെട്ടതു്.

(ബി) അപ്രകാരമുള്ള വല്ല അവകാശമോ, ഉടമയോ, തേർച്ചയോ, ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്ന വകയ്ക്ക് വല്ല പ്രതിഫലവും വാങ്ങിയതായോ, അടച്ചതായോ സമ്മതിക്കുന്ന കരണങ്ങൾ;

(സി) ഒരു സംവത്സരത്തിൽ കവിയാത്ത വല്ല കാലത്തേയ്ക്കും സ്ഥാവരവസ്തു സംബന്ധിച്ചുള്ള പാട്ടച്ചീട്ടുകളും, 17-ാം വകുപ്പ് പ്രകാരം ഒഴിവാക്കിയിട്ടുള്ള പാട്ടച്ചീട്ടുകളും.

[(സി സി) സ്ഥാവരവസ്തുവിനോ സ്ഥാവരവസ്തുവിലോ നൂറു രൂപയിൽ കുറച്ചു വിലയുള്ളതും, സ്ഥിരമോ അനിശ്ചിതമോ ആയതും ആയ വല്ല അവകാശമോ, ഉടമയോ, തേർച്ചയോ വർത്തമാനകാലത്തോ ഭാവികാലത്തോ ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നതായി ഉദ്ദേശിക്കുന്നതോ, ഫലിക്കുന്നതോ ആയി, കോടതിയുടെ ഏതെങ്കിലും ഡിക്രിയോ, ഉത്തരവോ, ഏതെങ്കിലും അവാർഡോ ഉണ്ടായിരുന്നാൽ, ആ ഡിക്രിയോ, ഉത്തരവോ, അവാർഡോ കൈമാററുകയോ, നൽകുകയോ ചെയ്യുന്ന കരണങ്ങൾ] * 1

(ഡി) ജംഗമവസ്തുവിനോ ജംഗമവസ്തുവിലോ വല്ല അവകാശമോ, ഉടമയോ, തേർച്ചയോ ഉണ്ടാക്കിക്കൊടുക്കുകയോ, സ്ഥിരപ്പെടുത്തുകയോ, നൽകുകയോ, ക്ലിപ്തപ്പെടുത്തുകയോ, ഇല്ലാതാക്കുകയോ ചെയ്യുന്നതായി ഉദ്ദേശിക്കുന്നതോ ഫലിക്കുന്നതോ ആയ (മരണ ശാസനങ്ങളല്ലാത്ത) കരണങ്ങൾ.

(ഇ) മരണശാസനങ്ങൾ.

(എഫ്) രജിസ്റ്ററാക്കണമെന്ന് 17-ാം വകുപ്പു പ്രകാരം ആവശ്യപ്പെട്ടിട്ടില്ലാത്ത മററെല്ലാ ആധാരങ്ങളും.

19. രജിസ്റ്ററിംഗ് ആഫീസർക്ക് മനസ്സിലാകാത്ത ഭാഷയിലുള്ള ആധാരങ്ങൾ:—രജിസ്റ്റർ ചെയ്യാൻ വഴിയാംവണ്ണം ഹാജരാക്കിയിട്ടുള്ള ഏതെങ്കിലും ആധാരം, രജിസ്റ്ററിംഗ് ആഫീസർക്കു മനസ്സിലാകാത്തതും, ഡിസ്ട്രിക്ററിൽ സാധാരണ ഉപയോഗിക്കപ്പെടാത്തതുമായ ഭാഷയിലാണെങ്കിൽ, ഡിസ്ട്രിക്ററിൽ സാധാരണ ഉപയോഗിക്കുന്ന ഭാഷയിലുള്ള ശരിതർജമയും, അതിന്റെ ഒരു ശരിപകർപ്പുംകൂടി ഹാജരാക്കിയില്ലെങ്കിൽ, ആ ആധാരം രജിസ്റ്റർ ചെയ്യാൻ അദ്ദേഹം വിസമ്മതിക്കുന്നതാണ്.

20. ഇടയ്ക്കെഴുതി ചേർത്തിരിക്കയോ, എഴുതാതെ സ്ഥലം വിട്ടിരിക്കയോ, അക്ഷരങ്ങൾ മാച്ചിരിക്കുകയോ, തിരുത്തിയിരിക്കുകയോ ചെയ്തിട്ടുള്ള ആധാരങ്ങൾ:—

(1) ആദ്യമായി എഴുതീട്ടുള്ള വരികളിൽ ഇടയ്ക്കു ചേർത്തെഴുതിയിരിക്കുന്നതായിട്ടോ, ഒന്നുമെഴുതാതെ സ്ഥലം വിട്ടിരിക്കുന്നതായിട്ടോ, അക്ഷരങ്ങൾ മാച്ചിരിക്കുന്നതായിട്ടോ, തിരുത്തിയിരിക്കുന്നതായിട്ടോ വല്ല ആധാരത്തിലും കാണപ്പെട്ടാൽ, അപ്രകാരം ഇടയ്ക്കു ചേർത്ത വരിയോ, എഴുതാതെ വിട്ടിട്ടുള്ള സ്ഥലമോ, മാച്ചിട്ടുള്ളിടമോ, തിരുത്തോ, ആ ആധാരം

* 1 1940-ലെ 33-ാം ആക്ററപ്രകാരം ചേർക്കപ്പെട്ടതു്.

എഴുതിക്കൊടുത്തവർ തങ്ങളുടെ കയ്യൊപ്പോ, ഒപ്പടയാളമോ കൊണ്ട് സാക്ഷ്യപ്പെടുത്താത്തപക്ഷം, രജിസ്റ്ററിംഗ് ആഫീസർക്ക് തന്റെ യുക്തംപോലെ ആ ആധാരം രജിസ്റ്ററാക്കാനായി സ്വീകരിക്കാതിരിക്കാവുന്നതാണ്.

(2) രജിസ്റ്ററിംഗ് ആഫീസർ അത്തരം വല്ല ആധാരവും രജിസ്റ്റർ ചെയ്യുകയാണെങ്കിൽ, അപ്രകാരം ഇടയ്ക്ക് ചേർത്ത വരിയെയോ, ഒന്നും എഴുതാത്ത സ്ഥലത്തെയോ, അക്ഷരം മാച്ചിനെയോ, തിരുത്തലിനെയോപററി രജിസ്ററരിൽ, അതു രജിസ്ററർചെയ്യുന്ന കാലത്ത്, ഒരു കുറിപ്പ് എഴുതിച്ചേർക്കേണ്ടതാകുന്നു.

21. വസ്തുവിവരവും, പടങ്ങളും അഥവാ പ്ലാനുകളും:—(1) സ്ഥാവരവസ്തു സംബന്ധിച്ചതും മരണശാസനമല്ലാത്തതുമായ യാതൊരാധാരവും, അതിൽ ആ വസ്തുവെ വേണ്ടവണ്ണം തിരിച്ചറിയത്തക്കവിധം വസ്തുവിവരങ്ങൾ അടങ്ങിയിട്ടില്ലാത്തപക്ഷം, രജിസ്ററർ ചെയ്യാനായി സ്വീകരിക്കുവാൻ പാടില്ലാത്തതാകുന്നു.

(2) പട്ടണങ്ങളിലെ വീടുകൾ, അവയുടെ മുൻവശമുള്ള തെരുവിന്റെയോ, റോഡിന്റെയോ (അവ പ്രത്യേകം പറഞ്ഞിരിക്കേണ്ടതാണ്) വടക്കോ മറുവശത്തോ, സ്ഥിതിചെയ്യുന്നു എന്ന പ്രകാരവും, നിലവിലുള്ളതും മുൻപുള്ളതുമായ കൈവശം മുഖേനയും, ആ തെരുവിലോ, റോഡിലോ ഉള്ള ഭവനങ്ങൾക്ക നമ്പരുള്ളപക്ഷം ആ നമ്പർമൂലവും വിവരിക്കേണ്ടതാണ്.

(3) മററു വീടുകളും സ്ഥലങ്ങളും, അവയ്ക്കു പേരുള്ളപക്ഷം ആ പേരുമൂലവും, അവ ഏതു പ്രാദേശിക വിഭാഗത്തു സ്ഥിതിചെയ്യുന്നു എന്ന പ്രകാരവും, അവയുടെ ബാഹ്യമായ ഉള്ളടക്കവും, അവ തൊട്ടുകിടക്കുന്ന റോഡുകളും മററു വസ്തുക്കളും അവയുടെ താൽക്കാലിക കൈവശങ്ങളും, മൂലവും, കൂടാതെ, പ്രായോഗികമായ സന്ദർഭങ്ങളിൽ, സർക്കാർ പടത്തിലോ സർവ്വേയിലോ ഉള്ള സൂചനമൂലവും വിവരിക്കേണ്ടതാണ്.

(4) മരണശാസനം അല്ലാത്ത ഏതെങ്കിലും ആധാരത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഏതെങ്കിലും വസ്തുവിന്റെ പടമോ, പ്ലാനോ, ആ ആധാരത്തിൽ അടങ്ങിയിരുന്നാൽ, ആ പടത്തിനോ പ്ലാനിനോ ഒരു ശരിപകർപ്പു കൂടി അതിനോടുകൂടി ഉണ്ടായിരിക്കുകയാകട്ടെ, അല്ലെങ്കിൽ ആ വസ്തു പല ഡിസ്ട്രിക്ടുകളിൽ സ്ഥിതിചെയ്യുന്നതായിരുന്നാൽ, അങ്ങിനെ എത്ര ഡിസ്ട്രിക്ടുകൾ ഉണ്ടോ അത്ര എണ്ണം ആ പടത്തിന്റെയോ പ്ലാനിന്റെയോ ശരിപകർപ്പുകൾ ഉണ്ടായിരിക്കുകയാകട്ടെ ചെയ്യാതിരുന്നാൽ ആ ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി സ്വീകരിച്ചുകൂടാത്തതാകുന്നു.

22. സർക്കാർ പടങ്ങളോ സർവ്വേയോ അനുസരിച്ചുവേണം വീടുകളുടെയും സ്ഥലങ്ങളുടെയും വിവരം നൽകേണ്ടതെന്ന്:—(1) പട്ടണങ്ങളിൽ സ്ഥിതിചെയ്യുന്ന വീടുകളല്ലാത്ത വീടുകളേയും സ്ഥലങ്ങളേയും സർക്കാർ പടമോ സർവ്വേയോ അനുസരിച്ച് വിവരിക്കുന്നത് പ്രായോഗികമാണെന്ന് [സംസ്ഥാന ഗവണ്മെൻറിന്] അഭിപ്രായമുള്ളപ്പോൾ, [സംസ്ഥാന ഗവണ്മെൻറിന്] 21-ാംവകുപ്പിലെ കാര്യങ്ങൾക്ക്, മേൽപ്പറഞ്ഞ പ്രകാരമുള്ള വീടുകളും സ്ഥലങ്ങളും, ഈ ആക്ററപ്രകാരം ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾപ്രകാരം അങ്ങനെ വിവരിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻപ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ചട്ടപ്രകാരം മററു രീതിയിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളവയൊഴികെ 21-ാം വകുപ്പ്, (2)-ാം ഉപവകുപ്പിലെയോ, (3)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകളോട് അനുകൂലിപ്പാൻ വീഴ്ചവരുത്തുന്നതു് ആധാരം ഏതു വസ്തുവെ സംബന്ധിക്കുന്നുവോ ആ വസ്തു തിരിച്ചറിയത്തക്കവണ്ണമുള്ളതാണ് വസ്തുവിവരമെങ്കിൽ, ആ ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള അവകാശം നിഷേധിക്കുന്നതായിരിക്കുന്നതല്ല.

## ഭാഗം 4.

### ഹാജരാക്കേണ്ടുന്ന സമയത്തെപ്പററി.

23. ആധാരങ്ങൾ ഹാജരാക്കേണ്ടുന്ന സമയം:—24-ം, 25-ം, 26-ം വകുപ്പുകളിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കു് വിധേയമായി, മരണശാസനം ഒഴികെയുള്ള യാതൊരാധാരവും, അതു് ഒപ്പിട്ടുകൊടുത്ത തീയതി മുതൽ നാലു മാസത്തിനകം രജിസ്റ്റർ ചെയ്യുന്നതിനായി തക്ക ഉദ്യോഗസ്ഥന്റെ മുൻപിൽ ഹാജരാക്കപ്പെട്ടാലല്ലാതെ, രജിസ്റ്റർ ചെയ്യുന്നതിനു സ്വീകരിക്കുവാൻ പാടില്ലാത്തതാകുന്നു.

എന്നാൽ ഡിക്രീയുടേയോ, ഉത്തരവിന്റേയോ പകർപ്പ് ആ ഡിക്രീയോ, ഉത്തരവോ പുറപ്പെടുവിച്ച ദിവസം മുതൽ നാലുമാസത്തിനകമോ, അതിന്മേൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണെങ്കിൽ, അതു് അന്തിമമാകുന്ന ദിവസംമുതൽ നാലുമാസത്തിനകമോ ഹാജരാക്കാവുന്നതാകുന്നു.

[23. എ. ചില ആധാരങ്ങൾ വീണ്ടും രജിസ്റ്ററാക്കുന്നതു്:—ഈ ആക്റ്റിൽ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, രജിസ്ട്രാരോ, സബ് രജിസ്ട്രാരോ, രജിസ്റ്ററാക്കപ്പെടേണ്ട ആധാരം ഏതെങ്കിലും സന്ദർഭത്തിൽ രജിസ്റ്റർ ചെയ്യാനായി അതു് ഹാജരാക്കുന്നതിന് മുറപ്രകാരം അധികാരപ്പെടുത്തിയിട്ടില്ലാത്ത ഒരു ആളിൽനിന്നു് സ്വീകരിക്കുകയും, രജിസ്റ്റർ ചെയ്കയും ചെയ്യുന്നപക്ഷം, ആ ആധാരംവഴി അവകാശപ്പെടുന്ന വല്ല ആൾക്കും, ആ ആധാരത്തിന്റെ രജിസ്ട്രേഷൻ അസാധുവെന്നു് താൻ ആദ്യമായി ഗ്രഹിക്കുന്ന ദിവസം മുതൽ നാലുമാസത്തിനകം, 6-ാം ഭാഗത്തിലെ വ്യവസ്ഥകളനുസരിച്ച്, വീണ്ടും രജിസ്റ്റർ ചെയ്യപ്പെടുന്നതിനായി ആ ആധാരം അതു് ആദ്യമായി രജിസ്റ്റർ ചെയ്ത ഡിസ്ട്രിക്ടിലെ രജിസ്ട്രാരുടെ കച്ചേരിമുമ്പാകെ ഹാജരാക്കുകയോ, ഹാജരാക്കിക്കുകയോ ചെയ്യാവുന്നതും, ആധാരം ഹാജരാക്കുന്നതിന് മുറപ്രകാരം അധികാരപ്പെടുത്തിയിട്ടില്ലാത്തയാളിൽ നിന്നുമാണ് രജിസ്റ്റർ ചെയ്യുവാൻ അതു് സ്വീകരിക്കപ്പെട്ടതെന്നു് രജിസ്ട്രാർക്കു് ബോദ്ധ്യമാകുന്നതോടുകൂടി, ആ ആധാരം മുമ്പ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല എന്ന നിലയിലും, വീണ്ടും രജിസ്റ്ററാക്കുന്നതിനുള്ള ആ ഹാജരാക്കൽ, 4-ാം ഭാഗത്തിൽ അതിലേയ്ക്കു് അനുവദിച്ചിരിക്കുന്ന കാലത്തിനകം രജിസ്ട്രേഷനു വേണ്ടിയുള്ള ഹാജരാക്കലായിരുന്നു എന്ന നിലയിലും ആ ആധാരം വീണ്ടും രജിസ്റ്റർ ചെയ്യാൻ അദ്ദേഹം ഒരുമ്പെടേണ്ടതും, ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് ഈ ആക്റ്റിലുള്ള എല്ലാ വ്യവസ്ഥകളും അങ്ങനെ വീണ്ടും രജിസ്റ്റർ ചെയ്യുന്നതിനെ ബാധിക്കുന്നതുമാകുന്നു. കൂടാതെ, ആ ആധാരം ഈ വകു

പ്പിലെ വ്യവസ്ഥകളനുസരിച്ച് മുറപോലെ വീണ്ടും രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നപക്ഷം, അതിന്റെ ആദ്യരജിസ്ട്രേഷൻ തീയതിമുതൽ എല്ലാ കാര്യങ്ങൾക്കും അതു് മുറപോലെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണെന്നു് പരിഗണിക്കപ്പെടുന്നതുമാണ്.

എന്നാൽ, ഈ വകുപ്പു് ബാധകമായിരിക്കുന്ന ആധാരപ്രകാരം, അവകാശപ്പെടുന്ന ഏതൊരാൾക്കും, ആധാരം രജിസ്റ്റർ ചെയ്തതു് അസാധുവെന്നു് താൻ ആദ്യം അറിഞ്ഞ സമയം ഏതുതന്നെ ആയിരുന്നാലും, 1917 സെപ്റ്റംബർ 12-ാംനു-മുതൽ 3 മാസത്തിനകം ഈ വകുപ്പുപ്രകാരം വീണ്ടും രജിസ്റ്ററാക്കുന്നതിനു് അതു് ഹാജരാക്കുകയോ, ഹാജരാക്കിക്കുകയോ ചെയ്യാവുന്നതാണ്.]*

24. പല ആളുകൾ പല സമയത്തു് ഒപ്പിടുന്ന ആധാരങ്ങൾ:—ഒരു ആധാരം പല ആളുകൾ പല സമയങ്ങളിലായി ഒപ്പിട്ടു കൊടുക്കുമ്പോൾ, ആ ആധാരം അതു് ഓരോരിക്കൽ ഒപ്പിടുമ്പോഴുമുള്ള തീയതിമുതൽ നാലു മാസത്തിനകം രജിസ്റ്റർചെയ്യുന്നതിനും വീണ്ടും രജിസ്റ്റർ ചെയ്യുന്നതിനുമായി ഹാജരാക്കാവുന്നതാണ്.

25. ഹാജരാക്കുന്നതിൽ വരുന്ന താമസം അനിവാര്യമായിരുന്നാലുള്ള വ്യവസ്ഥ:—(1) [ഇൻഡ്യ]യിൽ ഒപ്പിടപ്പെട്ട ഏതെങ്കിലും ആധാരമോ, ഡിക്രിയുടെയോ ഉത്തരവിന്റെയോ പകപ്പോ, രജിസ്റ്ററാക്കുന്നതിനു് ഇതിനു മുൻപു് നിർണ്ണയിച്ചിട്ടുള്ള കാലാവധി കഴിയുന്നതുവരെയും, അത്യാവശ്യമോ അനിവാര്യമായ അപകടമോമൂലം ഹാജരാക്കപ്പെടുന്നില്ലെങ്കിൽ, ഹാജരാക്കലിനുള്ള കാലവിളംബം നാലുമാസത്തിൽ കവിയാത്തപക്ഷം, രജിസ്റ്റർ ചെയ്യുന്നതിനുള്ള ശരിയായ ഫീസിന്റെ തുകയുടെ പത്തു് മടങ്ങിൽ കവിയാത്ത തുക പിഴയായി ഒടുക്കിയാൽ ആ ആധാരം രജിസ്റ്റർ ചെയ്യാനായി സ്വീകരിക്കേണ്ടതാണെന്നു് രജിസ്ട്രാർക്കു് നിർദ്ദേശിക്കാവുന്നതാകുന്നു.

(2) പ്രസ്തുത നിർദ്ദേശത്തിനു വേണ്ടിയുള്ള ഏതു് അപേക്ഷയും സബ്ബ് രജിസ്ട്രാർക്കു് ബോധിപ്പിക്കാവുന്നതും, അദ്ദേഹം ഉടൻതന്നെ അതു് താൻ കീഴ്പ്പെട്ടിരിക്കുന്ന രജിസ്ട്രാർക്കു് അയയ്ക്കേണ്ടതുമാണ്.

26. [ഇൻഡ്യ]യ്ക്കു വെളിയിൽ ഒപ്പിടപ്പെട്ട ആധാരങ്ങൾ:—[ഇൻഡ്യ]യ്ക്കു് വെളിയിലുള്ള എല്ലാ കക്ഷികളുമോ, ഏതെങ്കിലും കക്ഷികളോ ഒപ്പിട്ട എന്നു് ഉദ്ദേശിക്കപ്പെടുന്ന ഒരാധാരം, രജിസ്ട്രേഷനു വേണ്ടി ഇതിനു മുൻപു നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലംകഴിയുന്നതുവരെ, ഹാജരാക്കപ്പെടാതിരുന്നാൽ,

(എ) കരണം അങ്ങനെ ജനിപ്പിച്ചതാണെന്നും;

(ബി) അതു് [ഇൻഡ്യ]യിൽ വന്നതിനുശേഷം നാലുമാസത്തിനകം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി ഹാജരാക്കപ്പെട്ടു എന്നും, ബോദ്ധ്യപ്പെട്ടാൽ, രജിസ്റ്ററിംഗ് ആഫീസർക്കു് സമുചിതരജിസ്ട്രേഷൻ ഫീസടച്ചാൽ രജിസ്റ്റർ ചെയ്യുന്നതിനായി ആ ആധാരം സ്വീകരിക്കാവുന്നതാണ്.

* 1917-ലെ 15-ാംആക്റ്റുമൂലം ചേർത്തു്.

27. മരണശാസനം എപ്പോഴെങ്കിലും ഹാജരാക്കുകയോ അനാമത്തു് വയ്ക്കുകയോ ചെയ്യാമെന്നു്:—മരണശാസനം ഏതവസരത്തിലും രജിസ്റ്റർ ചെയ്യുന്നതിനായി ഹാജരാക്കുകയോ, ഇതിനു താഴെ വ്യവസ്ഥചെയ്തിരിക്കുന്ന രീതിയിൽ അനാമത്തു വയ്ക്കുകയോ ചെയ്യാവുന്നതാണു്.

## ഭാഗം 5.

### രജിസ്റ്റർ ചെയ്യുന്നതിനുള്ള സ്ഥലത്തെപ്പററി.

28. ഭൂമി സംബന്ധിച്ച ആധാരങ്ങൾ രജിസ്ററർ ചെയ്യുന്നതിനുള്ള സ്ഥലം:—ഈ ഭാഗത്തിൽ മററുപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതൊഴികെ, 17-ാംവകുപ്പു്, (1)-ാംഉപവകുപ്പു്, (എ) (ബി) (സി) ഖണ്ഡങ്ങളിലും, 1*[ആധാരം സ്ഥാവരവസ്തുവെ സംബന്ധിച്ചിടത്തോളം (ഡി)(ഇ) ഈ ഖണ്ഡങ്ങളിലും, 17-ാംവകുപ്പു്, (2)-ാംഉപവകുപ്പിലും], 18-ാംവകുപ്പു്, (എ), (ബി) * 2 [(സി) (സി സി)] ഖണ്ഡങ്ങളിലും പ്രസ്താവിച്ചിട്ടുള്ള എല്ലാ ആധാരങ്ങളും അവ സംബന്ധിക്കുന്ന വസ്തു മുഴുവനുമോ ഏതാനുമോ ഏതു് സബ്ബ് ഡിസ്ത്രിക്ടിൽ കിടക്കുന്നുവോ അവിടത്തെ സബ്ബ് രജിസ്ത്രാരുടെ കച്ചേരിയിൽ രജിസ്ററർ ചെയ്യാനായി ഹാജരാക്കപ്പെടേണ്ടതാകുന്നു.

29. മററാധാരങ്ങൾ രജിസ്ററർ ചെയ്യുന്നതിനുള്ള സ്ഥലം.—(1) [28-ാംവകുപ്പിൽ പറഞ്ഞിരിക്കുന്ന ആധാരമോ, ഒരു ഡിക്രിയുടെയോ ഉത്തരവിന്റെയോ പകർപ്പോ അല്ലാത്ത]*3 എല്ലാ ആധാരങ്ങളും, അവ ഏതു സബ്ബ് ഡിസ്ത്രിക്ററിൽവച്ചു് ഒപ്പിട്ടു കൊടുത്തുവോ അവിടത്തെ സബ്ബ് രജിസ്ത്രാരുടെ കച്ചേരിയിലോ, ആ ആധാരങ്ങൾ ഒപ്പിട്ടു കൊടുക്കുന്നവരും, ആധാരപ്രകാരം അവകാശപ്പെടുന്നവരുമായ എല്ലാപേരും അവ [സംസ്ഥാന ഗവണ്മെന്റിന്റെ] കീഴിലുള്ള മറേറതു് സബ്ബ് രജിസ്ത്രാരുടെ കച്ചേരിയിൽ രജിസ്ററർ ചെയ്യണമെന്നു് ആഗ്രഹിക്കുന്നുവോ ആ കച്ചേരിയിലോ, രജിസ്ററർ ചെയ്യാനായി ഹാജരാക്കപ്പെടാവുന്നതാണു്.

(2) ഡിക്രിയുടെയോ ഉത്തരവിന്റെയോ പകർപ്പു്, ആ അസ്സൽ ഡിക്രിയോ, ഉത്തരവോ ഏതു സബ്ബ് ഡിസ്ത്രിക്ററിൽ ഉണ്ടായോ ആ സബ്ബ് ഡിസ്ത്രിക്ററിലെ സബ്ബ് രജിസ്ത്രാരുടെ കച്ചേരിയിലാകട്ടെ, അല്ലെങ്കിൽ ഡിക്രിയോ ഉത്തരവോ സ്ഥാവരവസ്തുവെ ബാധിക്കാത്തതാണെങ്കിൽ, ആ ഡിക്രിയോ ഉത്തരവോ അനുസരിച്ചു് അവകാശപ്പെടുന്ന എല്ലാപേരും

---

*1. "ഡി" എന്നതിനു പകരം 1940-ലെ 33-ാംആക്ററുപ്രകാരം ചേർത്തതു്.

*2. "സി" എന്നതിനു പകരം ടി പ്രകാരം ചേർത്തതു്.

*3. "28-ാംവകുപ്പിൽ പറഞ്ഞിരിക്കുന്ന ആധാരങ്ങളും, ഡിക്രിയുടെയോ ഉത്തരവിന്റെയോ പകർപ്പും അല്ലാതെയുള്ള" എന്നതിനു പകരം 1940-ലെ 32-ാം ആക്ററുപ്രകാരം ചേർത്തതു്.

അതിന്റെ പകർപ്പ് [സംസ്ഥാന ഗവൺമെന്റിന്റെ] കീഴിലുള്ള മറ്റേതു സബ്ബ് രജിസ്ട്രാരുടെ കച്ചേരിയിൽ രജിസ്റ്റർ ചെയ്യണം എന്ന് ആഗ്രഹിക്കുന്നുവോ ആ കച്ചേരിയിലാകട്ടെ, രജിസ്റ്റർ ചെയ്യാനായി ഹാജരാക്കാവുന്നതാകുന്നു.

30. ചില സന്ദർഭങ്ങളിൽ രജിസ്ട്രേഷൻ, രജിസ്ട്രാർ തന്നെ നടത്താമെന്ന്:— (1) ഏതു് രജിസ്ട്രാർക്കും, തന്റെ കീഴിലുള്ള ഏതെങ്കിലും സബ്ബ്‌രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യാവുന്ന ഏതു് ആധാരവും യഥാർത്ഥസമ്മതം സ്വീകരിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യാവുന്നതാണ്.

(2) ഒരു പ്രസിഡൻസി ടൗൺ ഉൾപ്പെടുന്ന ഡിസ്ട്രിക്റ്റിലെ രജിസ്ട്രാർക്ക് *1 [.....] 28-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള ഏതു് ആധാരവും, ആധാരപ്രകാരമുള്ള വസ്തു [ഇൻഡ്യയുടെ] ഏതു ഭാഗത്തു് സ്ഥിതിചെയ്യുന്നുവെന്നതു് പരിഗണിക്കാതെ, സ്വീകരിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്യാവുന്നതാണ്.

31. വാസസ്ഥലങ്ങളിൽവച്ച് രജിസ്റ്ററാക്കിക്കൊടുക്കയോ അനാമത്തു് വയ്ക്കാനായി സ്വീകരിക്കയോ ചെയ്യൽ. സാധാരണ സന്ദർഭങ്ങളിൽ, ഈ ആക്റ്റുപ്രകാരം ആധാരം രജിസ്റ്റർചെയ്തു കൊടുക്കയോ, അനാമത്തു വയ്ക്കുകയോ ചെയ്യുന്നതു്, അതു രജിസ്റ്റർ ചെയ്യുന്നതിനോ അനാമത്തു വയ്ക്കുന്നതിനോ ആയി സ്വീകരിപ്പാൻ അധികാരമുള്ള ഉദ്യോഗസ്ഥന്റെ കച്ചേരിയിൽവച്ചു മാത്രം വേണ്ടതാകുന്നു.

എന്നാൽ പ്രത്യേക കാരണം കാണിക്കുന്നപക്ഷം, ആ ഉദ്യോഗസ്ഥന്, ആധാരം രജിസ്റ്ററാക്കിക്കാൻ ഹാജരാക്കാനോ, മരണശാസനം അനാമത്തു് വയ്ക്കാനോ ആഗ്രഹിക്കുന്ന വല്ല ആളിന്റെയും വാസസ്ഥലത്തു് ചെല്ലുകയും, ആ ആധാരം രജിസ്റ്ററാക്കുവാനോ, മരണശാസനം അനാമത്തു് വയ്ക്കാനോ സ്വീകരിക്കയും ചെയ്യാവുന്നതാണ്.

## ഭാഗം 6.

### ആധാരങ്ങൾ രജിസ്റ്റർ ചെയ്യാനായി ഹാജരാക്കുന്നതിനെപ്പറ്റി.

32. ആധാരങ്ങൾ രജിസ്റ്റർ ചെയ്യാൻ ഹാജരാക്കേണ്ട ആളുകൾ:— [31, 88, 89*2 എന്നീ വകുപ്പുകളിൽ] പറയപ്പെട്ടിട്ടുള്ള സംഗതികളിലൊഴികെ, ഈ ആക്റ്റുപ്രകാരം രജിസ്റ്റർ ചെയ്യേണ്ട എല്ലാ ആധാരവും, ആ രജിസ്ട്രേഷൻ നിർബന്ധിതമായിട്ടുള്ളതാകട്ടെ, ഇച്ഛാനുസാരമായിട്ടുള്ളതാകട്ടെ, ശരിയായ രജിസ്റ്റർ കച്ചേരിയിൽ—

(എ) അതു് എഴുതി ഒപ്പിട്ടുകൊടുത്ത ആളോ, അതുമൂലം അവകാശപ്പെടുന്ന ആളോ അല്ലെങ്കിൽ ഒരു ഡിക്രിയുടെയോ ഉത്തരവിന്റെ—

---

*1 "ലാഹൂർ ഡിസ്ട്രിക്റ്റിലെ രജിസ്ട്രാർക്കും" എന്ന വാക്കുകൾ 1948-ലെ എ. ഒ. പ്രകാരം നീക്കപ്പെട്ടു;

*2. "31-ാംവകുപ്പ് 89-ാംവകുപ്പ്" എന്നതിനു പകരം 1948-ലെ 39-ാംആക്റ്റ് 3-ാംവകുപ്പ് പ്രകാരം ചേർത്തു്.

യോ പകർപ്പിൻെറ കാര്യത്തിൽ ആ ഡിക്രിയോ ഉത്തരവോ അനുസരിച്ചു അവകാശപ്പെടുന്ന ആളോ, അല്ലെങ്കിൽ,

(ബി) അയാളുടെ പ്രതിനിധിയോ വസ്തു ഏല്പിക്കപ്പെട്ടവനോ; അല്ലെങ്കിൽ

(സി) ഇതിനു ശേഷം പറയപ്പെടുന്ന രീതിയിൽ ഉണ്ടാക്കുകയും, സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുള്ള മുക്ത്യാർ നാമത്താൽ മുറപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ആ ആളിൻെറയോ, പ്രതിനിധിയുടെയോ, വസ്തു ഏല്പിക്കപ്പെട്ടവൻെറയോ ഏജൻെറാ, ഹാജരാക്കേണ്ടതാകുന്നു.

33. 32-ാംവകുപ്പിലെ കാര്യങ്ങൾക്ക് മുക്ത്യാർനാമം അംഗീകരിക്കാമെന്ന്:—(1) 32-ാംവകുപ്പിലെ കാര്യങ്ങൾക്ക്,താഴെപ്പറയുന്ന മുക്ത്യാർ നാമങ്ങൾ മാത്രമേ അംഗീകരിക്കാൻ പാടുള്ളു. അതായതു്:—

(എ) മുക്ത്യാർ നാമം ഒപ്പിട്ടുകൊടുക്കുന്ന കാലത്തു് മുതലാളൻ, ഈ ആക്ററ് തൽക്കാലം പ്രാബല്യത്തിലിരിക്കുന്ന [ഇൻഡ്യയുടെ] ഏതെങ്കിലും ഭാഗത്തു് അധിവസിക്കുന്ന പക്ഷം, അയാൾ ഏതു ഡിസ്ട്രിക്ററിലോ, സബ്ഡിസ്ട്രിക്ററിലോ പാക്കുന്നുവോ അവിടത്തെ രജിസ്ട്രാരുടെയോ സബ്‌രജിസ്ട്രാരുടെയോ മുൻപാകെ വച്ചു് ഒപ്പിട്ടുകൊടുക്കപ്പെട്ടതും, അദ്ദേഹം സാക്ഷ്യപ്പെടുത്തിയതുമായ മുക്ത്യാർ നാമം;

(ബി) മുൻപറഞ്ഞ കാലത്തു് മുതലാളൻ [ഈ ആക്ററ് പ്രാബല്യത്തിലില്ലാത്ത, ഇൻഡ്യയുടെ ഏതെങ്കിലും ഭാഗത്തു് അധിവസിക്കുന്ന പക്ഷം]*1 ഏതെങ്കിലും മജിസ്ട്രേട്ടിൻെറ മുൻപാകെ വച്ചു് ഒപ്പിട്ടുകൊടുക്കപ്പെട്ടതും അദ്ദേഹം സാക്ഷ്യപ്പെടുത്തിയതുമായ മുക്ത്യാർ നാമം.

(സി) മുൻപറഞ്ഞ കാലത്തു് മുതലാളൻ [ഇൻഡ്യ]യിൽ അധിവസിക്കുന്നില്ലെങ്കിൽ, ഒരു നോട്ടറി പബ്ലിക്കിൻെറയോ, ഏതെങ്കിലും കോടതിയുടെയോ, ജഡ്ജിയുടെയോ, മജിസ്ട്രേട്ടിൻെറയോ, [ഇൻഡ്യൻ]*2 കാൺസലിൻെറയോ, വൈസ് കാൺസലിൻെറയോ [കേന്ദ്രഗവണ്മെൻറിൻെറ] [..................]*3 പ്രതിനിധിയുടെയോ മുൻപാകെ വച്ചു് ഒപ്പിട്ടുകൊടുക്കപ്പെട്ടതും, അവരാരെങ്കിലും സാക്ഷ്യപ്പെടുത്തിട്ടുള്ളതുമായ മുക്ത്യാർനാമം.

എന്നാൽ ഈ വകുപ്പിലെ (എ), (ബി) എന്നീ ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും മുക്ത്യാർനാമം ഒപ്പിട്ടുകൊടുക്കുന്നതിനുവേണ്ടി,

---

*1. "സ്റ്റേററുകളുടെ മറേറതെങ്കിലും ഭാഗത്തു് അധിവസിക്കുന്ന പക്ഷം" എന്ന വാക്കുകൾക്കു പകരം, 1951-ലെ 3-ാംആക്ററായ പാർട്ട് ബി. സ്റ്റേററ്സ് (നിയമം) ആക്ററപ്രകാരം ചേർത്തു്.

*2. "ബ്രിട്ടീഷ്" എന്ന വാക്കിനു പകരം 1950-ലെ എ. ഒ. പ്രകാരം ചേർത്തു്.

*3. "ചക്രവർത്തി തിരുമനസ്സിലെ" എന്ന വാക്കുകൾ ടി പ്രകാരം നീക്കം ചെയ്തു.

(i) ദേഹദൗർബ്ബല്യം നിമിത്തം, അപകടമോ വലിയ അസൗകര്യമോ കൂടാതെ ഹാജരാകുന്നതിന് കഴിവില്ലാത്ത ആളുകളോ;

(ii) സിവിൽ പ്രാസസ്സോ, ക്രിമിനൽ പ്രാസസ്സോ പ്രകാരം ജയിലിൽ അടയ്ക്കപ്പെട്ടിരിക്കുന്ന ആളുകളോ ;

(iii) കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽനിന്ന് നിയമം മൂലം ഒഴിവാക്കപ്പെട്ടിട്ടുള്ള ആളുകളോ ; ഏതെങ്കിലും രജിസ്റ്റർ കച്ചേരിയിലോ, കോടതിയിലോ ഹാജരാകണം എന്ന് ആവശ്യപ്പെട്ടുകൂടാത്തതാകുന്നു.

[വിശദീകരണം:—ഈ ഉപവകുപ്പിൽ, "ഇൻഡ്യ" എന്നതിനു 1897–ലെ, പൊതുവകുപ്പുകൾ ആക്റ്റ് (1897–ലെ 10–ാം ആക്റ്റ്) 3–ാം വകുപ്പ്, (28)–ാം ഖണ്ഡത്തിൽ നിർവചിച്ചിരിക്കുന്ന ഇൻഡ്യ എന്നർത്ഥമാകുന്നതാണ്]*

(2) അപ്രകാരമുള്ള എല്ലാ ആളുകളുടെ കാര്യത്തിലും, സന്ദർഭം പോലെ, രജിസ്ട്രാക്കോ, സബ്‌രജിസ്ട്രാക്കോ, മജിസ്ട്രേട്ടിനോ, മുതലാളനാണെന്ന് ഉദ്ദേശിക്കപ്പെടുന്നയാൾതന്നെ ആ മുക്ത്യാർനാമം സ്വമനസ്സാലെ ഒപ്പിട്ടുകൊടുത്തിരിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം മുമ്പു പ്രസ്താവിച്ച കച്ചേരിയിലോ, കോടതിയിലോ അയാൾ നേരിട്ട് ഹാജരാകണമെന്ന് ആവശ്യപ്പെടാതെ തന്നെ അതു് സാക്ഷ്യപ്പെടുത്തിക്കൊടുക്കാവുന്നതാണ്.

(3) സ്വമനസ്സാലെ ഒപ്പിട്ടുകൊടുത്തതാണെന്ന് തെളിവു ലഭിക്കുന്നതിനായി, രജിസ്ട്രാക്കോ, സബ്‌രജിസ്ട്രാക്കോ, മജിസ്ട്രേട്ടിനോ മുതലാളനാണെന്ന് ഉദ്ദേശിക്കപ്പെടുന്ന ആളിന്റെ വസതിയിലോ, അയാളെ സൂക്ഷിച്ചിരിക്കുന്ന ജയിലിലോ നേരിട്ടുചെന്ന് അയാളോട് ചോദ്യം ചെയ്യാവുന്നതും, അല്ലെങ്കിൽ അയാളോട് ചോദ്യം ചെയ്യുന്നതിന് കമ്മിഷൻ അയയ്ക്കാവുന്നതുമാകുന്നു.

(4) ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന വല്ല മുക്ത്യാർ നാമവും അതിനുവേണ്ടി ഇതിനുമുമ്പ് പറയപ്പെട്ടിട്ടുള്ള ആളിന്റെയോ, കോടതിയുടെയോ മുൻപാകെ വച്ച് ഒപ്പിട്ടുകൊടുക്കുകയും, ആ ആളോ കോടതിയോ അതു് സാക്ഷ്യപ്പെടുത്തുകയും ചെയ്തുവെന്നു് പ്രഥമദൃഷ്ടിയിൽ തന്നെ അതിൽനിന്ന് അനുമാനിക്കാമെങ്കിൽ, വേറെ തെളിവുകൂടാതെ ആ മുക്ത്യാർനാമം ഹാജരാക്കുന്നതുകൊണ്ടുമാത്രം അതു് തെളിഞ്ഞതായി വിചാരിക്കാവുന്നതാകുന്നു.

34. രജിസ്ട്രേഷനു മുമ്പ് രജിസ്റ്ററിംഗ് ആഫീസർ നടത്തേണ്ട വിചാരണ:—(1) ആധാരം ഒപ്പിട്ടുകൊടുക്കുന്ന ആളുകളോ, മേൽപ്പറഞ്ഞതുപോലെ അധികാരപ്പെടുത്തിയിട്ടുള്ള അവരുടെ പ്രതിനിധികളോ, വസ്തു ഏൽപ്പിക്കപ്പെട്ടവരോ, ഏജൻറന്മാരോ, 23, 24, 25, 26 എന്നി വകുപ്പുകളിൻപ്രകാരം ഹാജരാകലിന് അനുവദിച്ചിട്ടുള്ള കാലത്തിനുള്ളിൽ, രജിസ്റ്ററിംഗ് ആഫീസറുടെ മുൻപിൽ ഹാജരാകുന്നെങ്കിലല്ലാതെ

---

* 1951–ലെ 3–ാം ആക്റ്റായ പാർട്ട് ബി. സ്റ്റേറ്റ് (നിയമങ്ങൾ) ആക്റ്റുമുഖേന ചേർത്തു്.

ഈ ഭാഗത്തിലും, 41, 43, 45, 69, 75, 77, 88, 89 എന്നീ വകുപ്പുകളിലും അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായി, യാതൊരാധാരവും ഈ ആക്റ്റു പ്രകാരം രജിസ്റ്റർ ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

എന്നാൽ അത്യാവശ്യമോ, അനിവാര്യമായ അപകടമോ മൂലം അപ്രകാരമുള്ള എല്ലാ ആളുകളും അങ്ങനെ ഹാജരാകുന്നില്ല എങ്കിൽ ഹാജരാകലിനുള്ള കാലവിളംബം നാലുമാസത്തിൽ കവിയാത്ത സന്ദർഭങ്ങളിൽ, രജിസ്ട്രാർക്ക്, 25-ാംവകുപ്പുംപ്രകാരം ഒടുക്കപ്പെടേണ്ട വല്ല പിഴയും ഉണ്ടെങ്കിൽ അതുകൂടാതെ, ശരിയായ രജി. സ്ട്രേഷൻഫീസിന്റെ തുകയുടെ പത്തുമടങ്ങിൽ കവിയാത്ത തുക പിഴയായി അടയ്ക്കുന്നപക്ഷം ആധാരം രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പുംപ്രകാരം ഹാജരാകുന്നതൊക്കെയും ഒരേ കാലത്തോ, വെവ്വേറെയുള്ള കാലങ്ങളിലോ ആകാവുന്നതാകുന്നു.

(3) രജിസ്റ്ററിംഗ് ആഫീസർ അതിനുശേഷം—

(എ) ആ ആധാരം ഏതു ആളുകൾ ഒപ്പിട്ടുകൊടുത്തതാണെന്ന് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുവോ ആ ആളുകൾതന്നെ അതു് ഒപ്പിട്ടുകൊടുത്തുവോ ഇല്ലയോ എന്ന് വിചാരണചെയ്കയും;

(ബി) തന്റെ മുൻപാകെ ഹാജരായി ആധാരം തങ്ങൾതന്നെ ഒപ്പിട്ടുകൊടുത്തു എന്ന് ഉറപ്പിച്ചു പറയുന്ന ആളുകൾ അങ്ങനെ ഒപ്പിട്ടുകൊടുത്തവർ തന്നെയോ എന്ന് സ്വയം ബോദ്ധ്യപ്പെടുത്തുകയും;

(സി) ആരെങ്കിലും പ്രതിനിധിയായോ, വസ്തു ഏൽപ്പുകാരനായോ, ഏജൻറായോ ഹാജരാകുന്നപക്ഷം അയാൾക്ക് അങ്ങനെ ഹാജരാകുന്നതിനു് അവകാശം ഉണ്ടോ എന്ന് സ്വയം ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(4) (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനപ്രകാരമുള്ള നിർദ്ദേശത്തിനുവേണ്ടിയുള്ള ഏതൊരപേക്ഷയും, സബ്‌രജിസ്ട്രാർ മുൻപാകെ കൊടുക്കാവുന്നതും, അദ്ദേഹം ഉടൻതന്നെ അതു്, താൻ കീഴ്പ്പെട്ടിരിക്കുന്ന രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(5) ഈ വകുപ്പിലെ യാതൊന്നുംതന്നെ, ഡിക്രികളുടെയോ, ഉത്തരവുകളുടെയോ പകർപ്പുകൾക്ക് ബാധകമായിരിക്കുന്നതല്ല.

35. ഒപ്പിട്ടു കൊടുത്തതായി സമ്മതിക്കുമ്പോഴും, കൊടുത്തില്ലെന്നു് നിഷേധിക്കുമ്പോഴും യഥാക്രമം ഉള്ള നടപടി:—(1) (എ) ആധാരം ഒപ്പിട്ടുകൊടുക്കുന്ന ആളുകളെല്ലാം രജിസ്റ്ററിംഗ് ആഫീസരുടെ മുൻപിൽ നേരിട്ട് ഹാജരാകയും, അവർ അദ്ദേഹം അറിയുന്ന ആളുകൾ ആയിരിക്കുകയും ചെയ്കയോ അഥവാ, അവർ തങ്ങൾ ആരാണെന്നു പറയുന്നുവോ അവർതന്നെയാണെന്നു് അദ്ദേഹത്തിന് മറവുതരത്തിൽ ബോദ്ധ്യമാകയോ ചെയ്കയും, അവരെല്ലാം ആധാരം ഒപ്പിട്ടുകൊടുത്തതിനെ സമ്മതിക്കയും ചെയ്യുന്നു എങ്കിൽ ആകട്ടെ; അല്ലെങ്കിൽ;

(ബി) പ്രതിനിധിയോ, മുതൽ ഏൽപ്പിക്കപ്പെട്ടവനോ ഏജൻറുമുഖേന ഹാജരാകുന്ന വല്ല ആളുടേയും സംഗതിയിൽ, ആ

പ്രതിനിധിയോ, മുതൽ ഏൽപ്പിക്കപ്പെട്ടവനോ, എങ്കൽ ആ ആധാരം ഒപ്പിട്ടുകൊടുത്തതു് സമ്മതിക്കുന്നു എങ്കിലാകട്ടെ;

(സി) ആധാരം ഒപ്പിട്ടുകൊടുത്തയാൾ മരിച്ചുപോയിരിക്കയും, അയാളുടെ പ്രതിനിധിയോ, മുതൽ ഏൽപ്പിക്കപ്പെട്ടവനോ രജിസ്റ്ററിംഗ് ആഫീസരുടെ മുൻപിൽ ഹാജരാകയും, ആധാരം ഒപ്പിട്ടുകൊടുത്തതു് അംഗീകരിക്കയും ചെയ്യുന്നു എങ്കിൽ ആ ട്ടെ, 58 മുതൽ 61 വരെ രണ്ടും ഉൾപ്പെടെ, ഉള്ള വകുപ്പുകളിൽ വിധിച്ചിരിക്കുന്നതുപോലെ, രജിസ്റ്ററിംഗ് ആഫീസർ ആ ആധാരം രജിസ്റ്റർ ചെയ്യേണ്ടതാകുന്നു.

(2) തന്റെ മുമ്പിൽ ഹാജരായിരിക്കുന്നയാളുകൾ അവർ ആരെന്നു പറയുന്നുവോ ആ ആളുകൾ തന്നെയാണെന്നു് തനിക്കു് ബോദ്ധ്യം വരുത്തുവാനോ, ഈ ആക്റ്റപ്രകാരം ഉദ്ദേശിച്ചിട്ടുള്ള മറെറതെങ്കിലും കാര്യത്തിനോ രജിസ്റ്ററിംഗ് ആഫീസർക്കു് തന്റെ ആഫീസിൽ ഹാജരാകുന്ന ആരെയും ചോദ്യംചെയ്യാവുന്നതാണു്.

(3) (എ) ആധാരം ഒപ്പിട്ടുകൊടുത്തതായി ഉദ്ദേശിക്കുന്ന വ്യക്തികളിൽ ആരെങ്കിലും അതു് ഒപ്പിട്ടു കൊടുത്തില്ലെന്നു വാദിക്കുകയാകട്ടെ;

(ബി) ആ വല്ല ആളും മൈനറോ, ബുദ്ധിഭ്രമം പിടിപെട്ടവനോ ആണെന്നു് രജിസ്റ്ററിംഗ് ആഫീസർ കാണുകയാകട്ടെ; അല്ലെങ്കിൽ

(സി) ആധാരം ഒപ്പിട്ടുകൊടുത്തതായി പറയുന്ന വല്ല വ്യക്തിയും മരിച്ചുപോയിരിക്കയും, അയാളുടെ പ്രതിനിധിയോ, മുതൽ ഏൽപ്പിക്കപ്പെട്ടയാളോ ആയതു് ഒപ്പിട്ടുകൊടുത്തിട്ടില്ലെന്നു് വാദിക്കയും ചെയ്യുകയാകട്ടെ ചെയ്യുമ്പോൾ, രജിസ്റ്ററിംഗ് ആഫീസർ, അപ്രകാരം വാദിക്കയോ, ഹാജരാകയോ, മരിക്കയോ ചെയ്യുന്ന ആളുകളെ സംബന്ധിച്ചിടത്തോളം, ആ ആധാരം രജിസ്റ്ററാക്കാൻ വിസമ്മതിക്കേണ്ടതാകുന്നു:

എന്നാൽ ആ ഉദ്യോഗസ്ഥൻ രജിസ്ട്രാർ ആണെങ്കിൽ, അദ്ദേഹം 12-ാംഭാഗത്തിൽ നിർണ്ണയിക്കപ്പെട്ട നടപടിക്രമം അനുവർത്തിക്കേണ്ടതാണു്.

[കൂടാതെ, [സംസ്ഥാനഗവണ്മെൻറിനു്] *1 [ഔദ്യോഗിക ഗസററിൽ] പരസ്യം മുഖേന, ആ പരസ്യത്തിൽ പേർ പറഞ്ഞിരിക്കാവുന്ന ഏതെങ്കിലും സബ്‌രജിസ്ട്രാർ, ഒപ്പിട്ടുകൊടുക്കൽ നിഷേധിക്കപ്പെട്ടിട്ടുള്ള ആധാരങ്ങളെ സംബന്ധിച്ചിടത്തോളം, ഈ ഉപവകുപ്പിനും 12-ാംഭാഗത്തിനുംവേണ്ടി രജിസ്ട്രാറെന്നു് ഗണിക്കപ്പെടുന്നതാണെന്നു് പ്രഖ്യാപിക്കാവുന്നതാണു്.] *2

---

*1. "ദർബ്ബാർ ഗവണ്മെൻറ് ഗസററ്" എന്നതിനു പകരം 1937-ലെ ഏ. ഒ. പ്രകാരം ചേർക്കപ്പെട്ടതു്.

*2. 1926-ലെ 13-ാം ആക്റ്റിനാൽ ചേർക്കപ്പെട്ടതു്.

## ഭാഗം 7.

### ഒപ്പിട്ടവരേയും സാക്ഷികളേയും വരുത്തുന്നതിനെപ്പറ്റി.

36. ഒപ്പിട്ടുകൊടുത്ത ആളെയോ സാക്ഷിയെയോ വരുത്തുവാൻ ആഗ്രഹിക്കുമ്പോളുള്ള നടപടി:—രജിസ്റ്റർ ചെയ്യാൻ വല്ല ആധാരവും ഹാജരാക്കുകയോ, അപ്രകാരം ഹാജരാക്കാൻ കഴിവുള്ള വല്ല ആധാരപ്രകാരവും അവകാശപ്പെടുകയോ ചെയ്യുന്ന ആരെങ്കിലും, ആ ആധാരത്തിന്റെ രജിസ്ട്രേഷന് ആരുടെ സാന്നിധ്യം അഥവാ സാക്ഷ്യം ആവശ്യമാണോ ആ ആളെ വരുത്തണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ, രജിസ്റ്ററിംഗ് ആഫീസർക്ക്, തന്റെ യുക്തംപോലെ ഇക്കാര്യത്തിലേയ്ക്ക് [സംസ്ഥാനഗവൺമെൻറ്] നിർദ്ദേശിക്കുന്ന ആഫീസറോടോ, കോടതിയോടോ, സമൻസിൽ പറഞ്ഞിരിക്കാവുന്നപ്രകാരം അയാൾ നേരിട്ടോ, മുറപ്രകാരം അധികൃതനായ ഏജൻറു മുഖേനയോ, സമൻസിൽ പറഞ്ഞിരിക്കാവുന്ന സമയത്ത് രജിസ്റ്റർ കച്ചേരിയിൽ ഹാജരാകണമെന്നു നിർദ്ദേശിച്ചുകൊണ്ട് അയാൾക്ക് സമൻസ് അയയ്ക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്.

37. സമൻസ് അയച്ച് നടത്തിക്കേണ്ടത് ആഫീസറോ കോടതിയോ ആയിരിക്കണമെന്ന്:—ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ അടയ്ക്കേണ്ടുന്ന ശിപായിപ്പടി കൈപ്പററുന്നതോടുകൂടി ആ ആഫീസറോ, കോടതിയോ അപ്രകാരം സമൻസ് അയയ്ക്കുകയും, ഹാജരാകേണ്ട ആൾക്ക് അത് കൊടുപ്പിക്കുകയും ചെയ്യേണ്ടതാണ്.

38. രജിസ്റ്റർ കച്ചേരിയിൽ ഹാജരാകുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ടവർ:—(1) (എ) ദേഹദൗർബല്യംനിമിത്തം, അപകടമോ, വല്ലാത്ത അസൗകര്യമോ കൂടാതെ രജിസ്റ്റർകച്ചേരിയിൽ ഹാജരാകാൻ കഴിവില്ലാത്ത ആളുകളോ,

(ബി) സിവിൽ പ്രോസസ്സോ, ക്രിമിനൽ പ്രോസസ്സോ പ്രകാരം ജയിലിൽ അടയ്ക്കപ്പെട്ടിരിക്കുന്ന ആളോ;

(സി) കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്ന് നിയമംമൂലം ഒഴിവാക്കപ്പെട്ടിട്ടുള്ളവരും, ഇതിനുശേഷം തൊട്ടടുത്ത ഉൾക്കൊള്ളിച്ചിരിക്കുന്ന വ്യവസ്ഥ ഇല്ലാതിരുന്നെങ്കിൽ രജിസ്റ്റർകച്ചേരിയിൽ നേരിട്ട് ഹാജരാകണമെന്ന് ആവശ്യപ്പെടാമായിരുന്നവരുമായ ആളുകളോ,

അങ്ങനെ ഹാജരാകണം എന്ന് ആവശ്യപ്പെട്ടുകൂടാത്തതാകുന്നു.

(2) അപ്രകാരമുള്ള ഓരോരുത്തന്റെ കാര്യത്തിലും, രജിസ്റ്ററിംഗ് ആഫീസർ ആ ആളുടെ വീട്ടിലോ, അയാളെ സൂക്ഷിച്ചിരിക്കുന്ന ജയിലിലോ നേരിട്ടുചെന്ന് അയാളോടു ചോദ്യംചെയ്യുകയോ, ചോദ്യം ചെയ്യുവാൻ കമ്മീഷൻ അയയ്ക്കുകയോ ചെയ്യേണ്ടതാണ്.

39. സമൻസ്, കമ്മിഷൻ ഇവയും, സാക്ഷികളെയും സംബന്ധിച്ച നിയമം:—സിവിൽക്കോടതി മുമ്പാകെയുള്ള വ്യവഹാരങ്ങളിൽ, സമൻസുകളെക്കുറിച്ചും, കമ്മീഷനെക്കുറിച്ചും സാക്ഷികളെ വരുത്തുകയും, അവർക്ക

ചെലവു കൊടുക്കുകയും ചെയ്യുന്നതിനെക്കുറിച്ചും നിലവിലുള്ള നിയമം, ഏതെങ്കിലും സമൻസുകളോ അല്ലെങ്കിൽ രൂപീകരിക്കപ്പെട്ട കമ്മീഷനുകളോ ഇവയേയും ഈ ആക്ടിലെ വ്യവസ്ഥ അനുസരിച്ചു ഹാജരാകുവാൻ പുറപ്പെടുവിച്ചിട്ടുള്ള വല്ല സമൻസിനെയും അഥവാ കമ്മീഷനെയും, വിളിക്കപ്പെട്ട ഏതെങ്കിലും ആളെയും, മുമ്പു പറഞ്ഞിട്ടുള്ളതൊഴിച്ചും, ആവശ്യമുള്ള ഭേദഗതികളോടുകൂടിയും, സംബന്ധിക്കുന്നതാണ്.

## ഭാഗം 8.

### മരണശാസനം ഹാജരാക്കുന്നതിനെയും, ദത്തെടുക്കുവാനുള്ള അധികാരപത്രങ്ങളെയുംപറ്റി.

40. മരണശാസനം ഹാജരാക്കാൻ അവകാശപ്പെട്ടവരും, ദത്തെടുക്കാനുള്ള അധികാരപത്രങ്ങളും:—(1) മരണശാസനകർത്താവോ, അയാളുടെ മരണശേഷം ആ മരണശാസനപ്രകാരം കാര്യം നടത്തുന്ന ആളായോ മറ്റോ അവകാശപ്പെടുന്ന വല്ല ആളോ, മരണശാസനം രജിസ്റ്റർചെയ്യുന്നതിനായി ഏതെങ്കിലും രജിസ്ട്രാരുടെയോ, സബ്‌രജിസ്ട്രാരുടെയോ മുമ്പാകെ ഹാജരാക്കാവുന്നതാണ്.

(2) ദത്തെടുക്കുവാനുള്ള വല്ല അധികാരപത്രത്തിന്റെയും ദാതാവിനോ, അയാളുടെ മരണശേഷം ആ അധികാരത്തിന്റെ ഗ്രഹീതാവിനോ അല്ലെങ്കിൽ ദത്തുപുത്രനോ, അതു രജിസ്റ്റർചെയ്യുവാനായി ഏതെങ്കിലും രജിസ്ട്രാരുടെയോ സബ്‌രജിസ്ട്രാരുടെയോ മുമ്പാകെ ഹാജരാക്കാവുന്നതാണ്.

41. മരണശാസനങ്ങളുടെയും ദത്തെടുക്കുവാനുള്ള അധികാരപത്രങ്ങളുടെയും രജിസ്ട്രേഷൻ:—(1) മരണശാസനകർത്താവോ, ദാതാവോ രജിസ്റ്റർചെയ്യുന്നതിനായി ഹാജരാക്കുന്ന മരണശാസനമോ, ദത്തെടുക്കുവാനുള്ള അധികാരപത്രമോ വേറെ വല്ല ആധാരവും രജിസ്റ്റർ ചെയ്യുന്നമാതിരി, രജിസ്റ്റർ ചെയ്യപ്പെടാവുന്നതാണ്.

(2) മരണശാസനമോ, ദത്തെടുക്കാനുള്ള അധികാരപത്രമോ രജിസ്റ്റർ ചെയ്യുന്നതിന് ഹാജരാക്കാൻ അവകാശപ്പെട്ട മറ്റേതെങ്കിലും ആളും അതു അതിലേയ്ക്കു ഹാജരാക്കുന്നപക്ഷം,

(എ) ആ മരണശാസനമോ, അധികാരപത്രമോ സന്ദർഭംപോലെ ആ മരണശാസനകർത്താവോ, ദാതാവോ ഒപ്പിട്ടു കൊടുത്തതാണെന്നും;

(ബി) ആ മരണശാസനകർത്താവോ, ദാതാവോ മരിച്ചുപോയി എന്നും;

(സി) മരണശാസനമോ, അധികാരപത്രമോ ഹാജരാക്കുന്നയാൾ, അങ്ങനെ ഹാജരാക്കുന്നതിന് 40-ാം വകുപ്പ് അനുസരിച്ചു അർഹതയുള്ള ആളാണെന്നും, രജിസ്റ്ററിംഗ് ആഫീസർക്കു ബോദ്ധ്യമായാൽ അതു രജിസ്റ്ററാക്കി കൊടുക്കേണ്ടതാകുന്നു.

## ഭാഗം 9.

### മരണശാസനങ്ങൾ അനാമത്തുവയ്ക്കുന്നതിനെപ്പററി.

42. മരണശാസനങ്ങളുടെ അനാമത്തുവയ്പ്.—മരണശാസനകത്താവായ വല്ലയാളുംക്കും, തന്റെ മരണശാസനം ഒരു കവറിലാക്കി മുദ്രവച്ച് തന്റെ പേരും, (ഉണ്ടെങ്കിൽ) തന്റെ ഏജൻറിന്റെ പേരും, അത് ഒരു മരണശാസനമാകുന്നു എന്നുള്ള വിവരവും അതിന്റെ പുറത്തെഴുതി, താൻ തന്നെ നേരിട്ടെങ്കിലും, മുറപ്രകാരം അധികൃതനായ ഏജൻറു മുഖാന്തരമെങ്കിലും, വല്ല രജിസ്ട്രാരുടെയും അടുക്കൽ അനാമത്തു വയ്ക്കാവുന്നതാകുന്നു.

43. മരണശാസനങ്ങൾ അനാമത്തുവയ്ക്കുന്നതു സംബന്ധിച്ച നടപടി:—(1) അപ്രകാരമുള്ള കവർ കിട്ടുമ്പോൾ, അനാമത്തു വയ്ക്കാനായി മരണശാസനം ഹാജരാക്കുന്നയാൾ ആ മരണശാസനത്തിന്റെ കത്താവോ, അയാളുടെ ഏജൻേറാ ആണെന്ന് രജിസ്ട്രാക്ക് ബോദ്ധ്യം വന്നാൽ, അദ്ദേഹം തന്റെ 5-ാംനമ്പർ രജിസ്റ്റർബുക്കിൽ, മേൽപ്പറഞ്ഞ പുറത്തെഴുത്ത് പകത്തിയെഴുതുകയും, അതേബുക്കിലും ആ കവറിന്റെ പുറത്തും, അങ്ങനെ അത് ഹാജരാക്കിയതും കൈപ്പററിയതുമായ ആണ്ടുമാസം തീയതി മണിക്കൂർ ഇവയും, മരണശാസനകത്താവോ അയാളുടെ ഏജൻേറാ ആ ആൾതന്നെ എന്നു സാക്ഷിപറയുന്ന ഏതെങ്കിലും ആളുകളുടെ പേരും, ആ കവറിന്റെ മുദ്രയിന്മേൽ വായിക്കാവുന്ന വിധത്തിൽ തെളിഞ്ഞു കാണുന്ന വല്ല മേലെഴുത്തും ഉണ്ടെങ്കിൽ അതും എഴുതി വയ്ക്കുകയും ചെയ്യേണ്ടതാകുന്നു.

(2) അനന്തരം ആ മുദ്രവച്ച കവർ രജിസ്ട്രാർ അഗ്നിബാധകമല്ലാത്ത തന്റെ പെട്ടിക്കകത്തുവച്ച് സൂക്ഷിക്കേണ്ടതാണ്.

44. 42-ാം വകുപ്പനുസരിച്ച് അനാമത്തു വച്ച, മുദ്രവച്ച കവർ തിരികെ എടുക്കുന്നത്:—അപ്രകാരം കവർ അനാമത്തു വച്ചിട്ടുള്ള മരണശാസനകത്താവ് അത് തിരിയെ എടുക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അത് അനാമത്തായി വച്ചുകൊണ്ടിരിക്കുന്ന രജിസ്ട്രാരോട് താൻ തന്നെയോ മുറപ്രകാരം അധികൃതനായ ഏജൻറുമുഖാന്തരമോ അപേക്ഷിക്കാവുന്നതും, അപേക്ഷകൻ വാസ്തവത്തിൽ മരണശാസനകത്താവോ അയാളുടെ ഏജൻേറാ ആണെന്ന് ബോദ്ധ്യപ്പെട്ടാൽ രജിസ്ട്രാർ അതനുസരിച്ച് കവർ കൊടുക്കേണ്ടതുമാണ്.

45. അനാമത്തുവച്ച ആൾ മരിച്ചാലുള്ള നടപടി:— (1) 42-ാം വകുപ്പനുസരിച്ച് മുദ്രവച്ച കവർ അനാമത്തു വച്ചിട്ടുള്ള മരണശാസനകത്താവ് മരിച്ചതിനുശേഷം, അത് തുറക്കുവാനായി അത് അനാമത്തു വച്ചിരിക്കുന്ന രജിസ്ട്രാക്ക് അപേക്ഷ കിട്ടുകയും, മരണശാസനകത്താവ് മരിച്ചുപോയെന്ന് രജിസ്ട്രാക്ക് ബോദ്ധ്യം വരുകയും ചെയ്കയാണെങ്കിൽ, അദ്ദേഹം ആ അപേക്ഷകന്റെ മുമ്പാകെവച്ച് കവർ പൊട്ടിക്കുകയും, അപേക്ഷകന്റെ ചെലവിൽ അതിലെ ഉള്ളടക്കം തന്റെ 3-ാം നമ്പർ ബുക്കിൽ പകത്തിയെടുപ്പിക്കുകയും ചെയ്യേണ്ടതാകുന്നു.

(2) അപ്രകാരം പകർപ്പ് എടുത്തുകഴിഞ്ഞാൽ രജിസ്ട്രാർ അസൽ മരണശാസനത്തെ വീണ്ടും സൂക്ഷിക്കേണ്ടതാണ്.

46. ചില നിയമങ്ങളുടെ ഒഴിവാക്കലും, കോടതികളുടെ അധികാരങ്ങളും:—(1) ഇതിൽ ഇതിനുമുൻപ് അടങ്ങീട്ടുള്ള യാതൊന്നും തന്നെ, 1865-ലെ ഇൻഡ്യൻ പിൻതുടർച്ചാവകാശനിയമം, 259-ാം വകുപ്പിലെയും, 1881-ലെ പ്രൊബേററും അഡ്മിനിസ്ട്രേഷനും ആക്റ്റ്, 81-ാം വകുപ്പിലെയും വ്യവസ്ഥകളെയോ, ഉത്തരവുമൂലം ഏതെങ്കിലും മരണശാസനം ഹാജരാക്കാൻ നിർബ്ബന്ധിക്കുന്നതിന് വല്ല കോടതിക്കുമുള്ള അധികാരത്തെയോ ബാധിക്കുകയില്ല.

(2) അപ്രകാരം ഏതെങ്കിലും ഉത്തരവ് ഉണ്ടാകുമ്പോൾ, രജിസ്ട്രാർ, 45-ാം വകുപ്പുപ്രകാരം ആ മരണശാസനം നേരത്തേതന്നെ പകർത്തിവച്ചിട്ടില്ലെന്നുവരികിൽ, കവറ് പൊട്ടിക്കുകയും, തന്റെ 3-ാം നമ്പർ ബുക്കിൽ ആ മരണശാസനം പകർത്തിയെടുപ്പിക്കുകയും, മുൻപറഞ്ഞ ഉത്തരവനുസരിച്ച് അസല് പത്രം, കോടതിയിലേയ്ക്ക് മാററിയിട്ടുണ്ടെന്ന് ആ പകർപ്പിൽ ഒരു കുറിപ്പ് എഴുതിച്ചേർക്കുകയും ചെയ്യേണ്ടതാണ്.

## ഭാഗം 10.

### രജിസ്റ്റർ ചെയ്യുന്നതിന്റെയും ചെയ്യാതിരിക്കുന്നതിന്റെയും ഫലങ്ങളെപ്പററി.

47. രജിസ്റ്റർചെയ്ത ആധാരം ഫലിക്കാൻ തുടങ്ങുന്ന സമയം:—രജിസ്റ്റർചെയ്ത ആധാരം അതു രജിസ്റ്റർ ചെയ്യാൻ ആവശ്യമില്ലാത്തതോ, രജിസ്റ്റർ ചെയ്തിട്ടില്ലാത്തതോ ആയിരുന്നാൽ, എപ്പോൾ മുതൽ സാധകമാകാൻ തുടങ്ങുമായിരുന്നുവോ അപ്പോൾ മുതൽ സാധകമാകാൻ തുടങ്ങുന്നതാണ്; രജിസ്റ്റർചെയ്ത സമയം മുതൽക്കല്ല.

48. വസ്തുക്കളെ സംബന്ധിച്ചുള്ള രജിസ്റ്റർചെയ്ത ആധാരങ്ങൾ വാക്കാലുള്ള ഉടമ്പടികൾക്കെതിരായി ഫലപ്പെടുന്നതു് എപ്പോളെന്ന്:—ഈ ആക്റ്റനുസരിച്ച് മുറപ്രകാരം രജിസ്റ്റർചെയ്തതും, ജംഗമമോ സ്ഥാവരമോ ആയ ഏതെങ്കിലും വസ്തു സംബന്ധിച്ചതും ആയ, മരണശാസനം അല്ലാത്ത എല്ലാ ആധാരങ്ങളും, ആ വസ്തു സംബന്ധിച്ചുതന്നെ വാക്കാൽ ചെയ്തിരിക്കുന്ന വല്ല ഉടമ്പടിക്കോ നിശ്ചയത്തിനോ എതിരായി, പക്ഷെ ആ ഉടമ്പടിയുടെയോ നിശ്ചയത്തിന്റെയോ കൂടെ ആ വസ്തുവിന്റെ കൈവശാവകാശം കൂടി കൊടുത്തിട്ടില്ലാത്ത പക്ഷം, ഫലപ്പെടുന്നതാണ്.

[അതു് അപ്പോൾ ഊർജ്ജിതത്തിലിരിക്കുന്ന ഏതെങ്കിലും നിയമമനുസരിച്ച് സാധുവായ ഒരു കൈമാററമായിരിക്കുന്നതുമാകുന്നു;

എന്നാൽ, 1882-ലെ വസ്തു കൈമാററം ആക്റ്റ്, 58-ാം വകുപ്പിൽ വിവരിച്ചിരിക്കുന്നതുപോലെ അവകാശപ്രമാണ നിക്ഷേപത്താലുള്ള ഒററി, അതേവസ്തു സംബന്ധിച്ചതും, പിന്നീട് ഒപ്പിട്ടിട്ടുള്ളതും, രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയ ഏതെങ്കിലും ഒററിയാധാരത്തിനെതിരായി ഊർജ്ജിതത്തിൽ വരുന്നതാണ്.] *

* (1929-ലെ 21-ാം ആക്റ്റുപ്രകാരം ചേർത്തു്.)

49. രജിസ്റ്റർചെയ്യേണ്ട ആധാരങ്ങൾ രജിസ്റ്റർചെയ്യാതിരുന്നാലുള്ള ഫലം:—17-ാം വകുപ്പനുസരിച്ച് [അല്ലെങ്കിൽ 1882-ലെ വസ്തു കൈമാററം ആക്ടിലെ ഏതെങ്കിലും വ്യവസ്ഥ അനുസരിച്ച്] * 1 രജിസ്റ്റർ ചെയ്യേണ്ട യാതൊരാധാരവും, രജിസ്റ്റർ ചെയ്യാത്തപക്ഷം,—

(എ) അതിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും സ്ഥാവരവസ്തുക്കളെ ബാധിക്കുകയാകട്ടെ; അല്ലെങ്കിൽ

(ബി) ദത്തെടുക്കാനുള്ള ഏതെങ്കിലും അധികാരം നൽകുകയാകട്ടെ; അല്ലെങ്കിൽ

(സി) ആ വസ്തുവെ ബാധിക്കുന്നതോ, ആ അധികാരത്തെ നൽകുന്നതോ ആയ ഏതെങ്കിലും ഇടപാടിന്റെ തെളിവായി സ്വീകരിക്കപ്പെടുകയാകട്ടെ ചെയ്യുന്നതല്ല.

[എന്നാൽ ഈ ആക്ടനുസരിച്ചോ, 1882-ലെ വസ്തുകൈമാററം ആക്ടനുസരിച്ചോ രജിസ്റ്റർചെയ്യേണ്ട സ്ഥാവരവസ്തുവെ ബാധിക്കുന്ന രജിസ്റ്റർ ചെയ്യാത്ത ആധാരം, 1877-ലെ പ്രത്യേക നിവൃത്തി ആക്ട്, 2-ാം അദ്ധ്യായമനുസരിച്ചുള്ള പ്രത്യേക പ്രവൃത്തിയുടെ അനുഷ്ഠാനത്തിനായുള്ള വ്യവഹാരത്തിലെ കരാറിന്റെ തെളിവായിട്ടോ, 1882-ലെ വസ്തുകൈമാററം ആക്ട്, 53 (എ) വകുപ്പിന്റെ കാര്യത്തിനായുള്ള കരാറിന്റെ ഒരു ഭാഗാനുഷ്ഠാനത്തിന്റെ തെളിവായിട്ടോ, രജിസ്റ്റർചെയ്ത കരണംമൂലം നടത്തപ്പെടുവാൻ ആവശ്യപ്പെടാത്ത പാർശ്വസംബന്ധമായ ഏതെങ്കിലും ഇടപാടിന്റെ തെളിവായിട്ടോ സ്വീകരിക്കാവുന്നതാണ്.] * 2.

50. ഭൂമിസംബന്ധിച്ചതും രജിസ്റ്റർ ചെയ്തതുമായ ചില ആധാരങ്ങൾ രജിസ്റ്റർചെയ്യപ്പെടാത്ത ആധാരങ്ങൾക്കെതിരായി ഊർജ്ജിതത്തിൽ വരുന്നതാണെന്ന്:—(1) 17-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ), (ബി), (സി), (ഡി) ഈ ഖണ്ഡങ്ങളിലും, 18-ാം വകുപ്പ് (എ), (ഡി) ഈ ഖണ്ഡങ്ങളിലും, പരാമർശിച്ച വിധത്തിലുള്ള ഓരോ ആധാരവും, മുറപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അതിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവിനെ സംബന്ധിച്ചിടത്തോളം അതു്, അതേ വസ്തുവിനെ സംബന്ധിച്ചതും ഒരു ഡിക്രിയോ ഉത്തരവോ അല്ലാത്തതുമായ രജിസ്റ്റർചെയ്യാത്ത എല്ലാ ആധാരങ്ങൾക്കുമെതിരായി, അപ്രകാരമുള്ള രജിസ്റ്റർചെയ്യാത്ത ആധാരം രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ സ്വഭാവത്തോടുകൂടിയതായിരുന്നാലും അല്ലെങ്കിലും, ഊർജ്ജിതത്തിൽ വരുന്നതാണ്.

(2) (1)-ാം ഉപവകുപ്പിലുള്ള ഒന്നുംതന്നെ, 17-ാം വകുപ്പ്, (1)-ാം ഉപവകുപ്പിന്റെ കീഴനുസരിച്ച് ഒഴിവാക്കപ്പെട്ട പാട്ടങ്ങൾക്കോ അതേ വകുപ്പ് (2)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആധാരത്തിനോ, ഈ ആക്ട് ആരംഭിക്കുമ്പോൾ നിലവിലിരിക്കുന്ന നിയമമനുസരിച്ച് മുൻഗണന ഇല്ലാതിരുന്ന ഏതെങ്കിലും രജിസ്റ്റർ ചെയ്ത ആധാരത്തിനോ ബാധകമാകുന്നതല്ല.

വിശദീകരണം:—അപ്രകാരമുള്ള രജിസ്റ്റർ ചെയ്യപ്പെടാത്ത ആധാരം കൊടുത്ത സ്ഥലത്തും, സമയത്തും 1864-ലെ 16-ാം നമ്പർ ആക്ററാ

---

* 1 (1929-ലെ 21-ാം ആക്ടപ്രകാരം ചേർത്തു)

* 2 (1929-ലെ 21-ാം ആക്ടപ്രകാരം ചേർത്തു.)

1866-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററാ നിലവിലിരുന്നുവെങ്കിൽ, "രജിസ്റ്റർ ചെയ്യാത്തതു്" എന്നതിനു് അപ്രകാരമുള്ള ആക്ററനുസരിച്ചു് രജിസ്റ്റർ ചെയ്യാത്തതു് എന്നും, 1871 ജൂലൈ ആദ്യദിവസത്തിനുശേഷമാണു് ആ ആധാരം ഒപ്പിട്ടിട്ടുള്ളതെങ്കിൽ, 1871-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററാ, 1877-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ററാ ഈ ആക്ററാ അനുസരിച്ചു് രജിസ്റ്റർ ചെയ്യാത്തതു് എന്നും അർത്ഥമാകുന്നതാണു്.

## ഭാഗം II.

### രജിസ്റ്ററിംഗ് ആഫീസറന്മാരുടെ ചുമതലകളെയും അധികാരങ്ങളെയുംപററി.

(എ) രജിസ്റ്റർ പുസ്തകങ്ങളെയും സൂചകപത്രങ്ങളെയും കുറിച്ചു്.

51. എല്ലാ കച്ചേരികളിലും വയ്ക്കേണ്ട രജിസ്റ്റർപുസ്തകങ്ങൾ:—(1) താഴെപ്പറയുന്ന പുസ്തകങ്ങൾ, ഇതിനുശേഷം പറയുന്ന എല്ലാ ആഫീസുകളിലും സൂക്ഷിക്കേണ്ടതാണു്; എന്തെല്ലാമെന്നാൽ—

(എ) എല്ലാ രജിസ്റ്റർകച്ചേരികളിലും—

പുസ്തകം 1—"സ്ഥാവരവസ്തു സംബന്ധിക്കുന്നവയും മരണശാസനങ്ങൾ അല്ലാത്തവയുമായ ആധാരങ്ങളുടെ രജിസ്റ്റർ";

പുസ്തകം 2—"രജിസ്റ്ററാക്കുകയില്ലെന്നു പറഞ്ഞതിനുള്ള കാരണങ്ങൾ എഴുതിവയ്ക്കുന്ന റിക്കാർഡു്";

പുസ്തകം 3—"മരണശാസനങ്ങളുടേയും ദത്തെടുക്കുവാനുള്ള അധികാരങ്ങളുടേയും രജിസ്റ്റർ";

പുസ്തകം 4—"പലവക രജിസ്റ്റർ";

(ബി) രജിസ്ട്രാറന്മാരുടെ കച്ചേരികളിൽ—

പുസ്തകം 5—"മരണശാസനങ്ങൾ അനാമത്തു വയ്ക്കുന്നതിനുള്ള രജിസ്റ്റർ".

(2) സ്ഥാവരവസ്തു സംബന്ധിക്കുന്നവയും, മരണശാസനങ്ങളല്ലാത്തവയും, 17, 18, 89 ഈ വകുപ്പുകളനുസരിച്ചു് രജിസ്റ്റർ ചെയ്യപ്പെടുന്നവയുമായ എല്ലാ ആധാരങ്ങളും അല്ലെങ്കിൽ യാദാസ്തുകളും, 1-ാം പുസ്തകത്തിൽ പകർത്തുകയോ, ഫയൽ ചെയ്യുകയോ ചെയ്യേണ്ടതാകുന്നു.

(3) സ്ഥാവരവസ്തു സംബന്ധിച്ചുള്ളതല്ലാത്തതും, 18-ാം വകുപ്പ് (ഡി)-ഉം, (എഫ്)-ഉം ഖണ്ഡങ്ങൾ അനുസരിച്ചു് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതുമായ എല്ലാ ആധാരങ്ങളും, 4-ാം പുസ്തകത്തിൽ പകർത്തി വയ്ക്കേണ്ടതാകുന്നു.

(4) രജിസ്ട്രാരുടെ കച്ചേരി സബ്‌രജിസ്ട്രാരുടെ കച്ചേരിയുമായി കൂട്ടിച്ചേർത്തിട്ടുള്ള പക്ഷം, ഈ വകുപ്പിലുള്ള യാതൊന്നുംതന്നെ ഒരു സെററു ബുക്കുകളിൽ കൂടുതൽ ആവശ്യപ്പെടുന്നതായി കരുതുവാൻ പാടില്ലാത്തതാകുന്നു.

52. ആധാരം ഹാജരാക്കുമ്പോൾ രജിസ്റ്ററിംഗ് ആഫീസർ നിവ്വഹിക്കേണ്ട ചുമതലകൾ:—(1) (എ) രജിസ്റ്റർ ചെയ്യുവാനായി ആധാരം ഹാജരാക്കുന്ന ദിവസം, സമയം, സ്ഥലം ഇവയും, ഹാജരാക്കുന്ന എല്ലാ ആളുകളുടേയും കയ്യൊപ്പും, ഹാജരാക്കുന്ന സമയത്തു് ഓരോ ആധാരത്തിന്റെയും പുറത്തുണ്ടായിരിക്കണം.

(ബി) അതു് ഹാജരാക്കുന്ന ആൾക്കു്, രജിസ്റ്ററിംഗ് ആഫീസർ ആ ആധാരം കിട്ടിയതായി രസീതു കൊടുക്കണം.

(സി) രജിസ്റ്റർചെയ്യാനായി കൈക്കൊള്ളുന്ന എല്ലാ ആധാരവും, അനാവശ്യമായ താമസംകൂടാതെ, അതു് വാങ്ങിയ ക്രമമനുസരിച്ചു്, അതിന്റെ പകപ്പെഴുതുന്നതിനായി പ്രത്യേകം വച്ചിട്ടുള്ള പുസ്തകത്തിൽ, 62-ാം വകുപ്പിലടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്കു വിധേയമായി പകർത്തേണ്ടതാണ്.

(2) അപ്രകാരമുള്ള എല്ലാ പുസ്തകങ്ങളും അപ്പപ്പോൾ ഇൻസ്പെക്റ്റർജനറാൾ നിർണ്ണയിക്കുന്ന കാലഘട്ടങ്ങളിലും വിധത്തിലും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

53. പതിക്കുന്നതിനൊക്കെയും വഴിക്കുവഴി നമ്പരിടണമെന്ന്:—അതതു പുസ്തകത്തിൽ ചേർക്കുന്നതൊക്കെയും, അതതു സംവത്സരം ആദ്യം മുതൽ സംവത്സരാവസാനംവരെ വഴിക്കുവഴി യഥാക്രമം നമ്പരിടുകയും, അതതു സംവത്സരം തുടക്കത്തിൽ പിന്നെ പുതുതായി ഒരു നമ്പർ തുടങ്ങിക്കൊള്ളുകയും വേണം.

54. അപ്പപ്പോഴുള്ള സൂചകപത്രങ്ങളും അവയിൽ ചേർക്കാനുള്ള കാര്യങ്ങളും:—ഇതിനുമുൻപേ പറഞ്ഞിരിക്കുന്ന പുസ്തകങ്ങളിൽ വല്ലതും സൂക്ഷിച്ചിട്ടുള്ള എല്ലാ കച്ചേരിയിലും, ആ പുസ്തകങ്ങളിൽ അടങ്ങിയ വിവരങ്ങൾക്കു് അപ്പപ്പോൾ സൂചകപത്രങ്ങൾ തയ്യാറാക്കേണ്ടതും, ആ സൂചകപത്രങ്ങളിൽ ചേർപ്പാനുള്ളതൊക്കെയും അതു് ഏതു് ആധാരത്തെ സംബന്ധിക്കുന്നുവോ ആ ആധാരത്തെ, രജിസ്റ്ററിംഗ് ആഫീസർ പകർത്തുകയോ, അതിന്റെ മെമ്മോറാണ്ഡത്തെ ഫയൽചെയ്യുകയോ ചെയ്തതിനു ശേഷം, പാടുള്ളിടത്തോളം വേഗത്തിൽ സൂചകപത്രങ്ങളിൽ ചേർക്കേണ്ടതുമാകുന്നു.

55. രജിസ്റ്ററിംഗ് ആഫീസർ തയാറാക്കേണ്ടുന്ന സൂചകപത്രങ്ങളും അവയുടെ ഉള്ളടക്കവും:—(1) എല്ലാ രജിസ്റ്റർ കച്ചേരികളിലും താഴെപ്രകാരമുള്ള നാലു സൂചകപത്രങ്ങൾ തയാറാക്കുകയും, അവയ്ക്കു് യഥാക്രമം ഇൻഡക്സ് നമ്പർ 1, ഇൻഡക്സ് നമ്പർ 2, ഇൻഡക്സ് നമ്പർ 3, ഇൻഡക്സ് നമ്പർ 4 എന്നു് പേരു കൊടുക്കുകയും ചെയ്യണം.

(2) 1-ാം നമ്പർ പുസ്തകത്തിൽ പകർത്തുകയോ, മെമ്മോറാണ്ഡം ഫയൽചെയ്യുകയോ ചെയ്തിട്ടുള്ള എല്ലാ ആധാരവും ഒപ്പിട്ടു കൊടുത്ത എല്ലാ ആളുകളുടേയും, അവയനുസരിച്ചു് അവകാശപ്പെടുന്ന എല്ലാ ആളുകളുടേയും പേരും വിവരവും 1-ാം നമ്പർ ഇൻഡക്സിൽ അടങ്ങിയിരിക്കണം.

(3) ഓരോ ആധാരവും മെമ്മോറാണ്ഡവും സംബന്ധിച്ച് 21-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ, ഇൻസ്പെക്ടർജനറൽ അപ്പഴപ്പോൾ അതിലേക്ക് നിർദ്ദേശിക്കുന്നപ്രകാരം, 2-ാം നമ്പർ ഇൻഡക്സിൽ അടങ്ങിയിരിക്കേണ്ടതാണ്.

(4) 3-ാം നമ്പർ പുസ്തകത്തിൽ പകർത്തുന്ന എല്ലാ മരണശാസനങ്ങളും അധികാരപത്രങ്ങളും ഒപ്പിട്ടുകൊടുത്ത എല്ലാപേരുടേയും, അവയനുസരിച്ച് യഥാക്രമം നിയമിക്കപ്പെട്ട എക്സിക്യൂട്ടറന്മാരുടേയും (മരണശാസനം നടത്തുന്നവരുടേയും), ആളുകളുടേയും പേരും വിവരവും, മരണശാസനകർത്താവിന്റെയോ ദാതാവിന്റെയോ മരണശേഷം (അതിനുമുമ്പല്ല) അവയനുസരിച്ച് അവകാശപ്പെടുന്ന എല്ലാവരുടേയും പേരും വിവരവും, 3-ാം നമ്പർ ഇൻഡക്സിൽ അടങ്ങിയിരിക്കേണ്ടതാണ്.

(5) 4-ാം നമ്പർ പുസ്തകത്തിൽ പകർത്തുന്ന എല്ലാ ആധാരവും ഒപ്പിട്ടുകൊടുത്ത എല്ലാ ആളുകളുടേയും, അവയനുസരിച്ച് അവകാശപ്പെടുന്ന എല്ലാവരുടേയും പേരും വിവരവും 4-ാം നമ്പർ ഇൻഡക്സിൽ അടങ്ങിയിരിക്കണം.

(6) ഓരോ സൂചകപത്രത്തിലും ഇൻസ്പെക്ടർജനറൽ അപ്പഴപ്പോൾ നിർദ്ദേശിക്കുന്ന മറ്റു വിവരങ്ങൾ അടങ്ങിയിരിക്കേണ്ടതും, അവ ആവിധംതന്നെ തയ്യാറാക്കിയിരിക്കേണ്ടതുമാകുന്നു.

56. [1, 2, 3 ഇത്രയും നമ്പർ ഇൻഡക്സുകളിലെ കുറിപ്പുകളുടെ പകർപ്പ്, സബ്ബ്‌രജിസ്ട്രാർ, രജിസ്ട്രാർക്ക് അയച്ചുകൊടുക്കുകയും, അവ ഫയലുചെയ്യുകയും ചെയ്യേണ്ടതാണ്.]

1929-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ (ഭേദഗതി) ആക്റ്റ് (1929-ലെ 15-ാം നമ്പർ) 2-ാം വകുപ്പുപ്രകാരം റദ്ദാക്കപ്പെട്ടു.

57. രജിസ്റ്ററിംഗ് ആഫീസറന്മാർ ചില പുസ്തകങ്ങളും സൂചകപത്രങ്ങളും നോക്കുവാൻ സമ്മതിക്കണമെന്നും, അവയിൽ ചേർത്തിട്ടുള്ളതിന്റെ ഒപ്പിട്ട പകർപ്പുകൾ കൊടുക്കണമെന്നും:—(1) 1-ം 2-ം നമ്പർ പുസ്തകങ്ങളും, 1-ാം നമ്പർ പുസ്തകത്തോടു ചേർന്ന സൂചകപത്രങ്ങളും നോക്കുവാൻ അപേക്ഷിക്കുന്ന ഏതൊരാൾക്കും, അതിലേയ്ക്കുവേണ്ട ഫീസ് മുൻകൂട്ടി അടച്ചിരുന്നാൽ, എല്ലാ സമയത്തും നോക്കാവുന്നതും, 62-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി, ആ പുസ്തകങ്ങളിലെ കുറിപ്പുകളുടെ പകർപ്പുകൾ അവയ്ക്കായി അപേക്ഷിക്കുന്ന ആളുകൾക്കെല്ലാം കൊടുക്കപ്പെടേണ്ടതുമാകുന്നു.

(2) അതേ വ്യവസ്ഥകൾക്കു വിധേയമായി, 3-ാം നമ്പർ പുസ്തകത്തിലേയും അതു സംബന്ധിച്ച സൂചകപത്രത്തിലേയും കുറിപ്പുകളുടെ പകർപ്പുകൾ, അവ ഏതു് ആധാരങ്ങളെ സംബന്ധിച്ചുള്ളവയോ ആ ആധാരങ്ങൾ ഒപ്പിട്ടുകൊടുക്കുന്ന ആളുകൾക്കോ, അവരുടെ ഏജന്റന്മാർക്കോ, അപ്രകാരം ഒപ്പിട്ടുകൊടുത്തയാളുടെ മരണശേഷം (അതിനുമുമ്പു പാടില്ല) അപ്രകാരം പകർപ്പുകൾക്ക് അപേക്ഷിക്കുന്ന വല്ല ആളിനുമോ നൽകേണ്ടതാകുന്നു.

(3) അതേ വ്യവസ്ഥകൾക്കു വിധേയമായി, 4-ാം നമ്പർ പുസ്തകത്തിലേയും അതുസംബന്ധിച്ച സൂചകപത്രത്തിലേയും കുറിപ്പുകളുടെ

പകർപ്പുകൾ, അവ ഏതു് ആധാരങ്ങളെപ്പററിയുള്ളവയോ അവ ഒപ്പിട്ടുകൊടുത്തവനോ, അവയനുസരിച്ചു് അവകാശപ്പെടുന്നവനോ ആയ വല്ല ആളിനോ, അയാളുടെ ഏജൻറിനോ, പ്രതിനിധിക്കോ നൽകേണ്ടതാകുന്നു.

(4) 3-ം 4-ം നമ്പർ പുസ്തകങ്ങളിൽ ചേർത്തിരിക്കുന്നവ ഈ വകുപ്പനുസരിച്ചു് ആവശ്യപ്രകാരം നോക്കിയെടുക്കേണ്ടതു് രജിസ്റ്ററിംഗു് ആഫീസർ മാത്രമായിരിക്കണം.

(5) ഈ വകുപ്പനുസരിച്ചു് നൽകപ്പെടുന്ന എല്ലാ പകർപ്പുകളിലും, രജിസ്റ്ററിംഗു് ആഫീസർ കയ്യൊപ്പും മുദ്രയും വച്ചുകൊടുക്കേണ്ടതും, അസ്സൽ ആധാരങ്ങളുടെ ഉള്ളടക്കം തെളിയിക്കുന്നതിലേയ്ക്കു് അവ സ്വീകാര്യമായിരിക്കുന്നതുമാണു്.

(ബി) രജിസ്റ്റർചെയ്യാനായി കൈക്കൊണ്ടതിനുശേഷമുള്ള നടപടിയെക്കുറിച്ചു്.

58. രജിസ്റ്റർ ചെയ്യാനായി സ്വീകരിക്കപ്പെട്ട ആധാരങ്ങളിൽ പുറമെഴുതേണ്ടും വിവരങ്ങൾ:—(1) രജിസ്റ്റർചെയ്യാനായി സ്വീകരിക്കപ്പെട്ടതും, ഒരു ഡിക്രിയുടേയോ ഉത്തരവിൻെറയോ പകപ്പോ, 39-ാം വകുപ്പനുസരിച്ചു് ഒരു രജിസ്റ്ററിംഗ് ആഫീസർക്കു് അയച്ചുകൊടുക്കപ്പെട്ട പകപ്പോ അല്ലാത്തതുമായ ഓരോ ആധാരത്തിന്മേലും താഴെപ്പറയുന്ന വിവരങ്ങൾ അപ്പപ്പോൾ പുറത്തെഴുത്തായി എഴുതേണ്ടതാകുന്നു. അവ ഏതെല്ലാമെന്നാൽ:—

(എ) ആധാരം ഒപ്പിട്ടുകൊടുത്തതായി സമ്മതിക്കുന്ന ഓരോ ആളുടേയും കയ്യൊപ്പും, വിവരവും, അപ്രകാരം ഒപ്പിട്ടുകൊടുത്തതായി സമ്മതിക്കുന്നതു് വല്ല ആളുടേയും പ്രതിനിധിയോ, മുതലെടുപ്പുകാരനോ, ഏജൻേറാ ആണെങ്കിൽ, ആ പ്രതിനിധിയുടേയോ, മുതലെടുപ്പുകാരൻെറയോ, ഏജൻറിൻെറയോ കയ്യൊപ്പും വിവരവും;

(ബി) ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥപ്രകാരം അപ്രകാരമുള്ള ആധാരത്തെപ്പററി വിസ്തരിക്കപ്പെടുന്ന ഓരോ ആളിൻെറയും കയ്യൊപ്പും വിവരവും;

(സി) ആധാരം ഒപ്പിട്ടുകൊടുത്തതിനെ സംബന്ധിച്ചു് രജിസ്റ്ററിംഗു് ആഫീസരുടെ മുമ്പാകെ വല്ല പണമോ സാധനമോ കൊടുക്കുന്നതും അപ്രകാരം ആധാരം ഒപ്പിട്ടുകൊടുക്കുന്നതുസംബന്ധിച്ചു് പ്രതിഫലം മുഴുവനുമോ ഒരു ഭാഗമോ കിട്ടിയതായി അദ്ദേഹത്തിൻെറ മുമ്പാകെവച്ചു് സമ്മതിക്കുന്നതും.

(2) ആധാരം ഒപ്പിട്ടുകൊടുത്തതായി സമ്മതിക്കുന്ന ആരെങ്കിലും അതിൻെറ പുറത്തെഴുത്തൊപ്പിടുകയില്ലെന്നു തടസ്സം പറയുന്നതായാൽ തന്നെയും, രജിസ്റ്ററിംഗ് ആഫീസർ അതു് രജിസ്റ്റർ ചെയ്യുകയും, എന്നാൽ അപ്പോൾതന്നെ അപ്രകാരമുള്ള വിസമ്മതത്തെപ്പററി ഒരു കുറിപ്പു് അതിൻെറ പുറമെഴുതുകയും ചെയ്യേണ്ടതാണു്.

59. പുറത്തെഴുത്തുകൾ രജിസ്റ്ററിംഗ് ആഫീസർ തീയതിവച്ചു് ഒപ്പിടണമെന്നു്:—52-ം, 58-ം വകുപ്പുകൾപ്രകാരം, ഒരേ ആധാരം സംബ

ന്ധിച്ചും, ഒരേദിവസംതന്നെ തന്റെ മുമ്പാകെ വച്ചും തയാറാക്കപ്പെട്ട എല്ലാ പുറത്തെഴുത്തുകളിലും, രജിസ്റ്ററിംഗ് ആഫീസർ തീയതിയും കൈ ഒപ്പും വയ്ക്കേണ്ടതാകുന്നു.

60. രജിസ്ട്രേഷൻ സർട്ടിഫിക്കററ്:—(1) രജിസ്റ്റർ ചെയ്യുവാനായി ഹാജരാക്കപ്പെട്ട വല്ല ആധാരത്തിനും 34, 35, 58, 59 എന്നീ വകുപ്പുകളിലെ ഏതെല്ലാം വ്യവസ്ഥകൾ ബാധകമാകുന്നുവോ അവയെല്ലാം അനുസരിച്ചതിനുശേഷം, രജിസ്റ്ററിംഗ് ആഫീസർ അതിന്റെ പുറത്ത് "രജിസ്റ്റർ ചെയ്തു" എന്നും, ആ ആധാരം പകർത്തിയത് ഇന്ന പുസ്തകത്തിൽ ഇത്രാംവശത്ത് എന്നും കാണിക്കുന്ന ഒരു സർട്ടിഫിക്കററ് എഴുതിക്കൊടുക്കേണ്ടതാണ്.

(2) ആ സർട്ടിഫിക്കററിൽ രജിസ്റ്ററിംഗ് ആഫീസർ ഒപ്പിട്ട് മുദ്രയും തീയതിയും വയ്ക്കണം. അതോടുകൂടി, ആ ആധാരം, ഈ ആക്ററിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് മുറപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടതാണെന്നും, 59-ാംവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള പുറത്തെഴുത്തിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ, അതിൽ വിവരിച്ചിരിക്കുന്ന വിധം നടന്നിട്ടുള്ളതാണെന്നും തെളിയിക്കുവാൻ അതു് സ്വീകാര്യമായിരിക്കുന്നതാണ്.

61. പുറത്തെഴുത്തുകളും സർട്ടിഫിക്കററും പകർത്തിയെടുക്കേണ്ടതും ആധാരം തിരിയെ നൽകേണ്ടതുമാണെന്ന്:—(1) 59, 60 എന്നീ വകുപ്പുകളിൽ പ്രസ്താവിച്ചിരിക്കുന്നവയും വിവരിച്ചിരിക്കുന്നവയുമായ പുറത്തെഴുത്തുകളും സർട്ടിഫിക്കററും അതിനുശേഷം രജിസ്റ്റർ പുസ്തകത്തിന്റെ മാർജിനിൽ പകർത്തേണ്ടതാകുന്നു. 21-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം പടത്തിന്റെയോ പ്ലാനിന്റെയോ പകർപ്പ് (വല്ലതും ഉണ്ടെങ്കിൽ അതു്) 1-ാംനമ്പർ പുസ്തകത്തിൽ ഫയൽ ചെയ്യണം.

(2) അപ്പോൾമുതൽ ആധാരത്തിന്റെ രജിസ്ട്രേഷൻ പൂർത്തിയായതായി കണക്കാക്കേണ്ടതും, അതു് രജിസ്റ്റർ ചെയ്യുവാനായി ഹാജരാക്കിയആളെയോ, 52-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള രസീതിൽ അതിനുവേണ്ടി രേഖാമൂലം അയാൾ നാമനിർദ്ദേശം ചെയ്ത മററാരെങ്കിലും ഉണ്ടെങ്കിൽ അയാളെയോ തിരിച്ചേൽപ്പിക്കേണ്ടതുമാകുന്നു.

62. രജിസ്റ്ററിംഗ് ആഫീസർക്ക് അറിയാൻ പാടില്ലാത്ത ഭാഷയിലുള്ള ആധാരം ഹാജരാക്കുമ്പോഴുള്ള നടപടി:—(1) 19-ാം വകുപ്പനുസരിച്ച് ഒരാധാരം രജിസ്റ്റർ ചെയ്യുവാനായി ഹാജരാക്കപ്പെടുമ്പോൾ, അസലാധാരം പോലെയുള്ള ആധാരങ്ങൾ അടങ്ങിട്ടുള്ള രജിസ്റ്റർ പുസ്തകത്തിൽ അതിന്റെ തർജ്ജിമ പകർത്തുകയും, 19-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള പകർപ്പോടുകൂടി അതു് രജിസ്റ്റർ കച്ചേരിയിൽ ഫയൽ ചെയ്യുകയും ചെയ്യേണ്ടതാകുന്നു.

(2) 59-ം, 60-ം വകുപ്പുകളിൽ യഥാക്രമം പറഞ്ഞിട്ടുള്ള പുറത്തെഴുത്തുകളും, സർട്ടിഫിക്കററും അസ്സലിൽതന്നെ എഴുതിയിരിക്കേണ്ടതും, 57, 64, 65, 66 ഈ വകുപ്പുകൾപ്രകാരം ആവശ്യമുള്ള പകർപ്പുകളും മെമ്മോറാണ്ഡവും തയാറാക്കുവാൻ തർജ്ജിമയെ അസ്സൽ എന്നപോലെ പരിഗണിക്കേണ്ടതുമാകുന്നു.

63. സത്യവാചകം ചൊല്ലിക്കുവാനും പ്രസ്താവനകളുടെ സാരം രേഖപ്പെടുത്തുവാനുമുള്ള അധികാരം:—(1) ഏതൊരു രജിസ്റ്ററിംഗ് ആഫീസർക്കും, തന്റെ യുക്തംപോലെ, ഈ ആക്ടിലെ വ്യവസ്ഥകളനുസരിച്ച് താൻ വിസ്തരിക്കുന്ന ഏതൊരാളെക്കൊണ്ടും സത്യം ചെയ്യിക്കാവുന്നതാകുന്നു.

(2) അങ്ങനെയുള്ള ഓരോ ആഫീസറും, ആ ഓരോ ആളും നൽകിയ മൊഴികളുടെ സാരമടങ്ങിയ ഒരു കുറിപ്പ്, തന്റെ യുക്തംപോലെ, രേഖപ്പെടുത്താവുന്നതും, ആ മൊഴി അയാളെ വായിച്ചുകേൾപ്പിക്കയോ, (അത് അയാൾക്ക് പരിചയമില്ലാത്ത ഭാഷയിലുള്ളതാണെങ്കിൽ) അയാൾക്ക് പരിചയമുള്ള ഭാഷയിൽ പറഞ്ഞുകൊടുത്ത് ആ വിവരം അയാളെ മനസ്സിലാക്കിക്കയോ ചെയ്യേണ്ടതും, ആ എഴുതിയ മൊഴി ശരി തന്നെ എന്ന് അയാൾ സമ്മതിക്കുകയാണെങ്കിൽ രജിസ്റ്ററിംഗ് ആഫീസർ അതിൽ ഒപ്പു വയ്ക്കേണ്ടതുമാണ്.

(3) അപ്രകാരം ഒപ്പിടപ്പെട്ട ഓരോ കുറിപ്പും, അതിൽ രേഖപ്പെടുത്തിയിട്ടുള്ള മൊഴികൾ, അതിൽ സൂചിതരായ ആളുകൾ അതേ പരിതഃസ്ഥിതികളിൽ നൽകിയിട്ടുള്ളവയാണെന്ന് തെളിയിക്കുവാൻ സ്വീകാര്യമാണ്.

(സി) സബ് രജിസ്ട്രാരുടെ പ്രത്യേക ചുമതലകൾ.

64. ആധാരം പല സബ് ഡിസ്ട്രിക്ടുകളിലായി കിടപ്പുള്ള ഭൂമിയെ സംബന്ധിച്ചാണെങ്കിലുള്ള നടപടി:—മുഴുവനും തന്റെ സബ് ഡിസ്ട്രിക്ടിൽ സ്ഥിതി ചെയ്യുന്നതല്ലാത്ത സ്ഥാവരവസ്തുവെ സംബന്ധിക്കുന്നതും മരണശാസനം അല്ലാത്തതുമായ ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ, ഓരോ സബ് രജിസ്ട്രാരും, അതിന്റെയും (ഉണ്ടെങ്കിൽ) അതിന്മേലുള്ള പുറത്തെഴുത്തിന്റെയും സർട്ടിഫിക്കറ്റിന്റെയും ഒരു മെമ്മോറാണ്ഡം തയാറാക്കേണ്ടതും, തന്നെപ്പോലെ അതേ രജിസ്ട്രാർക്ക് കീഴ്പ്പെട്ടവനും, ആ വസ്തുവിൽ വല്ല ഭാഗവും ഏതു സബ് ഡിസ്ട്രിക്ടിൽ സ്ഥിതി ചെയ്യുന്നുവോ അവിടത്തെ സബ് രജിസ്ട്രാരുമായ മറ്റോരോ ആൾക്കും അത് അയച്ചുകൊടുക്കേണ്ടതും, ആ സബ് രജിസ്ട്രാർ അയാളുടെ 1-ാംനമ്പർ പുസ്തകത്തിൽ ആ മെമ്മോറാണ്ഡം ഫയൽ ചെയ്യേണ്ടതുമാകുന്നു.

65. ആധാരം പല ഡിസ്ട്രിക്ടുകളിലായി കിടപ്പുള്ള ഭൂമിയെ സംബന്ധിച്ചാണെങ്കിലുള്ള നടപടി:—(1) ഒന്നിൽ കൂടുതൽ ഡിസ്ട്രിക്ടുകളിൽ സ്ഥിതി ചെയ്യുന്ന സ്ഥാവരവസ്തു സംബന്ധിക്കുന്നതും മരണശാസനം അല്ലാത്തതുമായ ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ, ഓരോ സബ് രജിസ്ട്രാരും, അതിന്റെയും (ഉണ്ടെങ്കിൽ) അതിന്മേലുള്ള പുറത്തെഴുത്തിന്റെയും സർട്ടിഫിക്കറ്റിന്റെയും പകർപ്പ്, 21-ാംവകുപ്പിൽ പറഞ്ഞിരിക്കുന്ന പടത്തിന്റെയോ പ്ലാനിന്റെയോ (ഏതെങ്കിലും ഉണ്ടെങ്കിൽ) പകർപ്പോടുകൂടി തന്റെ സബ് ഡിസ്ട്രിക്റ്റ് സ്ഥിതിചെയ്യുന്ന ഡിസ്ട്രിക്ടല്ലാതെ, ആ വസ്തുവിന്റെ ഏതെങ്കിലുംഭാഗം സ്ഥിതി ചെയ്യുന്ന ഓരോ ഡിസ്ട്രിക്ടിലെയും രജിസ്ട്രാർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

(2) അതു കിട്ടിക്കഴിഞ്ഞാൽ, രജിസ്ട്രാർ, തന്റെ 1-ാംനമ്പർ പുസ്തകത്തിൽ ആ ആധാരത്തിന്റെ പകർപ്പും, പടത്തിന്റെയോ പ്ലാനി

ന്റെയോ, (ഏതെങ്കിലും ഉണ്ടെങ്കിൽ) പകർപ്പും ഫയലു ചെയ്യുകയും, ആധാരത്തിന്റെ മെമ്മോറാണ്ഡം തന്റെ കീഴിലുള്ളവനും, ആരുടെ സബ് ഡിസ്ട്രിക്റ്റിലാണോ ആ വസ്തുവിന്റെ ഏതെങ്കിലുംഭാഗം സ്ഥിതി ചെയ്യുന്നതു് ആ ആളുമായ സബ് രജിസ്ട്രാർക്ക് അയച്ചുകൊടുക്കുകയും, ആ മെമ്മോറാണ്ഡം ലഭിക്കുന്ന ഓരോ സബ് രജിസ്ട്രാരും അതു് അവരുടെ 1-ാംനമ്പർ പുസ്തകത്തിൽ ഫയലു ചെയ്യുകയും ചെയ്യേണ്ടതാണ്.

(ഡി) രജിസ്ട്രാരുടെ പ്രത്യേക ചുമതലകൾ.

66. ഭൂമിയെ സംബന്ധിക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ കഴിഞ്ഞുള്ള നടപടി:—(1) സ്ഥാവരവസ്തു സംബന്ധിക്കുന്നതും, മരണശാസനമല്ലാത്തതുമായ വല്ല ആധാരവും രജിസ്റ്റർ ചെയ്യുമ്പോൾ, രജിസ്ട്രാർ ആ ആധാരത്തിന്റെ മെമ്മോറാണ്ഡം തനിക്കു് കീഴ്പ്പെട്ടവനും, ആരുടെ സബ്ബ് ഡിസ്ട്രിക്റ്റിലാണോ ആ വസ്തുവിന്റെ ഏതെങ്കിലും ഭാഗം സ്ഥിതി ചെയ്യുന്നതു് ആ ആളുമായ ഓരോ സബ്ബ്‌രജിസ്ട്രാർക്കും അയച്ചുകൊടുക്കേണ്ടതാണ്.

(2) രജിസ്ട്രാർ ആ ആധാരത്തിന്റെ പകർപ്പും, 21-ാംവകുപ്പിൽ പറഞ്ഞിരിക്കുന്ന പടത്തിന്റെയോ പ്ലാനിന്റെയോ (ഏതെങ്കിലും ഉണ്ടെങ്കിൽ) പകർപ്പും, ആരുടെ ഡിസ്ട്രിക്റ്റിലാണോ ആ വസ്തുവിന്റെ ഏതെങ്കിലും ഭാഗം സ്ഥിതി ചെയ്യുന്നതു് അപ്രകാരമുള്ള മറ്റോരോ രജിസ്ട്രാർക്കും അയച്ചുകൊടുക്കേണ്ടതാകുന്നു.

(3) ആ രജിസ്ട്രാർ അപ്രകാരമുള്ള ഏതെങ്കിലും പകർപ്പ് ലഭിക്കുമ്പോൾ, അതു് തന്റെ 1-ാംനമ്പർ പുസ്തകത്തിൽ ഫയലു ചെയ്യുകയും, ആ പകർപ്പിന്റെ മെമ്മോറാണ്ഡം തന്റെ കീഴിലുള്ളവനും, ആരുടെ സബ്ബ് ഡിസ്ട്രിക്റ്റിലാണോ ആ വസ്തുവിന്റെ ഏതെങ്കിലും ഭാഗം സ്ഥിതി ചെയ്യുന്നതു് ആ ആളുമായ ഓരോ സബ്ബ്‌രജിസ്ട്രാർക്കും അയച്ചുകൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

(4) ഈ വകുപ്പനുസരിച്ച് ഏതെങ്കിലും മെമ്മോറാണ്ഡം ലഭിക്കുന്ന ഓരോ സബ്ബ് രജിസ്ട്രാരും അതു് തന്റെ 1-ാംനമ്പർ പുസ്തകത്തിൽ ഫയലു ചെയ്യേണ്ടതാകുന്നു.

67. 30-ാംവകുപ്പ്, (2)-ാംഉപവകുപ്പ് അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനു ശേഷമുള്ള നടപടി:—30-ാംവകുപ്പ്, (2)-ാം ഉപവകുപ്പനുസരിച്ച് ഏതെങ്കിലും ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ, ആ ആധാരത്തിന്റെ പകർപ്പും, അതിന്മേലുള്ള പുറത്തെഴുത്തുകളും, സർട്ടിഫിക്കറ്റും ആരുടെ ഡിസ്ട്രിക്റ്റിലാണോ ആ കരണം സംബന്ധിച്ച വസ്തുവിന്റെ ഏതെങ്കിലും ഭാഗം സ്ഥിതി ചെയ്യുന്നതു്, അങ്ങനെയുള്ള ഓരോ രജിസ്ട്രാർക്കും അയച്ചുകൊടുക്കുകയും, ആ പകർപ്പ് ലഭിക്കുന്ന രജിസ്ട്രാർ, തനിക്കു് 66-ാംവകുപ്പ്, (1)-ാംഉപവകുപ്പ് പ്രകാരം നിർണ്ണീതമായ നടപടി അനുസരിക്കുകയും ചെയ്യേണ്ടതാകുന്നു.

## (ഇ) രജിസ്ട്രാറന്മാരുടേയും ഇൻസ്പെക്ടർ ജനറലിന്റേയും നിയന്ത്രണാധികാരങ്ങളെപ്പററി.

68. __സബ്ബ്‌രജിസ്ട്രാറന്മാരെ മേൽവിചാരം ചെയ്യാനും നിയന്ത്രിക്കുവാനും രജിസ്ട്രാർക്കുള്ള അധികാരം.__ (1) ഓരോ സബ്ബ്‌രജിസ്ട്രാരും തന്റെ ഔദ്യോഗിക ചുമതലകൾ, ഏതു രജിസ്ട്രാരുടെ ഡിസ്ട്രിക്റ്റിലാണോ തന്റെ കച്ചേരി സ്ഥിതിചെയ്യുന്നതു് ആ രജിസ്ട്രാരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർവ്വഹിക്കേണ്ടതാണ്.

(2) തനിക്കു താഴെയുള്ള വല്ല സബ്ബ്‌രജിസ്ട്രാരുടെയും വല്ല പ്രവൃത്തിയോ വീഴ്ചയോ സംബന്ധിച്ചാകട്ടെ, വല്ല ആധാരവും രജിസ്റ്റർ ചെയ്ത പുസ്തകത്തേയോ കച്ചേരിയേയൊ സംബന്ധിച്ച വല്ല തെററും തിരുത്തുന്നതു സംബന്ധിച്ചാകട്ടെ, ഈ ആക്റ്റിനനുയോജ്യമായി താൻ ആവശ്യമെന്നു കരുതുന്ന ഏതു ഉത്തരവും (പരാതി വന്നതിന്മേലാകട്ടെ, മററു വിധത്തിലാകട്ടെ) പുറപ്പെടുവിക്കുവാൻ ഓരോ രജിസ്ട്രാർക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

69. __രജിസ്റ്റർകച്ചേരികളുടെ മേൽനോട്ടം വഹിക്കുവാനും ചട്ടങ്ങൾ ഉണ്ടാക്കുവാനും ഇൻസ്പെക്റ്റർ ജനറലിനുള്ള അധികാരം:—__

(1) ഇൻസ്പെക്ടർ ജനറൽ [സംസ്ഥാനഗവണ്മെൻറിന്റെ] കീഴിലുള്ള പ്രദേശങ്ങളിലെ എല്ലാ രജിസ്റ്റർകച്ചേരികളും പൊതുവെ മേൽവിചാരം ചെയ്യേണ്ടതും, അദ്ദേഹത്തിന് ഈ ആക്റ്റിനു യോജിച്ച ചട്ടങ്ങൾ, താഴെ പറയുന്ന കാര്യങ്ങൾക്കായി, അപ്പഴപ്പോൾ ഉണ്ടാക്കുവാൻ അധികാരമുണ്ടായിരിക്കുന്നതുമാണ്.

(എ) പുസ്തകങ്ങളും പത്രങ്ങളും ആധാരങ്ങളും ഭദ്രമായി സൂക്ഷിപ്പാൻ വ്യവസ്ഥചെയ്യുക. [.... .... .... ....] *

(ബി) ഓരോ ഡിസ്ട്രിക്റ്റിലും സാമാന്യമായി ഉപയോഗിക്കപ്പെടുന്നതെന്ന് കണക്കാക്കപ്പെടേണ്ട ഭാഷകൾ ഏതെല്ലാമെന്ന് പ്രഖ്യാപിക്കുക.

† [(ബി ബി) ആധാരമെഴുത്തുകാർക്ക് ലൈസൻസു നൽകുക, ആ ലൈസൻസുകൾ റദ്ദ് ചെയ്യുക, ആ ലൈസൻസുകൾ ഏതെല്ലാം വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായി നൽകണമോ ആ വ്യവസ്ഥകളും ഉപാധികളും, അവ നൽകേണ്ട അധികൃതനും, കൂടാതെ രജിസ്ട്രേഷന് ഹാജരാക്കപ്പെടുന്ന ആധാരങ്ങൾ എഴുതുന്നതു സംബന്ധിച്ച് പൊതുവെയുള്ള എല്ലാ കാര്യങ്ങളും].

---

* "മേലാൽ വച്ചുകൊള്ളാൻ ആവശ്യമില്ലാത്ത പുസ്തകങ്ങളെയും പത്രങ്ങളെയും ആധാരങ്ങളെയും നശിപ്പിക്കുക" എന്നീ വാക്കുകൾ 1917-ലെ 5-ാം ആക്റ്റ്, 6-ാം വകുപ്പുപ്രകാരം നീക്കംചെയ്തു.

† ഇതു് 1952-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ (തിരുവിതാംകൂർ-കൊച്ചി) ഭേദഗതി ആക്റ്റ് (1952-ലെ 25-ാം ആക്റ്റ്) 2-ാം വകുപ്പുപ്രകാരം ചേർത്തു.

(സി) 21-ാംവകുപ്പുപ്രകാരം, ഏതെല്ലാം പ്രദേശങ്ങൾ അംഗീകരിക്കപ്പെടേണ്ടതാണെന്നു് പ്രഖ്യാപിക്കുക.

(ഡി) 25-ം, 34-ം വകുപ്പുകൾ പ്രകാരം യഥാക്രമം ചുമത്തപ്പെടുന്ന പിഴകളുടെ തുക ക്രമപ്പെടുത്തുക.

(ഇ) 63-ാംവകുപ്പു പ്രകാരം രജിസ്റ്ററിംഗ് ആപ്പീസർക്കു് സിദ്ധിച്ചിട്ടുള്ള വിവേചനാധികാരം വിനിയോഗിക്കുന്നതു് ക്രമപ്പെടുത്തുക.

(എഫ്) ആധാരങ്ങളുടെ മെമ്മോറാണ്ടം തയ്യാറാക്കുന്നതിനു് രജിസ്റ്ററിംഗ് ആഫീസറന്മാർക്കുള്ള ഫാറം ക്രമപ്പെടുത്തുക.

(ജി) 51-ാംവകുപ്പുപ്രകാരം രജിസ്ട്രാറന്മാരുടെയും സബ്‌രജിസ്ട്രാറന്മാരുടെയും കച്ചേരിയിൽ സൂക്ഷിച്ചിട്ടുള്ള പുസ്തകങ്ങളെ അവരവർ സാക്ഷ്യപ്പെടുത്തി വയ്ക്കുന്നതിനെ ക്രമപ്പെടുത്തുക.

[(ജി ജി) 88-ാംവകുപ്പ്, (2)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള കരണങ്ങൾ രജിസ്റ്റർ ചെയ്യുവാൻ ഹാജരാക്കേണ്ട രീതി ക്രമപ്പെടുത്തുക] †

(എച്ച്) ഇൻഡക്സ് നമ്പർ 1, 2, 3, 4 ഇവയിൽ ക്രമപ്രകാരം ഉൾപ്പെടുത്തേണ്ട വിവരങ്ങൾ പ്രഖ്യാപിക്കുക.

(ഐ) രജിസ്റ്റർ കച്ചേരികളിലെ ഒഴിവു ദിവസങ്ങൾ പ്രഖ്യാപിക്കുക.

(ജെ) പൊതുവെ രജിസ്ട്രാർമാരുടെയും, സബ്ബ്‌രജിസ്ട്രാർമാരുടെയും നടപടികൾ ക്രമപ്പെടുത്തുക.

(2) അപ്രകാരം ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ [സംസ്ഥാനഗവണ്മെൻറിനു്] അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്നതും, അവ അംഗീകരിക്കപ്പെട്ടതിനുശേഷം, ഔദ്യോഗികഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെടുന്നതും, പ്രസിദ്ധീകരണത്തോടുകൂടി, അവയ്ക്കു് ഈ ആക്ടിൽ പാസ്സാക്കപ്പെട്ടിരുന്നാലെന്നപോലെയുള്ള പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

70. പിഴ ഇളവുചെയ്യുവാൻ ഇൻസ്പെക്ടർ ജനറലിനുള്ള അധികാരം. കൂടാതെ ഇൻസ്പെക്ടർ ജനറലിനു്, യുക്തംപോലെ, 25-ാംവകുപ്പുപ്രകാരമൊ, 34-ാംവകുപ്പു പ്രകാരമൊ ചുമത്തപ്പെട്ടിട്ടുള്ള വല്ല പിഴയും, ശരിയായ രജിസ്ട്രേഷൻ ഫീസിൻെറ തുകയും തമ്മിലുള്ള വ്യത്യാസം മുഴുവനായൊ ഭാഗികമായൊ ഇളവു ചെയ്യാവുന്നതാണ്.

## ഭാഗം 12.

### രജിസ്റ്റർ ചെയ്യുവാൻ വിസമ്മതിക്കുന്നതിനെപ്പറ്റി

71. രജിസ്റ്റർ ചെയ്യുന്നില്ലെന്നു് പറയുന്നതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തണമെന്നു്. (1) ഒരാധാരം ഏതു വസ്തു സംബന്ധിച്ചുള്ളതോ, ആ വസ്തു തൻെറ സബ്ബ്ഡിസ്ട്രിക്ടിനുള്ളിൽ സ്ഥിതി ചെയ്യുന്നില്ലെന്നുള്ള

† ഇതു് 1948-ലെ 39-ാം ആക്ട്, 4-ാംവകുപ്പു പ്രകാരം കൂട്ടിച്ചേർത്തു.

കാരണത്തിന്മേലല്ലാതെ, ആ ആധാരം രജിസ്റ്റർ ചെയ്യാൻ നിഷേധിക്കുന്ന ഓരോ സബ്ബ്‌രജിസ്ത്രാരും, അതു നിഷേധിച്ചിരിക്കുന്നതായി ഉത്തരവിടുകയും, അപ്രകാരമുള്ള ഉത്തരവു കൊടുക്കുന്നതിനുള്ള കാരണങ്ങൾ തന്റെ 2-ാംനമ്പർ പുസ്തകത്തിൽ രേഖപ്പെടുത്തുകയും "രജിസ്ത്രേഷൻ നിഷേധിച്ചിരിക്കുന്നു" എന്ന വാക്കുകൾ ആ ആധാരത്തിന്മേൽ പുറത്തെഴുത്തായി എഴുതുകയും; ആ ആധാരം ഒപ്പിടുകയോ അതിൻപ്രകാരം അവകാശപ്പെടുകയോ ചെയ്യുന്ന വല്ല ആളും അപേക്ഷ ബോധിപ്പിച്ചാൽ മേൽപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളുടെ പകർപ്പ് സൌജന്യമായും, അനാവശ്യമായ കാലതാമസം കൂടാതെയും അയാൾക്ക് കൊടുക്കുകയും ചെയ്യേണ്ടതാണ്.

(2) അപ്രകാരം പുറത്തെഴുതി തള്ളിയിരിക്കുന്ന യാതൊരാധാരവും, ഇതിനുശേഷം പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പ്രകാരം, രജിസ്റ്റർ ചെയ്യാൻ നിർദ്ദേശിച്ചാലല്ലാതെയും, അങ്ങനെ നിർദ്ദേശിക്കുന്നതുവരെയും, രജിസ്റ്റർ ചെയ്യാനായി യാതൊരു രജിസ്റ്ററിംഗ് ആഫീസറും സ്വീകരിച്ചുകൂടാത്തതാകുന്നു.

72. ഒപ്പിട്ടുകൊടുക്കാൻ നിഷേധിച്ചു എന്നതല്ലാതെ മറ്റേതെങ്കിലും കാരണത്തിന്മേൽ രജിസ്റ്റർ ചെയ്യുവാൻ വിസമ്മതിക്കുന്ന സബ്ബ്‌രജിസ്ത്രാരുടെ ഉത്തരവിന്മേൽ രജിസ്ത്രാക്ക് കൊടുക്കപ്പെടുന്ന അപ്പീൽ. (1) ഒപ്പിട്ടുകൊടുക്കാൻ നിഷേധിച്ചു എന്ന കാരണത്തിലാണ് വിസമ്മതം പ്രകടിപ്പിച്ചിട്ടുള്ളതെങ്കിൽ അതൊഴികെ (ആധാരം രജിസ്റ്റർ ചെയ്യുന്നത് നിർബന്ധിതമാകട്ടെ, ഇഷ്ടാനുസൃതമാകട്ടെ) ആധാരം രജിസ്റ്റർചെയ്യുകയില്ലെന്ന് സബ്ബ്‌രജിസ്ത്രാർ നല്കുന്ന ഉത്തരവിന്മേൽ, ആ സബ്ബ്‌രജിസ്ത്രാർ ഏതു രജിസ്ത്രാക്ക് കീഴ്പ്പെട്ടിരിക്കുന്നുവോ ആ രജിസ്ത്രാക്ക് ആ ഉത്തരവിന്റെ തീയതി മുതൽ മുപ്പതുദിവസത്തിനകമാണെങ്കിൽ, അപ്പീൽ കൊടുക്കാവുന്നതും, രജിസ്ത്രാക്ക് ആ ഉത്തരവ് അന്യഥാകരിക്കുകയോ, ഭേദപ്പെടുത്തുകയോ ചെയ്യാവുന്നതുമാണ്

(2) ആ ആധാരം രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് രജിസ്ത്രാരുടെ ഉത്തരവ് നിർദ്ദേശിക്കുകയും, ആ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മുപ്പതുദിവസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാനായി ആ ആധാരം മുറപ്രകാരം ഹാജരാക്കപ്പെട്ടിരിക്കുകയും ചെയ്യുകയാണെങ്കിൽ സബ്ബ്‌രജിസ്ത്രാർ ആ ഉത്തരവ് അനുസരിക്കുകയും, അതോടുകൂടി 58, 59, 60 ഈ വകുപ്പുകളിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിയെ, പാടുള്ളിടത്തോളം, അനുവർത്തിക്കുകയും ചെയ്യേണ്ടതാകുന്നു; ആ രജിസ്ത്രേഷന്, ആ ആധാരം രജിസ്റ്റരാക്കാനായി ആദ്യം ക്രമപ്രകാരം ഹാജരാക്കിയപ്പോൾ രജിസ്റ്റർ ചെയ്തിരുന്നാലെന്നപോലെയുള്ള ഫലം ഉണ്ടായിരിക്കയും ചെയ്യും.

73. ഒപ്പിട്ടുകൊടുക്കാൻ നിഷേധിച്ചു എന്ന കാരണത്തിന്മേൽ രജിസ്റ്റർ ചെയ്യുന്നതിന് സബ്ബ്‌രജിസ്ത്രാർ വിസമ്മതിക്കുന്നുവെങ്കിൽ രജിസ്ത്രാക്ക് കൊടുക്കപ്പെടുന്ന അപേക്ഷ. (1) ആധാരം ഒപ്പിട്ടുകൊടുത്തതായി ഉദ്ദേശിക്കുന്ന ഏതെങ്കിലും ആളോ, അയാളുടെ പ്രതിനിധിയോ,

മുതലെടുപ്പുകാരനോ, അപ്രകാരം ഒപ്പിട്ടു കൊടുത്തിട്ടില്ലെന്നു പറയുന്ന കാരണത്തിന്മേൽ ആധാരം രജിസ്റ്റർ ചെയ്കയില്ലെന്ന് ഒരു സബ്ബ്‌രജിസ്ട്രാർ പറയുമ്പോൾ, ആ ആധാരപ്രകാരം അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്കോ, മേൽപ്പറഞ്ഞവിധം അധികാരപ്പെടുത്തീട്ടുള്ള അയാളുടെ പ്രതിനിധിക്കോ, മുതലെടുപ്പുകാരനോ, ഏജന്റിനോ ആ നിഷേധ ഉത്തരവ് കൊടുത്തതിനുശേഷം മുപ്പതു ദിവസത്തിനുള്ളിൽ ആ സബ്ബ്‌രജിസ്ട്രാർ ഏതു രജിസ്ട്രാർക്ക് കീഴ്‌പ്പെട്ടിരിക്കുന്നുവോ ആ രജിസ്ട്രാരോട്, ആധാരം രജിസ്റ്റർ ചെയ്തു കിട്ടുവാനുള്ള തന്റെ അവകാശം സ്ഥാപിച്ചുകിട്ടുവാനായി അപേക്ഷിക്കാവുന്നതാണ്.

(2) ആ അപേക്ഷ രേഖാമൂലമായിരിക്കേണ്ടതും, 71-ാംവകുപ്പുപ്രകാരം രേഖപ്പെടുത്തീട്ടുള്ള കാരണങ്ങളുടെ പകർപ്പ് അതോടുകൂടി ഉണ്ടായിരിക്കേണ്ടതും, ആ അപേക്ഷയിലുള്ള വിവരങ്ങളെ അന്യായം സത്യബോധപ്പെടുത്തുന്നതിന് നിയമം ആവശ്യപ്പെടുന്ന വിധത്തിൽ, അപേക്ഷകൻ സത്യബോധപ്പെടുത്തിയിരിക്കേണ്ടതുമാണ്.

74. <u>ആ അപേക്ഷയിന്മേൽ രജിസ്ട്രാരുടെ നടപടി.</u> അപ്രകാരമുള്ള സംഗതികളിലും, മേൽപ്പറഞ്ഞ തരത്തിലുള്ള നിഷേധം ഒരു രജിസ്ട്രാരുടെ മുമ്പിൽ രജിസ്ട്രേഷനുവേണ്ടി ഹാജരാക്കപ്പെട്ടിട്ടുള്ള ആധാരം സംബന്ധിച്ച് ഉന്നയിക്കപ്പെട്ടതാണെങ്കിലും—

(എ) ആ ആധാരം ഒപ്പിട്ടിട്ടുണ്ടോ എന്നും,

(ബി) ആ ആധാരം രജിസ്റ്റർചെയ്യുന്നതിനുവേണ്ടതിന്, തല്കാലം പ്രാബല്യത്തിലുള്ള നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതെല്ലാം, സന്ദർഭാനുസരണം, ആ അപേക്ഷകനോ, അതു രജിസ്റ്റർ ചെയ്യാൻ ഹാജരാക്കുന്ന ആളോ അനുസരിച്ചിട്ടുണ്ടോ എന്നും രജിസ്ട്രാർ സൗകര്യമുള്ളിടത്തോളം വേഗം അന്വേഷിക്കേണ്ടതാണ്.

75. <u>രജിസ്റ്റർ ചെയ്യുവാൻ രജിസ്ട്രാർ നൽകുന്ന ഉത്തരവും, അതിന്മേലുള്ള നടപടിയും.</u> (1) ആധാരം ഒപ്പിട്ടിട്ടുണ്ടെന്നും, മേൽപ്പറയപ്പെട്ട ആവശ്യങ്ങളെല്ലാം അനുസരിക്കപ്പെട്ടിട്ടുണ്ടെന്നും രജിസ്ട്രാർ കാണുന്നതായാൽ, അതു രജിസ്റ്ററാക്കേണ്ടതാണെന്ന് അദ്ദേഹം ഉത്തരവു കൊടുക്കേണ്ടതാണ്.

(2) ആ ഉത്തരവ് പുറപ്പെടുവിച്ചതിനു ശേഷം, മുപ്പതുദിവസത്തിനുള്ളിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിനായ്, മുറപ്രകാരം ഹാജരാക്കപ്പെടുകയാണെങ്കിൽ, രജിസ്റ്ററിംഗ് ആഫീസർ അതു് അനുസരിക്കേണ്ടതും, അതിന്മേൽ 58, 59, 60 ഈ വകുപ്പുകളിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടികളെ കഴിവുള്ളിടത്തോളം അനുവർത്തിക്കേണ്ടതുമാണ്.

(3) അപ്രകാരമുള്ള രജിസ്ട്രേഷൻ, ആ ആധാരം രജിസ്റ്ററാക്കുന്നതിനായി ആദ്യം മുറപ്രകാരം ഹാജരാക്കിയപ്പോൾ രജിസ്റ്റർ ചെയ്തിരുന്നാലെന്നപോലെ ഊർജ്ജിതത്തിൽ വരുന്നതാണ്.

(4) രജിസ്ട്രാർക്ക്, 74-ാംവകുപ്പുപ്രകാരം ഉള്ള ഏതെങ്കിലും അന്വേഷണത്തിനായി, സാക്ഷികളുടെ സാന്നിധ്യം ആവശ്യപ്പെടുകയും, നിർബന്ധിക്കുകയും ചെയ്യാവുന്നതും, താൻ ഒരു സിവിൽക്കോടതിയായി

രുന്നാലെന്നപോലെ, തെളിവു നൽകുവാൻ അവരെ നിർബന്ധിക്കാവുന്നതും, അപ്രകാരമുള്ള ഏതെങ്കിലും അന്വേഷണത്തിന്റെ ചെലവുകൾ മുഴുവനുമോ, ഏതാനുമോ ആരാണ നൽകേണ്ടതെന്നുകൂടി അദ്ദേഹത്തിനു നിർദ്ദേശിക്കാവുന്നതും, ആ ചെലവുകൾ, 1908-ലെ സിവിൽ നടപടി നിയമപ്രകാരമുള്ള വ്യവഹാരത്തിൽ വിധിച്ചുകൊടുക്കപ്പെട്ടിരുന്നുവെങ്കിൽ എങ്ങനെയോ അങ്ങനെ വസൂലാക്കപ്പെടേണ്ടതുമാണ്.

### 76. നിഷേധിച്ചുകൊണ്ടു് രജിസ്ട്രാർ നൽകുന്ന ഉത്തരവ്.

(1) രജിസ്ട്രാർ—(എ) ആധാരം സംബന്ധിക്കുന്ന വസ്തു തന്റെ ഡിസ്ട്രിക്റ്റിനുള്ളിലല്ല സ്ഥിതി ചെയ്യുന്നതെന്നോ, ആ ആധാരം ഒരു സബ്ബ്‌രജിസ്ട്രാരുടെ കച്ചേരിയിൽ രജിസ്റ്റർ ചെയ്യപ്പെടേണ്ടതാണെന്നോ ഉള്ള കാരണത്താലൊഴികെ, അതു രജിസ്റ്ററാക്കുവാനോ, അല്ലെങ്കിൽ,

(ബി) ആധാരം 72-ാം വകുപ്പോ, 75-ാംവകുപ്പോ പ്രകാരം രജിസ്റ്ററാക്കുവാൻ നിർദ്ദേശിക്കുവാനോ, വിസമ്മതിക്കുമ്പോൾ, അദ്ദേഹം അങ്ങനെ നിഷേധിച്ചിരിക്കുന്നതായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, ആ ഉത്തരവിനുള്ള കാരണങ്ങൾ തന്റെ 2-ാം നമ്പർ പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും, ടി ആധാരം ഒപ്പിട്ടു കൊടുക്കുകയോ അതിൻപ്രകാരം അവകാശപ്പെടുകയോ ചെയ്യുന്ന ആരുടെയെങ്കിലും അപേക്ഷയിന്മേൽ, അപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളുടെ ഒരു പകർപ്പ്, അനാവശ്യമായ കാലതാമസം കൂടാതെ, അയാൾക്കു കൊടുക്കേണ്ടതുമാണ്.

(2) ഈ വകുപ്പോ 72-ാം വകുപ്പോ പ്രകാരം ഉള്ള രജിസ്ട്രാരുടെ ഏതെങ്കിലും ഉത്തരവിന്മേൽ യാതൊരപ്പീലും നടത്തിക്കൂടാത്തതാകുന്നു.

### 77. നിഷേധിച്ചുകൊണ്ടു് രജിസ്ട്രാർ ഉത്തരവു നൽകിയാലുള്ള വ്യവഹാരം:

(1) 72-ാം വകുപ്പോ, 76-ാം വകുപ്പോ പ്രകാരം ആധാരം രജിസ്റ്റർ ചെയ്യുന്നതിനു് ഉത്തരവു കൊടുക്കുവാൻ രജിസ്ട്രാർ വിസമ്മതിക്കുമ്പോൾ, ആ ആധാരപ്രകാരം അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്കോ അയാളുടെ പ്രതിനിധിക്കോ, മുതലേൽപ്പുകാരനോ, ഏജന്റിനോ ആ ആധാരം ഏതു കച്ചേരിയിൽ രജിസ്റ്റർ ചെയ്തു കിട്ടുവാൻ ആവശ്യപ്പെട്ടുവോ ആ കച്ചേരിയിൽ അതു രജിസ്റ്റർ ചെയ്തു കൊടുക്കുവാൻ തീർച്ച ചെയ്യുന്ന ഒരു ഡിക്രി കിട്ടുന്നതിനായി, മേൽപ്പറഞ്ഞ കച്ചേരി ഏതു് അധികാരമുള്ള സിവിൽക്കോടതിയുടെ ആദ്യാധികാരസ്ഥലാതിർത്തികൾക്കുള്ളിൽ സ്ഥിതി ചെയ്യുന്നുവോ ആ സിവിൽക്കോടതിയിൽ, ആ നിഷേധ ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മുപ്പതു ദിവസത്തിനകം ഒരു വ്യവഹാരം ബോധിപ്പിക്കാവുന്നതാണ്; എന്നാൽ ആ ഡിക്രി പ്രകാരം രജിസ്റ്റർചെയ്തു കിട്ടുവാൻ ഹാജരാക്കുന്നതു് ആ ഡിക്രി ഉണ്ടായശേഷം മുപ്പതു ദിവസത്തിനകം ആയിരിക്കണം.

(2) 75-ാം വകുപ്പ്, (2)-ം, (3)-ം ഉപവകുപ്പുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യവസ്ഥകൾ, അപ്രകാരമുള്ള ഏതെങ്കിലും ഡിക്രി അനുസരിച്ചു രജിസ്റ്റർ ചെയ്യുന്നതിനായി ഹാജരാക്കപ്പെട്ടിട്ടുള്ള എല്ലാ ആധാരങ്ങൾക്കും ആവശ്യപ്പെട്ട ഭേദഗതികളോടുകൂടി സംബന്ധിക്കുന്നതും, ഈ ആക്ടിൽ

എന്നുതന്നെ അടങ്ങിയിരുന്നാലും, ആ ആധാരം ആ വ്യവഹാരത്തിൽ തെളിവായി സ്വീകരിക്കപ്പെടേണ്ടതും ആകുന്നു.

## ഭാഗം 13.

### രജിസ്റ്റർ ചെയ്യാനും, തിരഞ്ഞെടുക്കാനും, പകർപ്പെടുക്കാനും ഉള്ള ഫീസിനെപ്പറ്റി.

78. ഫീസ് സംസ്ഥാനഗവണ്മെൻറ് നിശ്ചയിക്കണമെന്ന്.
* [..........] [സംസ്ഥാനഗവണ്മെൻറ്]—

(എ) ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും;

(ബി) രജിസ്റ്ററുകൾ തിരഞ്ഞെടുക്കുന്നതിനും;

(സി) രജിസ്ട്രേഷനു മുമ്പോ പിമ്പോ കാരണങ്ങളുടേയോ, രജിസ്റ്റർപതിപ്പുകളുടേയോ, ആധാരങ്ങളുടേയോ പകർപ്പുകൾ എഴുതിയുണ്ടാക്കുകയോ കൊടുക്കുകയോ ചെയ്യാനും, അടയ്ക്കേണ്ടുന്ന ഫീസുകളുടെ ഒരു പട്ടികയും;

(ഡി) 30-ാം വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യുന്നതിനൊക്കെയും;

(ഇ) കമ്മീഷനെ നിയമിക്കുന്നതിനും;

(എഫ്) തർജ്ജമകൾ ഫയൽ ചെയ്യുന്നതിനും;

(ജി) വാസസ്ഥലങ്ങളിൽ ചെല്ലുന്നതിനും;

(എച്ച്) ആധാരങ്ങൾ ഭദ്രമായി സൂക്ഷിച്ചു തിരിയെ കൊടുക്കുന്നതിനും;

(ഐ) ഈ ആക്റ്റിൻെറ കാര്യങ്ങൾ നടത്തുന്നതിന് ആവശ്യമെന്നു [സംസ്ഥാനഗവണ്മെൻറിനു] തോന്നുന്ന മററു സംഗതികൾക്കും, അടയ്ക്കേണ്ട വിശേഷാൽ അഥവാ കൂടുതൽ ഫീസ് വകയ്ക്കു ഒരു പട്ടികയും തയ്യാറാക്കേണ്ടതാകുന്നു.

79. ഫീസ് വിവരത്തിൻെറ പ്രസിദ്ധീകരണം. അപ്രകാരം അടയ്ക്കേണ്ട ഫീസിൻെറ പട്ടിക ഔദ്യോഗിക ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതും, അതിൻെറ പകർപ്പ്, ഇംഗ്ലീഷിലും ടി ഡിസ്ട്രിക്റ്റിലെ മാതൃഭാഷയിലും എല്ലാവരും കാണത്തക്കവണ്ണം എല്ലാ രജിസ്റ്റർ കച്ചേരിയിലും പരസ്യമായി വച്ചിരിക്കേണ്ടതും ആകുന്നു.

80. ഹാജരാക്കുമ്പോൾ ഫീസ് അടയ്ക്കണമെന്ന്. ഈ ആക്റ്റ് പ്രകാരം ആധാരങ്ങൾ രജിസ്റ്റർ ചെയ്യാനുള്ള എല്ലാ ഫീസുകളും, അപ്രകാരമുള്ള ആധാരങ്ങൾ ഹാജരാക്കുമ്പോൾ അടയ്ക്കേണ്ടതാകുന്നു.

* "ഗവർണ്ണർ ജനറൽ-ഇൻ-കൌൺസിലിൻെറ അംഗീകാരത്തിനു വിധേയമായി" എന്നീ വാക്കുകൾ 1920-ലെ 38-ാം ആക്റ്റു പ്രകാരം നീക്കം ചെയ്തു.

## ഭാഗം 14.

### ശിക്ഷകളെപ്പററി.

**81. ഉപദ്രവിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി തെററായി ആധാരങ്ങളിൽ പുറത്തെഴുത്തു നടത്തുകയോ ആധാരത്തിന്റെ പകർത്തി എഴുതുകയോ, പരിഭാഷപ്പെടുത്തുകയോ, രജിസ്റ്റർ ചെയ്യുകയോ ചെയ്യുന്നതിനുള്ള ശിക്ഷ:** ഈ ആക്ററ് അനുസരിച്ച് നിയമിക്കപ്പെടുന്ന ഓരോ രജിസ്റ്ററിംഗ് ആഫീസരും, തന്റെ കച്ചേരിയിൽ ഈ ആക്ററിന്റെ ആവശ്യങ്ങൾക്കായി നിയമിതനായിരിക്കുന്ന ഓരോ ആളും, ഈ ആക്ററിലെ വ്യവസ്ഥകൾ അനുസരിച്ചു ഹാജരാക്കപ്പെടുന്നതോ, അനാമത്തു വയ്ക്കപ്പെടുന്നതോ ആയ വല്ല ആധാരത്തിലും പുറത്തെഴുതുകയോ, അതിനെ പകർത്തുകയോ, തർജ്ജമ ചെയ്യുകയോ, രജിസ്റ്റർ ചെയ്യുകയോ ചെയ്യുന്നതിനു ചുമതലപ്പെട്ടതായിരിക്കെ, ഇൻഡ്യൻ ശിക്ഷാനിയമത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ളതുപോലെ വല്ലയാൾക്കും ഉപദ്രവം വരുത്തണമെന്ന് ഉദ്ദേശിച്ചുകൊണ്ടോ, താൻ അതുവഴി വല്ലയാൾക്കും ഉപദ്രവം വരുത്താൻ ഇടയുണ്ടെന്ന് അറിഞ്ഞുകൊണ്ടോ ആ ആധാരത്തെ തെററാണെന്ന് തനിക്ക് അറിയാവുന്നതോ, താൻ വിശ്വസിക്കുന്നതോ ആയ രീതിയിൽ പുറത്തെഴുതുകയോ, പകർത്തുകയോ, തർജ്ജമ ചെയ്യുകയോ, രജിസ്റ്ററാക്കുകയോ ചെയ്താൽ, അയാൾക്ക് ഏഴു സംവത്സരത്തോളം വരാവുന്ന കാലത്തെ തടവോ, പിഴയോ, രണ്ടും കൂടിയോ ശിക്ഷ വിധിക്കപ്പെടേണ്ടതാകുന്നു.

**82. അവാസ്തവപ്രസ്താവനകൾ പുറപ്പെടുവിക്കുന്നതിനും, കളവായ പകർപ്പുകൾ അഥവാ തർജ്ജമകൾ നൽകുന്നതിനും ആൾമാറാട്ടത്തിനും, കുററം ചെയ്യാൻ പ്രോത്സാഹിപ്പിക്കുന്നതിനും ഉള്ള ശിക്ഷ.**

ആരെങ്കിലും—

(എ) ഈ ആക്ററ പ്രകാരമുള്ള ഏതെങ്കിലും നടപടിയിലോ, വിചാരണയിലോ, ഈ ആക്ററിന്റെ നിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥന്റെ മുമ്പാകെ, സത്യപ്രതിജ്ഞയിന്മേലോ അല്ലാതെയോ, രേഖപ്പെടുത്തിയിരുന്നെങ്കിലും ഇല്ലെങ്കിലും, വ്യാജമായ വല്ല വിവരവും മനഃപൂർവ്വം ബോധിപ്പിക്കുകയോ;

(ബി) 19-ാം വകുപ്പോ, 21-ാം വകുപ്പോ പ്രകാരമുള്ള വല്ല നടപടിയിലും, ആധാരത്തിന്റെ കളവായ പകർപ്പോ, തർജ്ജമയോ, അഥവാ ഒരു പടത്തിന്റെയോ പ്ലാനിന്റെയോ കളവായ പകർപ്പോ മനഃപൂർവ്വം രജിസ്റ്ററിംഗ് ആഫീസർക്ക് നൽകുകയോ;

(സി) മറെറാരാളായി കളവിൽ ആൾമാറാട്ടം നടത്തുകയും, അപ്രകാരം മാററപ്പെട്ട ആൾ എന്ന നാട്യത്തിൽ, ഈ ആക്ററനുസരിച്ചുള്ള വല്ല നടപടിയിലോ, വിചാരണയിലോ വല്ല ആധാരവും ഹാജരാക്കുകയോ, വല്ല സമ്മതമോ വിവരമോ നൽകുകയോ, വല്ല സമൻസോ കമ്മീഷനോ പുറപ്പെടുവിക്കുവാൻ ഇടയാക്കുകയോ, മററു വല്ല പ്രവൃത്തിയും നടത്തുകയോ ചെയ്യുകയും ചെയ്കയോ;

(ഡി) ഈ ആക്ററിനാൽ ശിക്ഷാർഹമാക്കപ്പെട്ടിട്ടുള്ള വല്ലതും ചെയ്യുന്നതിന് ഉത്സാഹിപ്പിക്കുകയോ, ചെയ്താൽ അയാൾക്ക് ഏഴു

സംവത്സരത്തോളം വരാവുന്ന കാലത്തെ തടവോ, പിഴയോ, രണ്ടുംകൂടിയോ ശിക്ഷ വിധിക്കപ്പെടേണ്ടതാകുന്നു.

**83. രജിസ്റ്ററിംഗ് ആഫീസർക്ക് പ്രോസിക്യൂഷൻ ആരംഭിക്കാമെന്ന്.**

(1) ഒരുദ്യോഗശാലയിൽ രജിസ്റ്ററിംഗ് ആഫീസരുടെ അറിവിൽപ്പെടുന്ന, ഈ ആക്ട് പ്രകാരമുള്ള വല്ല കുറ്റത്തിനും ഒരു പ്രോസിക്യൂഷൻ, കാര്യത്തിന്റെ അവസ്ഥപോലെ, ആരുടെ പ്രദേശത്തുള്ളിലോ, ഡിസ്ട്രിക്റ്റിലോ, സബ്ഡിസ്ട്രിക്റ്റിലോ ആണ് കുറ്റം നടത്തപ്പെട്ടത്, ആ ഇൻസ്പെക്ടർ ജനറലോ, [..........]*രജിസ്ട്രാറോ, സബ്ബ് രജിസ്ട്രാറോ അല്ലെങ്കിൽ ആ ഇൻസ്പെക്ടർ ജനറലിന്റെയോ രജിസ്ട്രാരുടെയോ, സബ്‌രജിസ്ട്രാരുടെയോ അനുവാദത്തോടുകൂടിയോ, ആരംഭിക്കാവുന്നതാണ്.

(2) ഈ ആക്റ്റ പ്രകാരം ശിക്ഷാർഹമായിട്ടുള്ള കുറ്റങ്ങൾ, രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടിന്റെ അധികാരങ്ങളിൽ കുറയാത്ത അധികാരങ്ങൾ നടത്തുന്ന ഏതെങ്കിലും കോടതിയോ ഉദ്യോഗസ്ഥനോ വിസ്തരിക്കേണ്ടതാണ്.

**84. രജിസ്റ്ററിംഗ് ആഫീസറന്മാരെ സർക്കാർ ജീവനക്കാരായി പരിഗണിക്കണമെന്ന്.**

(1) ഈ ആക്റ്റ പ്രകാരം നിയമിക്കപ്പെടുന്ന ഓരോ രജിസ്റ്ററിംഗ് ആഫീസറും, ഇൻഡ്യൻശിക്ഷാനിയമത്തിന്റെ അർത്ഥത്തിലുൾപ്പെട്ട സർക്കാർ ജീവനക്കാരനായി ഗണിക്കപ്പെടുന്നതാകുന്നു.

(2) ആ രജിസ്റ്ററിംഗ് ആഫീസർ ആവശ്യപ്പെടുമ്പോൾ, വിവരങ്ങൾ അദ്ദേഹത്തിന് നൽകുവാൻ എല്ലാവരും നിയമത്താൽ നിബദ്ധരാണ്.

(3) ഇൻഡ്യൻ ശിക്ഷാനിയമം, 228-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന "വിസ്താരപ്രവൃത്തികൾ" എന്ന വാക്കുകളിൽ ഈ ആക്റ്റ പ്രകാരമുള്ള ഏതൊരു നടപടിയും ഉൾപ്പെടുന്നതായി കണക്കാക്കപ്പെടേണ്ടതാണ്.

## ഭാഗം 15.

### പലവക

**85. അവകാശപ്പെടാത്ത ആധാരങ്ങൾ നശിപ്പിക്കുന്നത്.**

ഏതു രജിസ്റ്റർ കച്ചേരിയിലും, (മരണശാസനങ്ങളല്ലാത്ത) ആധാരങ്ങൾ രണ്ടു വർഷത്തിലധികം കാലം അവകാശപ്പെടാതിരുന്നാൽ നശിപ്പിച്ചുകളയാവുന്നതാകുന്നു.

---

* "സിൻഡിലെ ബ്രാഞ്ച് ഇൻസ്പെക്ടർ ജനറൽ" എന്ന വാക്കുകൾ 1937-ലെ ഏ. ഒ. പ്രകാരം നീക്കം ചെയ്തു.

86. തന്റെ ഔദ്യോഗികനിലയിൽ ഉത്തമവിശ്വാസത്തോടെ ചെയ്തിട്ടുള്ളതോ, നിഷേധിച്ചിട്ടുള്ളതോ ആയ യാതൊന്നിനും രജിസ്റ്ററിംഗ് ആഫീസർ ഉത്തരവാദിയല്ലെന്ന്.

യാതൊരു രജിസ്റ്ററിംഗ് ആഫീസറും തന്റെ ഔദ്യോഗിക നിലയിൽ ഉത്തമവിശ്വാസപൂർവ്വം വല്ലതും പ്രവർത്തിക്കുകയോ, നിഷേധിക്കുകയോ ചെയ്തതു ഹേതുവായിട്ട് [illegible] വ്യവഹാരത്തിനോ, അവകാശത്തിനോ, നഷ്ടത്തിനോ ബാദ്ധ്യസ്ഥനായിത്തീരുകയില്ല.

87. അപ്രകാരം ചെയ്യപ്പെട്ട യാതൊന്നുംതന്നെ നിയമനത്തിലോ നടപടിയിലോ ഉള്ള ന്യൂനതയാൽ അസാധുവാക്കപ്പെടുന്നതല്ലെന്ന്.

ഏതെങ്കിലും രജിസ്റ്ററിംഗ് ആഫീസർ, ഈ ആക്റ്റോ, ഇതിനാൽ റദ്ദാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ആക്റ്റോ അനുസരിച്ച്, ഉത്തമവിശ്വാസപൂർവ്വം ചെയ്ത യാതൊന്നുംതന്നെ, അദ്ദേഹത്തെ നിയമിച്ചതിലോ അദ്ദേഹത്തിന്റെ നടപടിയിലോ ഉള്ള വല്ല ന്യൂനതയും ഹേതുവായിട്ടുമാത്രം, അസാധുവായിത്തീർന്നതായി ഗണിക്കപ്പെടുകയില്ല.

88. ഗവണ്മെന്റുദ്യോഗസ്ഥന്മാരോ, ചില പൊതുക്കാര്യാധികാരവാഹികളോ ഒപ്പിട്ടുകൊടുക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ.

[(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും:—

(എ) ഏതെങ്കിലും ഗവണ്മെന്റുദ്യോഗസ്ഥനോ;

(ബി) ഏതെങ്കിലും അഡ്മിനിസ്ട്രേറ്റർ ജനറലോ, ഒഫീഷ്യൽ ട്രസ്റ്റിയോ, ഒഫീഷ്യൽ അസൈനിയോ ;

(സി) ഷെറീഫോ, റിസീവറോ, ഹൈക്കോടതി രജിസ്ട്രാറോ;

(ഡി) [സംസ്ഥാന ഗവണ്മെന്റ്] പുറപ്പെടുവിച്ചിട്ടുള്ള ഔദ്യോഗിക ഗസററിലെ വിജ്ഞാപനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കാവുന്ന വിധത്തിലുള്ള മററു പൊതു ഉദ്യോഗം തൽക്കാലത്തേയ്ക്ക് വഹിച്ചിരിക്കുന്ന ആളോ, താൻ ഒപ്പിട്ടുകൊടുത്തതോ തനിക്കുവേണ്ടി തന്റെ ഔദ്യോഗിക നിലയിൽ ഒപ്പിട്ടുകൊടുക്കപ്പെട്ടതോ ആയ ഏതെങ്കിലും കരണത്തിന്റെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട യാതൊരു നടപടിയിലും, ഏതെങ്കിലും രജിസ്റ്റർകച്ചേരിയിൽ നേരിട്ടോ ഏജന്റു വഴിയായോ ഹാജരാവുകയാകട്ടെ, 58-ാംവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ കൈയൊപ്പിടുകയാകട്ടെ ചെയ്യേണ്ട ആവശ്യമില്ലാത്തതാകുന്നു.

(2) ഒരു ഗവണ്മെന്റുദ്യോഗസ്ഥനോ, (1)-ാം ഉപവകുപ്പിൽ സൂചിപ്പിച്ചിട്ടുള്ള മറെറതെങ്കിലും ആളോ ഒപ്പിട്ടുകൊടുത്തിട്ടുള്ളതോ, അയാൾക്കുവേണ്ടി ഒപ്പിട്ടുകൊടുക്കപ്പെട്ടിട്ടുള്ളതോ ആയ ഏതു കരണവും, 69-ാം വകുപ്പുപ്രകാരം തയ്യാറാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ, രജിസ്ട്രേഷനുവേണ്ടി ഹാജരാക്കപ്പെടാവുന്നതാണ്.

(3) ഈ വകുപ്പുപ്രകാരം ഏതെങ്കിലും കരണം രജിസ്റ്റർ ചെയ്യുന്നതിനായി സമർപ്പിക്കപ്പെട്ട രജിസ്റ്ററിംഗ് ആഫീസർക്ക്, തനിക്കു യുക്തമെന്നു തോന്നുന്ന പക്ഷം, ഏതെങ്കിലും ഗവണ്മെന്റു സെക്രട്ടറിയോടോ, (1)-ാം

ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഗവണ്മെൻറുദ്യോഗസ്ഥനോടോ, മററു ള്ളോടോ അതു സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനായി അഭിപ്രായം ചോദിക്കാവുന്നതും, അതിൻെറ നിർമ്മിതിയെ സംബന്ധിച്ച് ബോദ്ധ്യം വന്നാൽ, ടി കരാറും അങ്ങേരം രജിസ്റ്റർ ചെയ്യേണ്ടതുമാണ്"] *

89. ചില ഉത്തരവുകളും, സാക്ഷ്യപത്രങ്ങളും, കരാറുകളും ഇവയുടെ പകർപ്പുകൾ രജിസ്റ്ററിംഗ് ആഫീസറന്മാർക്ക് അയച്ച് ഫയൽ ചെയ്യണമെന്ന്:

(1) 1883-ലെ ഭൂപരിഷ്കരണ വായ്പ ആക്റ്റ് പ്രകാരം വായ്പ അനുവദിക്കുന്ന ഓരോ ഉദ്യോഗസ്ഥനും, ഏതു രജിസ്റ്ററിംഗ് ആഫീസറുടെ അധികാരത്തിൻെറ പ്രദേശാതിർത്തികളിലാണോ പരിഷ്കരിക്കപ്പെടേണ്ട ഭൂമി അഥവാ ചാർജ്ജ്യമായി അനുവദിക്കപ്പെടേണ്ട ഭൂമി മുഴുവനായോ ഭാഗികമായോ കിടക്കുന്നത്, ആ രജിസ്റ്ററിംഗ് ആഫീസർക്ക്, തൻെറ ഉത്തരവിൻെറ പകർപ്പ് അയച്ചുകൊടുക്കേണ്ടതും, ആ രജിസ്റ്ററിംഗ് ആഫീസർ ടി പകർപ്പ് തൻെറ 1-ാംനമ്പർ ബുക്കിൽ ഫയൽ ചെയ്യേണ്ടതുമാണ്.

(2) 1908-ലെ സിവിൽ നടപടിനിയമപ്രകാരം സ്ഥാവരവസ്തു വിൽക്കുന്നതിന് സർട്ടിഫിക്കററ് അനുവദിക്കുന്ന ഓരോ കോടതിയും, ഏതു രജിസ്റ്ററിംഗ് ആഫീസറുടെ അധികാരത്തിൻെറ തദ്ദേശാതിർത്തികളിലാണോ ആ സർട്ടിഫിക്കററിൽ അടങ്ങിയിരിക്കുന്ന സ്ഥാവരവസ്തു മുഴുവനായോ, ഭാഗികമായോ കിടക്കുന്നത് ആ രജിസ്റ്ററിംഗ് ആഫീസർക്ക്, ആ സർട്ടിഫിക്കററിൻെറ പകർപ്പ് അയച്ചുകൊടുക്കേണ്ടതും, ടി ആഫീസർ ആ പകർപ്പ് തൻെറ 1-ാംനമ്പർ ബുക്കിൽ ഫയൽ ചെയ്യേണ്ടതുമാണ്.

(3) 1884-ലെ കർഷക വായ്പ ആക്റ്റ്പ്രകാരം വായ്പ അനുവദിക്കുന്ന ഓരോ ഉദ്യോഗസ്ഥനും, ടി വായ്പ മടക്കിക്കിട്ടുന്നതിനുള്ള ഉറപ്പിലേയ്ക്ക് സ്ഥാവരവസ്തു പണയപ്പെടുത്തിട്ടുള്ള ഏതു കരണത്തിൻെറയും പകർപ്പും, ടി വായ്പ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ ആ കാര്യത്തിന് അപ്രകാരമുള്ള ഏതെങ്കിലും വസ്തു പണയപ്പെടുത്തിട്ടുണ്ടെങ്കി ആ ഉത്തരവിൻെറ പകർപ്പും, ഏതു രജിസ്റ്ററിംഗ് ആഫീസറുടെ അധികാരത്തിൻെറ തദ്ദേശാതിർത്തികളിലാണോ അപ്രകാരം പണയപ്പെടുത്തിയ വസ്തു മുഴുവനായോ, ഭാഗികമായോ കിടക്കുന്നത് ആ രജിസ്റ്ററിംഗ് ആഫീസർക്ക് അയച്ചുകൊടുക്കേണ്ടതും, ടി രജിസ്റ്ററിംഗ് ആഫീസർ സന്ദർഭാനുസരണം ആ പകർപ്പോ പകർപ്പുകളോ, തൻെറ 1-ാംനമ്പർ ബുക്കിൽ ഫയൽ ചെയ്യേണ്ടതുമാണ്.

(4) പൊതുലേലത്തിൽ വിൽക്കപ്പെട്ട സ്ഥാവരവസ്തു വില കൊടുത്തു വാങ്ങുന്ന ആളുകൾക്ക് വിക്രയസർട്ടിഫിക്കററ് അനുവദിച്ചുകൊടുക്കുന്ന ഓരോ റവന്യൂആഫീസറും, ടി സർട്ടിഫിക്കററിൻെറ പകർപ്പ്, ഏതു രജിസ്റ്ററിംഗ് ആഫീസറുടെ അധികാരത്തിൻെറ തദ്ദേശാതിർത്തികളിലാണോ ആ സർട്ടിഫിക്കററിൽ അടങ്ങിയിരിക്കുന്ന വസ്തു മുഴുവനാ

* 1948-ലെ 39-ാം ആക്റ്റ്, 5-ാം വകുപ്പ് മുഖേന ചേർക്കപ്പെട്ടത്.

യോ, ഭാഗികമായോ കീടമെന്നത് ആ രജിസ്റ്ററിംഗ് ആഫീസർക്ക് അയച്ചു കൊടുക്കേണ്ടതും, ടി ആഫീസർ ആ പകർപ്പ് തന്റെ I-ാം നമ്പർ ബുക്കിൽ ഫയൽ ചെയ്യേണ്ടതുമാണ്.

## ആക്ടിൽ നിന്നുള്ള ഒഴിവാക്കൽ.

90. ഗവണ്മെന്റിനാലോ [illegible] യോ ഒപ്പിട്ടുകൊടുക്കപ്പെടുന്ന ചില ആധാരങ്ങളുടെ ഒഴിവാക്കൽ :—(1) ഈ ആക്ടിലോ, 1877-ലെ ഇന്ഡ്യൻ രജിസ്ട്രേഷൻ ആക്ടിലോ, 1871-ലെ ഇൻഡ്യൻ രജിസ്ട്രേഷൻ ആക്ടിലോ അഥവാ, അതുവഴി റദ്ദാക്കപ്പെട്ട ഏതെങ്കിലും ആക്ടിലോ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ, താഴെ പറയുന്ന ആധാരങ്ങളിലോ പടങ്ങളിലോ ഏതും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ആവശ്യപ്പെടുന്നതായോ, എപ്പോഴെങ്കിലും ആവശ്യപ്പെട്ടിട്ടുള്ളതായോ വിചാരിക്കേണ്ടതില്ല, അതായത്:—

(എ) ഭൂനികുതി കണക്കാക്കുന്നതിലോ, ആ കണക്ക് പുതുക്കുന്നതിലോ ഏർപ്പെട്ടിട്ടുള്ള വല്ല ഉദ്യോഗസ്ഥനും കൊടുത്തിട്ടുള്ളതോ, കൈപ്പറ്റിയിട്ടുള്ളതോ, സാക്ഷ്യപ്പെടുത്തിട്ടുള്ളതോ ആയതും, അപ്രകാരം കണക്കാക്കുന്നതിനുള്ള റിക്കാർഡുകളുടെ ഭാഗമായുള്ളതുമായ ആധാരങ്ങൾ, അഥവാ

(ബി) വല്ല ഭൂമിയേയും സർവ്വേ ചെയ്യുന്നതിലോ, സർവ്വേ ചെയ്തതിനെ പുതുക്കുന്നതിലോ ഗവണ്മെൻറിനുവേണ്ടി ഏർപ്പെട്ടിട്ടുള്ള വല്ല ഉദ്യോഗസ്ഥനും കൊടുത്തിട്ടുള്ളതോ, കൈപ്പറ്റിയിട്ടുള്ളതോ, പ്രമാണീകരിച്ചിട്ടുള്ളതോ ആയതും, ആ സർവ്വേവക റിക്കാർഡിന്റെ ഭാഗമായുള്ളതുമായ ആധാരങ്ങളും, പടങ്ങളും, അഥവാ

(സി) തൽക്കാലം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം, ഏതെങ്കിലും റവന്യൂ ആഫീസിൽ പട്ടാവാരികളാലോ, വില്ലേജ് റിക്കാർഡ് തയാറാക്കുവാൻ ചുമതലപ്പെടുത്തിട്ടുള്ള മററുദ്യോഗസ്ഥന്മാരാലോ, നിശ്ചിതകാലങ്ങളിൽ ഫയൽ ചെയ്യപ്പെടുന്ന ആധാരങ്ങൾ അഥവാ

(ഡി) ഭൂമിയോ, ഭൂമിയിലുള്ള ഏതെങ്കിലും അവകാശമോ, ഗവണ്മെൻറിൽനിന്ന് ദാനമോ, ശീറോ നൽകുന്നതിനായിട്ടുള്ളതോ, നൽകിട്ടുള്ളതിനു തെളിവായി ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ സന്നദുകളും, ഇനാം അവകാശപത്രങ്ങളും, മററാധാരങ്ങളും, അഥവാ

(ഇ) കൈവശക്കാർ കൈവശത്തെയോ, അന്യാധീനപ്പെടുത്തപ്പെട്ട വസ്തുവിന്റെ കൈവശക്കാർ അത്തരം വസ്തുവിനെയോ വിട്ടുകൊടുക്കുന്നതിനെ പററി, 1879-ലെ ബോംബെ ഭൂനികുതിനിയമം, 74-ാം വകുപ്പോ, 76-ാം വകുപ്പോ പ്രകാരം നൽകപ്പെട്ടിട്ടുള്ള നോട്ടീസുകൾ.

(2) 48, 49 ഈ വകുപ്പുകളുടെ കാര്യങ്ങൾക്ക്, അപ്രകാരമുള്ള എല്ലാ ആധാരങ്ങളും, പടങ്ങളും ഈ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ചായിരുന്നുവെന്നും, അപ്രകാരമാണ് രജിസ്റ്റർ ചെയ്യപ്പെട്ടതെന്നും കണക്കാക്കപ്പെടുന്നതാണ്.

91. അപ്രകാരമുള്ള ആധാരങ്ങളുടെ പരിശോധനയും, പകർപ്പുകളും:—20-ാംവകുപ്പ് (എ) (ബി) (സി) (ഇ) എന്നീ ഖണ്ഡങ്ങളിൽ പറയപ്പെട്ടിട്ടുള്ള എ[illegible]ല്ലാ ആധാരങ്ങളും പടങ്ങളും, (ഡി) ഖണ്ഡത്തിൽ പറയപ്പെട്ടിട്ടുള്ള [illegible]ാരങ്ങളുടെ എല്ലാ രജിസ്റ്ററുകളും, അവ പരിശോധിക്കുവാൻ അ[illegible]ിക്കുന്ന ഏതാളുടേയും പരിശോധനയ്ക്കു, ഇതുസംബന്ധിച്ച് [സംസ്ഥാ[illegible]വണ്മെൻറ്] നിർണ്ണയിക്കാവുന്ന ചട്ടങ്ങൾക്കും നിർണ്ണയിക്കാവുന്ന ഫ[illegible]സ് മുൻകൂട്ടി അടയ്ക്കുക എന്ന കർത്തവ്യത്തിനും വിധേയമായി കൊടുക്ക[illegible]പ്പെടുന്നതും, അപ്രകാരമുള്ള ആധാരങ്ങളുടെ പകർപ്പുകൾ, അവയ്ക്കുവേണ്ട[illegible] അപേക്ഷിക്കുന്ന എല്ലാവക്കും മേൽപ്പറഞ്ഞവയ്ക്കു വിധേയമാക്കി നൽകപ്പെടേണ്ടതുമാണ്.

92. [ബർമ്മാ രജിസ്ട്രേഷൻ ചട്ടങ്ങൾ സ്ഥിരപ്പെടുത്തി]-1937-ലെ എ. ഒ. പ്രകാരം നീക്കം ചെയ്തു.

## റദ്ദാക്കലുകൾ.

93. [റദ്ദാക്കൽ.]

1938-ലെ റദ്ദാക്കൽ ആക്റ്റ് (1938-ലെ I), 2-ാംവകുപ്പും ഷെഡ്യൂളും മുഖേന റദ്ദാക്കപ്പെട്ടു.

ഷെഡ്യൂൾ:—[നിയമങ്ങളുടെ റദ്ദാക്കൽ]—1938-ലെ റദ്ദാക്കൽ ആക്റ്റ് (1938-ലെ I), 2-ാംവകുപ്പും, ഷെഡ്യൂളും മുഖേന റദ്ദാക്കപ്പെട്ടു.

(A true translation)

(Sd.)

*Assistant to the Head Translator in charge.*